വോള്യം – 8 ലക്കം – 150 മെയ് 2026 മലയാളം – ഇംഗ്ലീഷ്

www.filca.in
8089036090
filcakerala@gmail.com
News portal: www. keralapedia.com

# ഫിലിം വിഷൻ

DIGITAL FILM MAGAZINE PUBLISHED BY FILCA FILM SOCIETY TRIVANDRUM


FILCA FILM SOCIETY IN ASSOCIATION WITH JOINT COUNCIL, KX PHARMA, HLL LIFE CARE, CHALACHITHRA ACADEMY, BEAM FILM SOCIETY, AFSO, KERALA PEDIA NEWS, KERALA VISUAL ENCYCLOPAEDIA AND OTHER ORGANISATIONS

## ഓർമ്മകളുടെ ഓളങ്ങൾ ലോകസിനിമയിൽ

## ചലച്ചിത്രമേള 24 Sunday May, 2026

Joint Council Hall, Near Press club,Trivandrum

8.45 AM




WILD STRAWBERRIES
Ingmar Bergman

11.10 AM





EIGHT AND HALF
Federico Fellini

2.30 PM




LAST YEAR AT MARIENBAD
Alan Resnais

5.10 PM




MIRROR
Andrei Tarkovsky

## ലണ്ടൻ മലയാളി കൗൺസിൽ നോവൽ അവാർഡ് 2025

10.15 AM

FREE ENTRY TO ALL



ശ്രീ. സി. പി. ജോൺ
ബഹു. മന്ത്രി
അവാർഡ് ദാനം









ശ്രീ. പന്ന്യൻ രവീന്ദ്രൻ
എക്സ്.എം. പി
മുഖ്യപ്രഭാഷണം



ശ്രീ സാബു ശങ്കർ
(നോവലിസ്റ്റ്)



ശ്രീ. കെ. ജെ. ജോസ്മോൻ
(പ്രസി. കേരള ഡമോക്രാറ്റിക് പാർട്ടി), ആശംസ




ഡോ. ബി. രാധാകൃഷ്ണൻ
(പ്രസിഡന്റ് , ഫിൽക്ക)



ശ്രീ കരൂർ സോമൻ
(ലണ്ടൻ മലയാളി കൗൺസിൽ)

May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL




May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL
filca

# FILM VISION DIGITAL FILM MAGAZINE

## WHAT'S INSIDE MAY 2026

INDEX


1. കേരള വിഷ്വൽ എൻസൈക്ലോപീഡിയ: ഒന്നാം എപ്പിസോഡ് റിലീസ് ചെയ്തു. -ഡോ. ബി.രാധാകൃഷ്ണൻ (പ്രസിഡന്റ്,ഫിൽക്ക) 10



2. വേണം, കേരള ഫിലിം യൂണിവേഴ്സിറ്റി. – സാബു ശങ്കർ ( ഫിൽക്ക ) 13



3. വൈൽഡ് സ്ട്രോബറീസ്: ഓർമ്മകളുടെ കരുത്തിൽ ഏകാന്തത, മൃത്യുബോധം എന്നിവയെ അതിജീവിച്ച വൃദ്ധ ഭിഷഗ്വരൻ – ബോർഗ്. – ജോൺ തോമസ (ഫിൽക്ക) 16



4. കാട്ടുഞാവൽപ്പഴങ്ങൾ – (കവിത) – രാജാംബിക (ഫിൽക്ക ) 22



5. ഇംഗ്മർ ബർഗ്മാൻ –പി. എസ്. ജ്യോതിഷ്കുമാർ 26



6. സ്മൃതിതൻ കയത്തിലെ ആമ്പൽപ്പൂവ് ( 8 1/2 ) –ഡോ. പി . അജികുമാർ ( ഫിൽക്ക ) 31



7. ഫെഡറികോ ഫെല്ലിനി: സിനിമയിലെ കവി. –ലീലാമ്മ തോമസ് ( ഫിൽക്ക) 35




Website:www.filca.in Email:filcakerala@gmail.com

May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL
filca

# FILM VISION
# DIGITAL FILM MAGAZINE

## WHAT'S INSIDE MAY 2026

INDEX

8. പോയ വർഷം മരിയാനാബാദിൽ
– വിനോദ്കുമാർ . പി( ഫിൽക്ക ) 39



9. കലയിലും സൗന്ദര്യത്തിലും മാത്രം വിശ്വാസം: അലൻ റെനെ
– സുരേഷ് കുമാർ. സി. ( ബീം ഫിലിം സൊസൈറ്റി ) 41



10. മിറർ: കഴിഞ്ഞുപോയ കാലത്തെ തേടി.
– മെറിൽ. പി. എൽ ( ഫിൽക്ക ) 45



11. താർക്കോവ്സ്കി : ജീവിതപഥം , സിനിമയുടെ വ്യാകരണം.
ചലച്ചിത്രം – ഗിരിജ സുരേന്ദ്രൻ ( ഫിൽക്ക ) 61



12. ഷാജി എൻ കരുൺ അനുസ്മരണം , വീഡിയോഗ്രഫി ശിൽപശാല.
–(നിമിഷ ഹെലൻ (ഫിൽക്ക) 67



Website:www.filca.in Email:filcakerala@gmail.com


Innovating for Healthy Generations
HLL has traversed a long path, over the past five decades. From a modest condom manufacturer, HLL has emerged as one of India's foremost providers of quality & affordable healthcare products and services. From innovative Contraceptives to Hospital products, Diagnostic services to Retail Pharmacy, creating new-age Infrastructure to Social development initiatives, we are doing all it takes to keep the generations healthy.
HLL Lifecare Limited
(A Government of India Enterprise)
www.lifecarehll.com
Contraceptives | Hospital Products | Nutraceuticals | Personal Care Products | Diagnostic Services | Retail Pharmacy | Projects & Services

May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL
filca





എന്റെ കേരളം എന്നും സുന്ദരം
ലോകത്തെ കേരളം കാണിക്കൂ!
കേരളത്തിന്റെ ഭംഗി ലോകത്തെ അറിയിക്കാൻ കേരള ടൂറിസം വകുപ്പിനൊപ്പം നിങ്ങളും പങ്കുചേരൂ. സ്വന്തം നാടിന്റെ ഒരു വീഡിയോ തയ്യാറാക്കി നിങ്ങളുടെ സോഷ്യൽ മീഡിയ പേജിൽ #entekeralamennumsundaram എന്ന ഹാഷ്ടാഗിൽ കേരള ടൂറിസത്തിന്റെ ഔദ്യോഗിക ഫേസ്ബുക്ക്/ഇൻസ്റ്റഗ്രാം പേജ് ടാഗ് ചെയ്ത് (@keralatourism) അപ്‌ലോഡ് ചെയ്യൂ. തിരഞ്ഞെടുക്കുന്ന മികച്ച ദൃശ്യങ്ങൾ ടൂറിസം വകുപ്പിന്റെ ഔദ്യോഗിക മ്യൂസിക് വീഡിയോയിൽ ഉൾപ്പെടുത്തുന്നതാണ്.
Maitri.com
കേരള സർക്കാർ
kerala
God's Own Country

May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL
filca




ഓർമ്മകളുടെ ഓളങ്ങൾ
ലോകസിനിമയിൽ : ചലച്ചിത്രമേള
'ഓർമ്മ' യുടെ ഭാഷയെ ലോകസിനിമയിൽ ഉപയോഗിച്ചിട്ടുള്ള ഏറ്റവും ഉദാത്തമായ ചലച്ചിത്രസങ്കേതങ്ങൾക്ക് ഉദാഹരണങ്ങളാണ് ഈ പാക്കേജിൽ ഉള്ളത്. സിനിമ എന്ന കലാരൂപം എന്താണെന്ന് അന്വേഷിക്കുന്നവർക്ക് ഈ പാക്കേജിലെ സിനിമകൾ പ്രചോദനപ്രദം.
ഫിൽക്ക ഫിലിം സൊസൈറ്റി,
ജോയിന്റ് കൗൺസിൽ,
ചലച്ചിത്ര അക്കാദമി, ബീം ഫിലിം സൊസൈറ്റി
പ്രവേശനം സൗജന്യം
26 ഏപ്രിൽ 2026 | ഞായർ
ജോയിന്റ് കൗൺസിൽ ഹാൾ, പ്രസ് ക്ലബിന് സമീപം
8:45 AM
11:10 AM
2:30 PM
5.10 PM
MARIENBAD
THE MIRROR
10.15AM
ലണ്ടൻ മലയാളി കൗൺസിൽ
നോവൽ അവാർഡ് 2025
ശ്രീ. സി. പി. ജോൺ
ബഹു. മന്ത്രി
അവാർഡ് ദാനം
ശ്രീ. പന്ന്യൻ രവീന്ദ്രൻ
മുഖ്യപ്രഭാഷണം
ശ്രീ. സാബു ശങ്കർ
നോവലിസ്റ്റ്
ശ്രീ. കെ.ജെ. ജോസ്മോൻ
ആശംസകൾ
ഡോ. ബി. രാധാകൃഷ്ണൻ
ശ്രീ. കരൂർ സോമൻ
filcakerala@gmail.com
80 890 360 90
Film magazine @
www.filca.in

May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL



# കേരള വിഷ്വൽ എൻസൈക്ലോപീഡിയ: ഒന്നാം എപ്പിസോഡ് റിലീസ് ചെയ്തു.

**ഡോ. ബി. രാധാകൃഷ്ണൻ**
( പ്രസിഡന്റ്,
ഫിൽക്ക ഫിലിം സൊസൈറ്റി )

അറിവുകളുടെ ലോകത്താണ് നാം ജീവിക്കുന്നത്. ഒരു പൗരൻ അവന്റെ ചുറ്റുപാടിനെ കുറിച്ചും സാഹചര്യത്തെ കുറിച്ചും സമൂഹത്തെ കുറിച്ചും സാമാന്യ ധാരണ പുലർത്തുന്നവനായിരിക്കണം. എങ്കിൽ മാത്രമേ വ്യക്തിയും സമൂഹവും ലോകവും തമ്മിലുള്ള ബന്ധം സുദൃഢമാകൂ. കുറച്ചുകൂടി മികച്ച ധാരണ കൈവരിക്കാൻ ഗ്രന്ഥങ്ങൾ നമ്മെ സഹായിക്കുന്നു.

വിജ്ഞാനശേഖരം അടുക്കിയെടുത്ത് പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാനകോശങ്ങൾ ലൈബ്രറികളിൽ ലഭ്യമാണ്. എന്നാൽ ഈ ഡിജിറ്റൽ ലോകത്ത് കേരളത്തെ കുറിച്ചുള്ള ഒരു ദൃശ്യ വിജ്ഞാനകോശം നിലവിലില്ല. ഭാരിച്ച യത്നവുമാണത് . കോർപ്പറേഷൻ, മുൻസിപ്പാലിറ്റി , പഞ്ചായത്ത് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി കേരളത്തെ തിരിച്ച്, ഓരോ പ്രദേശത്തെയും കുറിച്ച് നാൽപ്പത്തിലേറെ വിഷയങ്ങൾ പരിശോധിച്ച് സംഭരിക്കുന്ന വിജ്ഞാനം ചിത്രീകരിച്ച് , ഓരോ എപ്പിസോഡുകളാക്കുക എന്നതാണ് കേരള വിഷ്വൽ എൻസൈക്ലോപീഡിയ പദ്ധതി.

25-ാ വാർഷികം ആഘോഷിക്കുന്ന ഫിൽക്ക ഫിലിം സൊസൈറ്റി ഈ ഗവേഷണ ഡോക്യുമെന്ററി പരമ്പരയുടെ പ്രവർത്തനങ്ങൾ ഏകോപിക്കുന്നു.

23 വർഷം മുൻപ് ജീവൻ ടിവി ആരംഭിക്കുമ്പോൾ, നമ്മുടെ പഞ്ചായത്തുകൾ എന്ന പ്രോഗ്രാം ഏതാണ്ട് ഒരു വർഷക്കാലം സംപ്രേഷണം ചെയ്തിരുന്നു . അതൊരു കൗതുകകരമായ കാഴ്ചയായിരുന്നു. കാണികൾ മെല്ലെ വർധിച്ചു വരികയും ചെയ്തു. ആ പരമ്പര നിർമ്മിച്ച സൗപർണിക പ്രൊഡക്ഷൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി സഹകരിച്ചാണ് ഫിൽക്ക ഫിലിം സൊസൈറ്റി ഈ പരമ്പര തയ്യാറാക്കുന്നത്.

കേരള പീഡിയ ന്യൂസ് ചാനലിൽ സംപ്രേഷണം ചെയ്യുന്നു എന്നത് മാത്രമല്ല 5 വർഷം ലോകമലയാളികൾക്കായി സൂക്ഷിക്കുകയും ചെയ്യുന്നു.

ഒട്ടേറെ തയ്യാറെടുപ്പുകൾക്ക് ശേഷമാണ് ഈ പരമ്പര ആരംഭിച്ചത്. കോവിഡിന് മുൻപ് ഒരു സാമ്പിൾ എപ്പിസോഡ് എന്ന നിലയിൽ വട്ടിയൂർക്കാവ് വാർഡിനെ കുറിച്ച് ഒരു ഡോക്യുമെന്ററി ഫിലിം എപ്പിസോഡ് തയ്യാറാക്കിയിരുന്നു. അത് യൂട്യൂബിൽ ലഭ്യമാണ്. വട്ടിയൂർക്കാവ് ഡോക്യുമെന്ററി ഫിലിം എന്ന് യുട്യൂബിൽ തിരഞ്ഞാൽ കാണാം.

ഓരോ പ്രദേശത്തുമുള്ള വാണിജ്യ വ്യവസായ സ്ഥാപനങ്ങളുടെ പ്രചരണത്തിനും ഉയർച്ചയ്ക്കും വേണ്ടി ഓരോ സ്പോട്ട് പരസ്യം (10 സെക്കൻഡ്) ഡോക്യുമെന്ററിയിൽ ഉൾപ്പെടുത്തുന്നു. ആവശ്യം ഉള്ളവർക്ക് ബിസിനസ് കവറേജ് നൽകുന്നു. ഇതിൽ പ്രവർത്തിക്കുന്നവർക്ക് ന്യായമായ പ്രതിഫലം ഉടനെ ലഭിക്കും .

സ്വതന്ത്ര മാധ്യമ പ്രവർത്തകർ, സീനിയർ സിറ്റിസൺസ്, വീട്ടമ്മമാർ , പൊതുപ്രവർത്തകർ , റിട്ടയേർഡ് അധ്യാപകർ,മീഡിയ - ജേർണലിസം - മാസ് കമ്മ്യൂണിക്കേഷൻ വിദ്യാർത്ഥികൾ , ഫിലിം സൊസൈറ്റി -



ലൈബ്രറി പ്രവർത്തകർ അങ്ങനെ ഒട്ടേറെ പേർക്ക് വിവിധ ജില്ലകളിലായി മാധ്യമ രംഗത്ത് തൊഴിലവസരവും സൃഷ്ടിക്കുന്നു.

ഗവേഷണ രംഗത്തും മാർക്കറ്റിംഗ് വിഭാഗത്തിലും സാങ്കേതിക കാര്യങ്ങളിലും പരിശീലനം നേടിയവർക്ക് കേരള പീഡിയ ന്യൂസിന്റെ എപ്പിസോഡ് ഡയറക്ടർമാർ വരെ ആകാം. 5 വർഷം കഴിയുമ്പോൾ ഓരോ എപ്പിസോഡും പുതുക്കുന്നതിനാൽ തൊഴിലവസരം സുസ്ഥിരമാണ്. ഓരോ വാർഡിനെയും കുറിച്ചുമുള്ള വിവരങ്ങൾ കൗൺസിലർ അടക്കം ഏതാനും പ്രധാന വ്യക്തികളിൽ നിന്ന് ശേഖരിക്കുക, അത് സ്ക്രിപ്റ്റ് രൂപത്തിലാക്കുക , തുടർന്ന് ഷൂട്ട് ചെയ്യുക. സ്പോൺസർമാർക്ക് പരസ്യചിത്രവും ഇളവുകളോടെ ഷൂട്ട് ടീം ചെയ്തു കൊടുക്കുന്നു. 5 വർഷം സൗജന്യമായി ഡോക്യുമെന്ററിയിൽ ഉൾപ്പെടുത്തി സൂക്ഷിക്കുന്നു.

കേരള വിഷൽ എൻസൈക്ലോപീഡിയായുടെ ഓരോ എപ്പിസോഡും കേരള പീഡിയ ന്യൂസ് ചാനലിൽ എപ്പോഴും നിലനിർത്തും . ഒരു സംസ്ഥാനത്തെ കുറിച്ചുള്ള ഡിജിറ്റൽ ദൃശ്യ വിജ്ഞാന കോശം ഇന്ത്യയിൽ തന്നെ ആദ്യമായിട്ടാണ്. ഈ പ്രോഗ്രാം ഓൺലൈനിൽ ഫോണിൽ പോലും ആർക്കും എവിടെയും എപ്പോഴും സൗകര്യപൂർവ്വം കാണാൻ കഴിയും. ഗവേഷകർക്കും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പൊതുപ്രവർത്തകർക്കും വീട്ടമ്മമാർക്കും മാധ്യമ പ്രവർത്തകർക്കും ഇതൊരു റഫറൻസ് പ്രോഗ്രാം കൂടിയാണ്. ഓരോ എപ്പിസോഡിലൂടെയും നമ്മുടെ കേരളത്തിലെ ഓരോ പ്രദേശത്തെയും കാണുവാനും അറിയുവാനും സാധിക്കും. നവംബറിൽ ശംഖുമുഖത്ത് വെച്ച് സ്വിച്ച് ഓൺ കർമ്മം നിർവഹിച്ച ഈ മാധ്യമ സംരംഭത്തിന്റെ ഒന്നാമത്തെ എപ്പിസോഡ്

റിലീസ് ചെയ്തു. തിരുവനന്തപുരം കോർപറേഷനിലെ ശംഖുംമുഖം , എയർപോർട്ട് , കടൽപ്പാലം, ആരാധനാലയങ്ങൾ തുടങ്ങിയവ സ്ഥിതിചെയ്യുന്ന വലിയതുറ വാർഡ് ഡോക്യുമെന്ററി ഫിലിം കേരള പീഡിയ യൂട്യൂബ് ചാനലിൽ കാണാം. www.keralapedia.com.

തിരുവനന്തപുരം കോർപറേഷൻ മേയർ , വാർഡ് കൗൺസിലർ, വിവിധ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പ്രതിനിധികൾ, പ്രമുഖ ചരിത്രകാരന്മാർ തുടങ്ങിയവർ ചിത്രീകരണത്തിൽ പങ്കെടുത്തു. ഒരു പ്രദേശത്തെ പ്രധാന കാര്യങ്ങൾ കുറഞ്ഞ സമയം കൊണ്ട് ചിത്രീകരിച്ചിട്ടുണ്ട്. വിജ്ഞാനപ്രദവും കൗതുകകരവുമായ കാഴ്ചകൾ ഈ എപ്പിസോഡിൽ ഉണ്ട്. ലോക മലയാളി സമൂഹത്തിന് ഈ ബൃഹദ് പരമ്പരയിലെ ഓരോ എപ്പിസോഡും അവിസ്മരണീയമായിരിക്കും .

ഈ ഡിജിറ്റൽ വിജ്ഞാനകോശ നിർമ്മാണ സംരംഭത്തിൽ പങ്കെടുക്കാൻ താൽപ്പര്യം ഉള്ളവർക്ക് സൗജന്യ പരിശീലനം നൽകുന്നതാണ്. പ്രവർത്തകർക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ഇല്ല. ബോണ്ട് ഇല്ല. സാമ്പത്തിക മാധ്യമ സ്ഥാപനത്തിന്റെ റിപ്പോർട്ടർ ഐഡി കാർഡ് പ്രവർത്തകർക്ക് നൽകുന്നതാണ്.

ഭൂമിശാസ്ത്രം, പ്രകൃതി പ്രത്യേകതകൾ, സസ്യ ജൈവ വൈവിധ്യ സമ്പത്ത്,വാർഡിന്റെ/ പഞ്ചായത്തിന്റെ അതിർത്തി, ജനങ്ങൾ, ജനസംഖ്യ , ചരിത്രം, സ്മാരകങ്ങൾ, പുരാവസ്തുക്കൾ , ചരിത്ര സംഭവങ്ങൾ, ചരിത്ര പുരുഷന്മാർ, കാർഷികം , മറ്റ് ഉൽപാദന മേഖലകൾ, ഗതാഗതം, സാംസ്കാരികം, സാഹിത്യ - ചലച്ചിത്ര - സംഗീത വിഭാഗങ്ങൾ , ലൈബ്രറികൾ , കലാസംഘടനകൾ, പ്രതിഭകൾ, കലാരൂപങ്ങൾ, കരകൗശല - കായിക-വിദ്യാഭ്യാസ- ആരോഗ്യ രംഗങ്ങൾ, തൊഴിൽ മേഖലകൾ , വാണിജ്യ- വ്യവസായ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, എം.എൽ.എ, കൗൺസിലർ, പ്രസിഡന്റ്, പ്രമുഖ വ്യക്തികൾ, ആരാധനാലയങ്ങൾ, അനുഷ്ഠാനങ്ങൾ, ശാസ്ത്ര - സാങ്കേതിക സ്ഥാപനങ്ങൾ , ടൂറിസം , സഹകരണ മേഖല , വിവിധ പദ്ധതികൾ , ജനകീയ സമിതികൾ, നിർമ്മിതികൾ , പരിസ്ഥിതി, ആവാസ വ്യവസ്ഥ, സമ്പദ്ഘടന തുടങ്ങി നാൽപ്പതോളം വിഷയങ്ങൾ പഠിച്ചാണ് ആധികാരികമായി സ്ക്രിപ്റ്റ് തയ്യാറാക്കി ചിത്രീകരണം നടത്തുക.



May Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

WAVES OF MEMORIES FILM FESTIVAL



# വേണം, കേരള ഫിലിം യൂണിവേഴ്സിറ്റി

**സാബു ശങ്കർ**
(നോവലിസ്റ്റ് , ഫിലിം റൈറ്റർ , സംവിധായകൻ)

**കേരളത്തിന് ഒരു ചലച്ചിത്ര സർവ്വകലാശാല ആവശ്യമാണോ ?**

വിജ്ഞാന സമഗ്രതയിൽ പങ്കുചേർന്ന് അറിവിലൂടെ വളരുക എന്നതാണ് യൂണിവേഴ്സിറ്റി സങ്കല്പം. അതിൽ ഗവേഷകരും വിജ്ഞാന ദാതാക്കളും വിദ്യ അർത്ഥിക്കുന്നവരും ഒന്നുചേരുന്നു . മൂന്നോ നാലോ വർഷം പരിമിതമായ സിലബസ് പ്രകാരം പരീക്ഷ എഴുതാൻ ഏതാനും പുസ്തകങ്ങൾ കാണാപ്പാഠം പഠിച്ചു നേടുന്ന സർട്ടിഫിക്കറ്റ് കൊണ്ട് കേവലം ക്ലെറിക്കൽ ജോലി കരസ്ഥമാക്കാനുള്ള ഒരു ഏജൻസിയല്ല സർവ്വകലാശാല .

ലോക യാഥാർഥ്യങ്ങളെയും ഭൗതിക സത്യങ്ങളെയും ദർശിക്കാനുള്ള കവാടമാണ് യൂണിവേഴ്സിറ്റി . അതിൽ പ്രവേശിച്ച് മനുഷ്യൻ വ്യക്തിത്വം നേടുന്നു . സ്വതന്ത്രവും ബോധപരവുമായ അനുഭവത്തിലൂടെ സാമൂഹിക പങ്കാളിത്തം അർത്ഥവത്താക്കുന്നു. ഇതാണ് സാക്ഷരതയുടെ സമകാലിക പാഠഭേദം. ഈ പാഠഭേദം ഉൾക്കൊള്ളുന്നില്ലെങ്കിൽ യൂണിവേഴ്സിറ്റി എന്നത് തൊഴിൽ പരിശീലനത്തിനുള്ള ഒരു കൂട്ടം കെട്ടിടങ്ങൾ മാത്രമാവും .

സർവകലാശാല എന്നതിൽ സർവ്വകലകളും ഉൾപ്പെടുന്നതുപോലെ ചലച്ചിത്രകലയിൽ എല്ലാ കലാരൂപങ്ങളും ഉൾപ്പെടുന്നു. അതിലുപരി ചലച്ചിത്രഭാഷയുടേതായൊരു രൂപിമവും ( Morphemes ) സ്വനിമവും ( Phonemes ) കൂടി കൈവരിച്ച് സ്വതന്ത്രമായൊരു വ്യാകരണം സ്ഥാപിച്ചെടുക്കുന്നു . ലോകസിനിമയുടെ ചരിത്രത്തിൽ നിന്ന് നാം കണ്ടെടുക്കുന്ന തിരിച്ചറിവാണിത് . സാംസ്കാരിക ഗ്രഹണക്ഷമതയിലും ആശയ വിനിമയത്തിന്റെ വിശാലതയിലും സിനിമ എന്ന ക്ലാസിക് കലാരൂപം ഏറ്റവും ഉന്നത തലത്തിലാണ് .

May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL




ചലച്ചിത്രം തുടക്കം മുതൽക്കേ പല തരത്തിലും ഉപയോഗിക്കപ്പെട്ടു തുടങ്ങിയിരുന്നു . എന്നാൽ അതൊരു സാംസ്കാരിക ബോധത്തിന്റെയും കാവ്യ സൗന്ദര്യത്തിന്റെയും രൂപവ്യാപ്തി കൈവരിച്ചത് സമാന്തര പാതയിലൂടെയാണ് . അതിനെ നാം ഫിലിം ക്ലാസിക്കുകൾ എന്ന് വിളിക്കുന്നു . ഒരു സമൂഹത്തിൽ ഈ ക്ലാസിക്ക് ചലച്ചിത്ര ധാര മനുഷ്യബോധത്തിന്റെ ഉന്നതമായ പ്രകാശനമാണ് . സാമൂഹിക യാഥാർഥ്യത്തിന്റെ, വൈവിധ്യത്തിന്റെ , കലാപരമായ പ്രതിഫലനമാണ് . ഈ പ്രതിഫലന രൂപിമവുമായാണ് സമൂഹത്തിലെ ഓരോ പൗരനും തിരിച്ചറിവ് സമ്പാദിക്കുന്നത് . ഇതര വാർത്താമാധ്യമങ്ങൾ സംഭവങ്ങളെ പ്രചരിപ്പിക്കുന്നു എന്നതിനപ്പുറം ആശയങ്ങൾ പ്രചരിപ്പിക്കുന്നില്ല. ലേഖനങ്ങളും പ്രബന്ധങ്ങളും പ്രസിദ്ധീകരിക്കുന്ന മാധ്യമങ്ങൾ വൈവിധ്യമാർന്ന വിഷയങ്ങളെ കുറിച്ചുള്ള അറിവ് പകരുന്നുണ്ട് . എന്നാൽ സൗന്ദര്യാനുഭൂതി പകരുന്നില്ല . കലാരൂപങ്ങളിലെ ഉള്ളടക്കവും അതിന്റെ ശില്പഘടനയും സമൂഹത്തെ ഏറെ സ്വാധീനിക്കുന്നു . അതുകൊണ്ടു തന്നെ ഉത്തമമായ കലാരൂപങ്ങൾ പ്രസക്തമായി എന്നും നിലനിൽക്കുന്നു.

കാലത്തിനപ്പുറം നിലനിൽക്കുന്ന കലാസൃഷ്ടികളാണ് ക്ളാസിക്കുകൾ . ഓരോ രാജ്യത്തും സൃഷ്ടിക്കപ്പെടുന്ന ചലച്ചിത്ര ക്ളാസിക്കുകൾ പൊതുജനധാരയിൽ വേണ്ടത്ര പ്രചരിക്കുന്നില്ല . കാരണം സമൂഹത്തിലെ ഗ്രഹണക്ഷമതയുടെ , ആസ്വാദന നിലവാരത്തിന്റെ പ്രശ്നമാണ് .അവയെ അവതരിപ്പിക്കാനുള്ള സൗകര്യത്തിന്റെ പ്രശ്നമാണ് . ഇങ്ങനെ ചിന്തിക്കുമ്പോൾ സമൂഹത്തെ യഥാർത്ഥ ക്ളാസ്സിക് സിനിമയുമായി ബന്ധിപ്പിക്കുന്ന ഫിലിം സൊസൈറ്റികൾ നിർവഹിക്കുന്ന പങ്ക് സുപ്രധാനമാണ്. ഈ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിലൂടെയാണ് ഇന്ത്യയിലും വിദേശത്തും കേരളത്തിന് അഭിമാനകരമായ ചലച്ചിത്ര സൃഷ്ടികൾ ഒരുക്കാനായത് .



May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL



ലോകത്തെ തിരിച്ചറിയാനും കാഴ്ചയിലൂടെ ഏറെ ധാരണ നേടാനും ചിന്താപരമായ സിദ്ധികൾ കൈവരിക്കാനും വിശ്വസാഹിത്യ - വിശ്വചിത്രകലാ ക്ലാസ്സിക്കുകൾ ആസ്വദിക്കുന്നതിലൂടെ സാധിക്കുന്നു. അതിനേക്കാൾ ഉപരിയായി, വൈവിധ്യമാർന്ന വിഷയങ്ങൾ നൂതനമായ ശൈലിയിൽ അവതരിപ്പിക്കുന്ന ചലച്ചിത്ര ക്ലാസ്സിക്കുകൾ ഉൾക്കൊള്ളുന്നതിലൂടെ സാധിക്കുന്നതിനാൽ ഒരു സമൂഹത്തിന്റെ സാംസ്കാരിക - ബൗദ്ധിക ശ്രേണിയിൽ പ്രഥമസ്ഥാനം തന്നെയാണ് ചലച്ചിത്രകലയ്ക്കും ചലച്ചിത്രകലാ സൃഷ്ടികൾക്കും ഉള്ളത് . അതുകൊണ്ട് ഒരു ചലച്ചിത്ര സർവ്വ കലാശാല ഉണ്ടാവേണ്ടത് കേരളത്തിന് ആവശ്യമാണ്. പലവിധ സാധ്യതകളിലൂടെ സാമ്പത്തിക സ്വയംപര്യാപ്തത സൂക്ഷിക്കാനും ചലച്ചിത്ര യൂണിവേഴ്സിറ്റിക്ക് കഴിയും .

ഫിലിം സൊസൈറ്റികൾ , പ്രതിമാസ പ്രദർശനങ്ങൾ , മലയാള ഭാഷയിലുള്ള ശീർഷകങ്ങൾ, രാജ്യാന്തര ഫിലിം ഫെസ്റ്റിവലുകൾ , ചലച്ചിത്ര അക്കാദമി, ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ, ഒ.റ്റി.റ്റി വിദേശ ചലച്ചിത്ര പ്രതിഭകളെ പരിചയപ്പെടുത്തൽ , ചലച്ചിത്ര സാഹിത്യം , നിരൂപണം , പഠനം , ഗവേഷണം , ചലച്ചിത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ , ചലച്ചിത്ര പ്രസിദ്ധീകരണങ്ങൾ , ഫിലിം സൊസൈറ്റി കളുടെ ചലച്ചിത്ര നിർമ്മാണ പ്രവർത്തനങ്ങൾ , ഫെസ്റ്റിവൽ മാർക്കറ്റിങ് മാർഗനിർദേശങ്ങൾ , വിദേശ ഭാഷകളിലുള്ള ശീർഷകങ്ങൾ , ഫിലിം സൊസൈറ്റികളുടെ നിലനിൽപ്പിനായി സാംസ്കാരിക വകുപ്പ് നൽകി വരുന്ന അമ്പത് ലക്ഷം രൂപയുടെ ശരിയായ വിനിയോഗം , ഫിലിം ആർക്കൈവ് , ഫിലിം സൊസൈറ്റി പ്രവർത്തകർക്ക് പെൻഷൻ & ഇൻഷുറൻസ്, അന്തർദേശീയ ആശയ വിനിമയം തുടങ്ങിയവ ഏകോപിപ്പിക്കാനും ക്രമീകരിക്കാനും വേണം , ഒരു കേരള ഫിലിം യൂണിവേഴ്സിറ്റി .



May Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

WAVES OF MEMORIES FILM FESTIVAL




# വൈൽഡ് സ്ട്രോബറീസ്...

## ഓർമ്മകളുടെ കരുത്തിൽ ഏകാന്തത,മൃത്യുബോധം എന്നിവയെ അതിജീവിച്ച വൃദ്ധ ഭിഷഗ്വരൻ ബോർഗ്



**ജോൺ തോമസ്**
(ഫിൽക്ക)



പേരെടുത്ത ബാക്ടീരിയോളജിസ്റ്റ് 78 കാരനായ ഐസക് ബോർഗ് ആണ് 1957 ൽ പുറത്തിറങ്ങിയ വിഖ്യാത മായ ഇങ്മാർ ബർഗ്മാൻ സിനിമ 'വൈൽഡ് സ്ട്രോബറീസി'ലെ കേന്ദ്ര കഥാപാത്രം. വൈദ്യശാസ്ത്ര മേഖലയിൽ 50 വർഷം പിന്നിട്ട അദ്ദേഹത്തെ സ്വീഡനിലെ ലുണ്ട് സർവ്വകലാശാല ആദരിക്കുന്ന ചടങ്ങിൽ പങ്കെടുക്കുവാൻ സ്റ്റോക്ക് ഹോമിൽ നിന്നും സർവ്വകലാശാല ആസ്ഥാനത്തേക്കുള്ള ഒരു ദിവസത്തെ ഏതാനും മണിക്കൂർ നീണ്ടുനിൽക്കുന്ന യാത്രയിലാണ് സിനിമ യ്ക്ക് ആധാരമായ സംഭവങ്ങൾ നടക്കുന്നത്.

വൈദ്യശാസ്ത്ര മേഖലയിലെ ഗവേഷണ ത്തിനു വേണ്ടി ഉഴിഞ്ഞു വച്ച ജീവിതമായി രുന്നതിനാൽ ആൾക്കാരുടെ പ്രത്യേകി ച്ചും വീട്ടുകാരുടെ വികാരവിചാരങ്ങളിൽ പോലും പങ്കെടുക്കാതെ അവരെ തന്നിൽ നിന്നും അകറ്റിനിർത്തുന്ന സ്വഭാവമായിരുന്നു തന്റേതെന്ന് സിനിമയുടെ തുടക്കത്തിൽ ആത്മഭാഷണം എന്ന രൂപേണ ബോർഗ് പറയുന്നുണ്ട്.

ഭാര്യയുടെ മരണശേഷം ബോർഗിന്റെ ജീവിതത്തിലേക്ക് സഹായിയും കൂട്ടാളിയും അടുക്കളക്കാരിയും ഒക്കെയായി കടന്നു വന്ന , ആ വീട്ടിലെ ഹൗസ് കീപ്പർ ആയി



May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL
filca



40 വർഷമായി ജോലി നോക്കുന്ന അഗദ എന്ന സ്ത്രീയെയാണ് തുടക്കത്തിൽ കാണുന്നത്. തന്റെ യജമാനൻ ബഹുമാനിതനാകുന്ന ചടങ്ങിൽ പങ്കെടുക്കുവാൻ അതിയായ ആഗ്രഹിച്ച് അതിനു വേണ്ട മുന്നൊരുക്കങ്ങൾ നടത്തിയ അഗദയോട് തനിക്ക് വഴിയിൽ ചില കാര്യങ്ങൾ ഉള്ളതിനാൽ താൻ കാറിലാണ് പോകുന്നതെന്നും നിനക്ക് വേണമെങ്കിൽ മറ്റാരുടെയെങ്കിലും വാഹനത്തിലോ ഫ്ലൈറ്റിലോ വരാനും അയാൾ പറയുന്നു. അവരോട് മിക്കപ്പോഴും തണുപ്പൻ സമീപനം കൈക്കൊള്ളുന്ന ബോർഗ് ഇടയ്ക്കൊക്കെ ശൺഠ കൂടുന്നതും കാണാം.

എന്നാൽ യാത്രയ്ക്കുള്ള പെട്ടി തയ്യാറാക്കുന്നത് മുതൽ വസ്ത്രധാരണം, ഭക്ഷണ ശേഷം മരുന്ന് കഴിച്ച് ഉറങ്ങാൻ പോകുന്നത് വരെ അഗദയുടെ സേവനം ബോർഗിനു വേണം താനും. തന്റെ കാര്യങ്ങളിൽ അതീവ താല്പര്യം എടുക്കുന്ന അഗദയോട് 'നീ എന്റെ ഭാര്യയല്ല എന്ന് ഓർമ്മ വേണമെന്ന്', ബോർഗ് പറയുന്നുണ്ട്. 'നിങ്ങളെപ്പോലെ സ്വാർത്ഥനായ ഒരാളെ വിവാഹം ചെയ്യാതിരുന്നത് എത്ര നന്നായി' എന്ന് അഗദയും തിരിച്ചടിക്കുന്നു.

വർത്തമാനകാല സംഭവങ്ങളോട് ചേരുന്ന തരത്തിൽ സ്വപ്നം ,ഓർമ്മ എന്നിവയൊക്കെ ബോധധാരാ സമ്പ്രദായത്തിൽ ഇട കലർത്തിയാണ് ഈ മഹത്തായ സിനിമ നിർമ്മിച്ചിരിക്കുന്നത്.

പുലർച്ചെ ഉണരുന്നതിന് തൊട്ടു മുൻപ് ബോർഗ് കാണുന്ന ഒരു സ്വപ്ന രംഗത്തോടെയാണ് സിനിമ ബോർഗിന്റെ ജീവിതത്തിലേക്ക് കടക്കുന്നത്. വിജനമായ തെരുവിലൂടെയുള്ള പ്രഭാതനടത്തത്തിൽ സൂചികൾ ഇല്ലാത്ത തെരുവിലെ ക്ലോക്കിലേക്കും അതോടൊപ്പം സൂചികൾ നഷ്ടപ്പെട്ട തന്റെ വാച്ചിലേക്കും അയാൾ അമ്പരന്ന് നോക്കുന്നു.

ഭയം ജനിപ്പിക്കുന്ന വിജനമായ ആ തെരുവിൽ ആകെ കണ്ട മനുഷ്യനെ തൊടുമ്പോൾ അതൊരു മൃതശരീരം ആണെന്ന് വരുന്നു. അത് താഴെ വീണ് പൊട്ടി ചോര ഒഴുകുന്നു... ഒറ്റക്കുതിര വലിക്കുന്ന വണ്ടിയുടെ ചക്രം അകന്നു മാറി വണ്ടിയിൽ ഉണ്ടായിരുന്ന ശവപ്പെട്ടിയിൽ നിന്നും ബോർഗിനെ പോലെ മുഖമുള്ള ശവം അയാളെ അതിലേക്ക് പിടിച്ചു വലിക്കുന്നു....

ഇവയൊക്കെ നായക കഥാപാത്രത്തിന്റെ ഏകാന്തത, മൃത്യുബോധം എന്നിവയെ ദ്യോതിപ്പിക്കുന്ന ലോക സിനിമയിലെ ക്ലാസിക് രംഗങ്ങളാണ്.





കൊണ്ടിരിക്കുന്ന കുടുംബാന്തരീക്ഷമാണ് അവരുടേതെന്ന് ബോർഗ് തിരിച്ചറിയുന്നു. ഈ യാത്രയിൽ ബോർഗിന് ഒരു ഉദ്ദേശ്യം ഉണ്ടായിരുന്നു. തങ്ങളുടെ കുടുംബം വേനൽക്കാലം ചെലവഴിച്ചിരുന്ന നദീതീരത്തുള്ള ഗ്രാമീണ വസതി, അതിന്റെ പരിസരം ഒക്കെ കാണുക എന്നത്.

മരിയനെയും ഒപ്പം കൂട്ടി കാർ അവിടെക്ക് തിരിച്ചു വിടുന്നു. പുഴയിൽ കുളിച്ചിട്ട് വരാം എന്ന് പറഞ്ഞ് മരിയൻ പോകുന്നു.

ലുണ്ടിലേക്ക് പോകുന്ന ബോർഗിനൊപ്പം കാറിൽ താനും വരുന്നു എന്ന് പറഞ്ഞു കൊണ്ട് ബോർഗിന്റെ മകൻ ഡോക്ടർ ഇവാൾഡിന്റെ ഭാര്യ മരിയൻ ഒപ്പം കൂടുന്നു. അവർ ഇരുവരും ചേർന്നുള്ള കാർ യാത്രയിൽ ബോർഗിനെപ്പോലെ തൻകാര്യക്കാരനും മറ്റുള്ളവരോടുള്ള പെരുമാറ്റത്തിൽ തണുപ്പനുമായ പ്രകൃതമാണ് അയാളുടെ മകനുമെന്ന് മരുമകൾ പറയുന്നു. താൻ വർഷങ്ങൾക്കുശേഷം ആദ്യ കുഞ്ഞിനെ ഗർഭം ധരിച്ചിരിക്കുകയാണെന്നും അത് അലസിപ്പിക്കണമെന്നാണ് ഭർത്താവിന്റെ അഭിപ്രായം എന്നും അവൾ പറയുന്നു. അവൾക്ക് അതിനോട് യോജിപ്പില്ലാത്തതിനാൽ വിവാഹമോചനത്തിന്റെ വക്കിലെത്തിയിരിക്കുന്നു തങ്ങളുടെ ബന്ധം എന്നവൾ സൂചിപ്പിക്കുന്നു.

തന്റെ ഭർത്താവിന് ബോർഗ് വായ്പയായി നൽകിയ പണം തിരിച്ച് നൽകാൻ കഴിയാത്തത് അയാളെ അലോസരപ്പെടുത്തുന്നുണ്ടെന്നുള്ള വസ്തുതയും മരിയൻ സൂചിപ്പിക്കുന്നു. ഇവർ തമ്മിലുള്ള സംഭാഷണത്തിലൂടെ തന്റെയും മകന്റെയും സ്വഭാവത്തിലെ കർക്കശമായതും വിട്ടുവീഴ്ച ഇല്ലാത്തതുമായ നിലപാടുകൾ കാരണം പുറമേ ശാന്തവും സംതൃപ്തവും എന്ന് തോന്നുമെങ്കിലും അകമേ പുകഞ്ഞു



ബോർഗിന്റെ ഓർമ്മകൾ പിന്നിലേക്ക് പായുന്നു. സ്വഭാവ വൈശിഷ്ട്യത്തിന്റെയും പാവമാണെന്നതിന്റെയും പേരിൽ ബോർഗിനെ സ്നേഹിക്കുകയും ഒടുവിൽ ശാരീരികമായി തന്നിൽ ആകൃഷ്ടയുമാകുന്നബോർഗിന്റെ സഹോദരന്റെ ഭാര്യയും ആറു മക്കളുടെ അമ്മയുമായ, സുന്ദരിയായ, സാറ ...

കുടുംബ വീടിനു സമീപത്തുള്ള മധുര സ്മരണയുണർത്തുന്ന കാട്ടുഞാവൽച്ചെടികൾ... ഗാർഹിക അന്തരീക്ഷം, ബധിരനായ അമ്മാവന്റെ പിറന്നാൾ ആഘോഷം, ചില്ലറ വഴക്കുകൾ, പരിഭവങ്ങൾ, ആൺ-പെൺ ബന്ധങ്ങൾ, അങ്ങനെ ഓർമ്മയിൽ ഒളി



മങ്ങി കിടന്നിരുന്ന കാര്യങ്ങൾക്കൊക്കെ ഒരു സാക്ഷിയായി പുനർ ദർശനം നടത്താൻ ബോർഗിന് ഇടവരുന്നു.

തനിക്കുള്ള ഓർമ്മകൾ അനുഭൂതികൾ അവ തന്റേതു മാത്രമായി താനുള്ള കാലത്തോളം അവശേഷിക്കും എന്ന യാഥാർത്ഥ്യവും ബോർഗ് മനസ്സിലാക്കുന്നു. ആ വീടും സ്ഥലവും തുടർന്ന് വാങ്ങിയ കുടുംബത്തിലെ സന്താനമാണെന്ന് പറഞ്ഞുകൊണ്ട് വരുന്ന സാറ എന്ന പെൺകുട്ടിയെ ബോർഗ് പരിചയപ്പെടുന്നു.

സാറയും രണ്ട് യുവാക്കളും അടങ്ങുന്ന സംഘം അയാളോട് ലിഫ്റ്റ് ചോദിക്കുകയും കാറിൽ ഒപ്പം ചേരുകയും ചെയ്യുന്നു. യുവാക്കളിൽ ഒരാൾ ദൈവമുണ്ടെന്ന് ഉറച്ചു വിശ്വസിക്കുകയും പുരോഹിതനാവാൻ തയ്യാറെടുക്കുകയും ചെയ്യുന്നവനാണ്. അപരൻ ഡോക്ടറാകാൻ ആഗ്രഹിക്കുന്ന യുക്തിവാദിയും. ഇവർ തമ്മിലുള്ള തർക്കം പലപ്പോഴും കയ്യാങ്കളിയിൽ എത്തും. എന്നാൽ പെൺകുട്ടി ഈ രണ്ടുപേരെയും ശാരീരികമായി അതിരറ്റ് സ്നേഹിക്കുന്നു. ശരീരം , അതിന്റെ ചോദനകൾ, സ്നേഹം തുടങ്ങിയ കേവല യാഥാർത്ഥ്യങ്ങൾക്കപ്പുറമുള്ള ചിന്തകൾ ഒന്നും ഉൾക്കൊള്ളാൻ അവൾക്കാവില്ല. ബോർഗിനെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന പ്രസരിപ്പുള്ള ആ പെൺകുട്ടിയെയും സംഘത്തെയും സിനിമയുടെ അവസാനം വരെ ഇടയ്ക്കിടയ്ക്ക് നാം കാണുന്നുണ്ട്.

പെൺകുട്ടിയെയും അവരുടെ കാമുകന്മാരെയും കൂട്ടിയുള്ള യാത്രയിൽ കീഴ്മേൽ മറിഞ്ഞ് അപകടത്തിൽ പെടുന്ന ഒരു കാറിൽ നിന്നും അത്ഭുതകരമായി രക്ഷപ്പെട്ട ഭാര്യാഭർത്താക്കന്മാർ ആയ രണ്ടുപേരെയും അവർ കൂടെ കൂട്ടുന്നു.

മിക്കപ്പോഴും വഴക്ക് കൂടി ഹിസ്റ്റീരിയ രോഗിയും നടിയുമായ ഭാര്യ ഭർത്താവിന്റെ മുഖത്ത് താഡനം ചെയ്യുന്ന സ്ഥിതി വരെ ഉണ്ടാകുന്നു. അത്തരം ഒരു അവസ്ഥയിലായിരുന്നു കാർ കീഴ്മേൽ മറിഞ്ഞതെന്നും അവർ പറയുന്നു.

വാക്കുകൾ കൊണ്ട് ഭാര്യയെ പ്രകോപിപ്പിച്ച് അവളിൽ നിന്നും തനിക്ക് കിട്ടുന്ന ശകാരവും താഡനവും അവൾക്കു ലഭിക്കുന്ന സൈക്കോതെറാപ്പിയുടെ ഭാഗമാണെന്ന് കരുതി ആശ്വസിക്കുന്ന ഭർത്താവാണയാൾ. ഇണ പിരിയാത്തവരെങ്കിലും അർത്ഥശൂന്യമായി കലഹിക്കുന്ന ഇവരെ

പിന്നീട് വാഹന ത്തിൽ നിന്നും ഇറക്കി വിടേണ്ട അവസ്ഥയിൽ എത്തുന്നുണ്ട്.

യാത്രയിൽ തങ്ങൾക്ക് ലഭിച്ച സുഹൃത്തുക്കളോടൊപ്പം ബോർഗും മരിയനും മധ്യാഹ്ന ഭക്ഷണം കഴിക്കുന്നു. തുടർന്ന് തന്റെ അമ്മയെ സന്ദർശിച്ചിട്ട് വരാം എന്ന് പറഞ്ഞ് മരിയനെയും കൂട്ടി ബോർഗ് പോകുന്നു.

അവിടെ ചെന്നപ്പോൾ മക്കളുടെയും കൊച്ചുമക്കളുടെയും വരവു കാത്തിരിക്കുന്ന ഏകാന്ത ജീവിതം നയിക്കുന്ന നവതി പിന്നിട്ട അമ്മയെ കാണുന്നു. തന്റെ പത്തുമക്കളിൽ ബോർഗ് മാത്രമേ ഇന്ന് ജീവിച്ചിരിപ്പുള്ളു എന്ന് അവർ പറയുന്നു. തന്നെ വല്ലപ്പോഴും സന്ദർശിക്കുന്ന ഏക ചെറുമകൻ ഇവാൾഡാണെന്നും അവർ സൂചിപ്പിക്കുന്നു.

മക്കളുടെ പഴയ കളിപ്പാട്ടങ്ങൾ, എഴുത്തുകൾ, ആൽബങ്ങൾ, ഇവയൊക്കെ ഇടയ്ക്കിടയ്ക്ക് നോക്കുന്ന വൃദ്ധ ബന്ധങ്ങളുടെയും ഓർമ്മകളുടെയും പ്രസക്തിയെക്കുറിച്ചും ഭർത്താവിന്റെയും മക്കളുടെയും സ്വഭാവത്തിലെ പ്രത്യേകതകളെക്കുറിച്ചും ബോർഗിനെയും മരിയനെയും ബോധ്യപ്പെടുത്തുന്നു.

അങ്ങോട്ടേക്കുള്ള യാത്രയിൽ അവർ ഒരു പെട്രോൾ പമ്പിൽ എത്തുമ്പോൾ ബോർഗിനെ അറിയാവുന്ന അതിന്റെ ഉടമയെ കാണുന്നു. ആ പ്രദേശത്തെ മെഡിക്കൽ ഓഫീസർ ആയി വർഷങ്ങൾക്കു മുൻപ് സേവനമനുഷ്ഠിച്ചിരുന്ന ബോർഗിന്റെ സേവനങ്ങളെ സ്മരിച്ചുകൊണ്ട് തങ്ങളുടെ പിറക്കാൻ പോകുന്ന മകന് ബോർഗ് എന്ന് പേര് നൽകാൻ പോലും ഉദ്ദേശിക്കുന്നതായി അയാൾ സൂചിപ്പിക്കുന്നു. അടിച്ച പെട്രോളിന്റെ വില പോലും വാങ്ങാതെ സ്നേഹത്തോടെ അദ്ദേഹത്തെ അയാളും ഭാര്യയും യാത്രയാക്കുന്നു.

തുടർന്ന് മരിയൻ ഓടിക്കുന്ന വാഹനത്തിൽ അല്പം നേരം ഉറങ്ങിപ്പോകുന്ന ബോർഗ് ആ ഉറക്കത്തിൽ ഒരു സ്വപ്നം കാണുന്നു.

ഡോക്ടർ എന്ന നിലയിൽ തന്നെ ഒരു മുറിയിലേക്ക് നയിക്കുന്ന പരീക്ഷകരെ അദ്ദേഹം കാണുന്നു. ഒരു ഡോക്ടറുടെ ആദ്യത്തെ ചുമതല ക്ഷമ യാചിക്കുകയാണെന്നത് അദ്ദേഹം മറന്നു പോയിരുന്നു. തുടർന്ന് പരിശോധനയ്ക്ക് അദ്ദേഹത്തിന് ലഭിക്കുന്ന ശരീരം അയാളുടെ മരിച്ചുപോയ ഭാര്യയുടേതായിരുന്നു.

പൊട്ടിച്ചിരിച്ചുകൊണ്ട് അവർ എഴുന്നേൽക്കുകയും ജീവിച്ചിരുന്നപ്പോൾ തന്നോടുള്ള ബോർഗിന്റെ പെരുമാറ്റത്തെച്ചൊല്ലി അയാളെ കുറ്റപ്പെടുത്തുകയും ചെയ്യുന്നു. എല്ലാം അറിയാമെന്നാണ് നിങ്ങളുടെ ഭാവമെങ്കിലും നിങ്ങൾക്കൊന്നും അറിഞ്ഞു കൂടെന്നവർ പറയുന്നു. തന്റെ ഗവേഷണ കാര്യങ്ങളിൽ ഒഴികെ കുടുംബജീവിത്തിൽ ഉൾപ്പെടെ താൻ അനുവർത്തിച്ചുവന്ന തണുപ്പൻ പെരുമാറ്റം ബോർഗിന്റെ മനസ്സിൽ കുറ്റബോധം നിറയ്ക്കുന്നു...

മകന്റെ വീട്ടിൽ താമസിച്ചാണ് ലുണ്ട് സർവകലാശാലാ പുരസ്കാരം സ്വീകരിക്കാൻ ബോർഗ് പോയത്. അപ്പോഴേക്കും അവിടെ എത്തിയിരുന്ന അഗദയോട് പതിവിന് വിപരീതമായി സ്നേഹത്തോടെ പെരുമാറുകയും വസ്ത്രധാരണത്തിൽ അവരുടെ സഹായം സ്വീകരിക്കുകയും ചെയ്യുന്നു. വഴിപിരിയലിന്റെ വക്കുവരെ എത്തിയ മകന്റെയും മരുമകളുടെയും ബന്ധം പിതാവിന്റെ സ്നേഹമസൃണമായ ഇടപെടലോടെ കൂടിച്ചേരുന്നു. മകൻ വായ്പ വാങ്ങിയ വകയിൽ തനിക്ക് നൽകാനുള്ള തുക വേണ്ടെന്നു വയ്ക്കാൻ താൻ തീരു

മാനിച്ചെന്ന് ബോർഗ് മകനോട് പറയുന്നു. തങ്ങൾക്ക് ഒരു കുഞ്ഞു വേണ്ടെന്ന നില പാട് മകനും മാറ്റുന്നു. ശിഥിലമായ ബന്ധം അതോടെ ദൃഢമാവുന്നു.

പെൺകുട്ടിയും കമിതാക്കളും പുരസ്കാ രദാന ചടങ്ങിലും തുടർന്ന് ഭവനത്തിലും എത്തി ഉറങ്ങാൻ പോകുന്ന ബോർഗിന് പാട്ടുപാടി ആശംസകൾ നേർന്ന് യാത്ര പറഞ്ഞു പോകുന്നു.

അപരനോടുള്ള ബന്ധത്തിൽ തണുപ്പൻ പ്രകൃതമുള്ളയാളും തൻകാര്യക്കാരനും സ്വാർത്ഥനുമായ ബോർഗിന് ഒരു ദിവസ ത്തെ തന്റെ യാത്രയിലൂടെ ലഭിച്ച ഓർമ്മ കൾ, സ്വപ്നങ്ങൾ, അനുഭവങ്ങൾ എല്ലാം അയാൾക്ക് ഏകാന്തതയെയും മരണ ത്തെയും കുറിച്ചുള്ള ചിന്തകൾ അകറ്റി നിർത്തി ശാന്തിയും സമാധാനവും പ്രദാനം ചെയ്യുന്നതായിരുന്നു.

ഈശ്വരൻ ഉണ്ടോ എന്ന് ചോദ്യത്തിന് പൂക്കളുടെ ഭംഗി അനുഭവിച്ചറിയുന്നുണ്ടെന്ന് ബോർഗ് പറയുന്നുണ്ട്. 'സൃഷ്ടി ഇത്ര മേൽ സുന്ദരം ആണെങ്കിൽ സൃഷ്ടിയുടെ സ്രോതസ്സ് എത്രമാത്രം സുന്ദരമായിരിക്കും' എന്ന മറ്റൊരു കഥാപാത്രത്തിന്റെ വാക്കുകൾ മനുഷ്യന്റെ ഏകാന്തതയേയും നിസ്സഹാ യതയേയും ചൊല്ലി ദൈവത്തോട് കലഹി ക്കുന്ന നിരവധി കഥാപാത്രങ്ങളെ സൃഷ്ടിച്ച ബർഗുമാന്റെ ബോധ്യം തന്നെയാണ്.

മെലോഡ്രാമയായി മാറാവുന്നതാണ് ഈ സിനിമയിലെ സ്വപ്നരംഗങ്ങളും ഫ്ളാഷ് ബാക്കുകളും. ബെർഗ്മാനെപ്പോലെ കൃത ഹസ്തനായ ഒരു സംവിധായകന്റെ കയ്യിൽ ആയിരുന്നതുകൊണ്ട് മാത്രമാണ് അവ ക്ലാസിക്കെന്ന് വിശേഷിപ്പിക്കുന്ന തരത്തി ലുള്ള അനുഭവമായി മാറുന്നത്.

ഗുണ്ണാർ ഫിഷർ എന്ന ക്യാമറാമാനിലൂടെ സൃഷ്ടിച്ചെടുത്ത കവിത തുളുമ്പുന്ന പ്രകൃതി ദൃശ്യങ്ങളും വിദൂര ഷോട്ടുകളും ക്ലോസപ്പു കളും ബോർഗിനെ അവതരിപ്പിച്ച വിക്ടർ സൊജോസ്ട്രോം എന്ന നടനും ഉള്ളിൽ തട്ടുന്ന സംഗീതവും എല്ലാം ചേർന്ന ഈ ക്ലാസിക് സിനിമ മികച്ച അനുഭവം തന്നെ യാണ്.



May Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

WAVES OF MEMORIES FILM FESTIVAL



( കവിത )

# കാട്ടുഞാവൽപ്പഴങ്ങൾ



**രാജാംബിക**
( വൈസ് പ്രസിഡന്റ്, ഫിൽക്ക )

ഒരു പിൻവിളി ഇല്ലെന്നാകിലും
ജീവിതത്തിലേക്ക് ഒന്ന്
തിരിഞ്ഞു നോക്കാം .
മനുഷ്യ അസ്തിത്വം പ്രവചനാതീതം
ആത്മപരിശോധനയ്ക്കായി സ്വയമുഴിയാം.

ആതുര ശുശ്രൂഷ രംഗം , ത്യാഗോജ്വലം
അഞ്ചു പതിറ്റാണ്ടുകൾ ആദരണീയം.
ഡോ. ഇസാക്ക് ബോർഗ് - മെഡിക്കൽ
പ്രൊഫസർ, പുരസ്കാരം ഏറ്റുവാങ്ങാൻ
കറുത്ത കാറിൽ യാത്ര പോകുന്നു.

യാത്രയ്ക്ക് മുമ്പ് വിചിത്രവും
വേദനാജനകവുമായ സ്വപ്ന ദർശനങ്ങൾ..!

പ്രഭാത സവാരിയ്ക്കിടയിൽ
ശൂന്യമായ തെരുവുകൾ ,
തകർന്ന കെട്ടിടങ്ങൾക്കിടയിലൂടെ
വഴിതെറ്റിയൊരു സഞ്ചാരം ,
സൂചികൾ ഇല്ലാത്ത നാഴിക മണിയും

കൈവാച്ചും വിജനതയെങ്ങും ,
ശ്മശാന മൂകതയും ...

ഏകാന്തതയുടെ കരാളഹസ്തങ്ങൾ
വിജനവീഥിയിൽ ഭയം ,
ഒരേയൊരാൾ മാത്രം തെരുവിൽ ,
മെല്ലെ തൊട്ടുനോക്കുന്നു ചുമലിൽ ,
ആ ശവം താഴെ വീഴുന്നു.
ഒറ്റക്കുതിര വലിക്കുന്ന വണ്ടിതൻ
ചക്രങ്ങളൂരി അകലുന്നു ,
ശവമഞ്ചത്തിലെ മൂടി മാറുമ്പോൾ
തന്നെ, സ്വയം തിരിച്ചറിയുന്നു ,
മൃത്യു സമീപമണഞ്ഞുവോ ,
മനം ഭീതിയിലമരുന്നു..!

ജീവിത സായാഹ്നത്തിൽ പടികടക്കുമ്പോൾ

May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL
filca



മനമെത്തുന്നിടത്ത് കരം എത്തുന്നില്ല .
എല്ലാറ്റിനും ആശ്രയിക്കുന്നു അഗ്ദയെ ,
പക്ഷേ, സമ്മതിച്ചു കൊടുക്കുക വയ്യ...
അഭിമാനബോധം ചിന്താതീതം.

ഓണററി ബിരുദം വാങ്ങുന്നത് കാണാൻ
കാത്തിരുന്നവൾ ,
വീട്ടുജോലിക്കാരി അഗ്ദ.
നീ എന്റെ ഭാര്യ അല്ലെന്ന് ബോർഗും.

പാതിവഴിയിൽ അപരിചിതരും
സഹയാത്രികരാകുന്നു
വഴക്കിടുന്ന ദമ്പതികളും
ഒരു ഇടവേളയിൽ സഹയാത്രികരാകുന്നു

ധക്, ധക്,
ആരവമുയർത്തുന്നൊരു കരളിൻ ഇടനാഴിയിൽ
അണമുറിയാ വാഗ്ധാര ചൊരിഞ്ഞ്
ഉത്സാഹം പകർന്നിടും സഹയാത്രികർ
എന്നും നവജീവൻെറ വക്താക്കൾ...!

ചിന്താഗതി മാറ്റിടുന്ന
ചിന്താധാരകൾ,
നർമ്മസംഭാഷണങ്ങൾ,
കയ്യാങ്കളികൾ...
കാഴ്ചകൾ നയിക്കുന്നു ഇസാക്കിനെ
ജീവിത വീഴ്ചകളെക്കുറിച്ച് ചിന്തിക്കുവാൻ.

യാത്രയ്ക്കിടയിൽ അമ്മയെ കാണുന്നു
ഗാത്രങ്ങളുടെ ആത്മഗദ്ഗദം .
ഇരുപത് ചെറുമക്കൾ ഉണ്ടെങ്കിലും
പതിനഞ്ചിനേയും കണ്ടിട്ടില്ല ഇന്നേവരെ.

കളിക്കോപ്പുകൾ എല്ലാം പെട്ടിയിൽ അടച്ച്,
കാവലിരിക്കുന്നു,
ഇന്നുമോരോ മുത്തശ്ശിമാരും സ്നേഹ
സാമീപ്യങ്ങൾക്കായി.

ഞാവൽ പഴത്തോട്ടം
ഗതകാല സ്മരണ ഉണർത്തുന്നു ,
കാട്ടുഞാവൽ പഴച്ചാറു കിനിയുന്ന
കാലത്തിലേക്കൊരു തുഴയെറിയുന്നു .

തണൽ വിരിച്ച ഗ്രാമപാതയിൽ ,
നിഴലുകൾ പിന്നിലേയ്ക്ക് പായുന്നു .
ഓർമ്മകൾ തേനിറ്റിക്കുന്നു ഹൃത്തിൽ,
ഓമനയായ് തഴുകി മൗനനൊമ്പരങ്ങളിൽ...

ഓർമ്മകൾ ഓർമ്മതൻ ചിരാതുകൾ
ഓളപ്പരപ്പിൽ ഒഴുകുന്നു മന്ദമായി.
ദൈവം ഉണ്ടോ ?
പുഞ്ചിരിക്കുന്ന പൂക്കളിൽ
ദേവസാന്നിദ്ധ്യം അറിയുന്നു.



സൃഷ്ടിതൻ ഓരോ നിമിഷവും
സൗന്ദര്യാത്മകം..

അതിൻ പ്രഭവകേന്ദ്രം
എത്ര ദീപ്തിമത്തായിരിക്കണം !

യുക്തിവാദം, മണ്ണ് പോലെ വരണ്ടതാണ്.
ആധുനികൻ തന്നിൽ മാത്രമേ
വിശ്വസിക്കുന്നുള്ളൂ ,
അവന്റെ ശാരീരിക മരണവും
ഭാവനയിലെ സങ്കൽപ്പം മാത്രം ?

മനുഷ്യൻ ഭീതിയിലൂടെ മരണവുമായി
ബന്ധപ്പെട്ടിരിക്കുന്നുവോ?
മനുഷ്യന് മതം എന്നത്
വേദനിക്കുന്നവന് ഓപിയം പോലെയോ ?

പ്രഭാതത്തിന്റെ ആദ്യ നിമിഷങ്ങളിൽ
ഞാനാരാഞ്ഞ കൂട്ടുകാരനെവിടെ ?
എവിടെ? കാട്ടുഞാവൽപഴം കൊത്താൻ
രാത്രി വന്നെത്തുമ്പോഴും...
തപിക്കുന്ന ഹൃദയം
അവന്റെ അടയാളങ്ങൾ കാട്ടിത്തരുന്നു .



എവിടെയാണോ പൂക്കൾ വിടരുന്നത്
അവിടെ , നിത്യനായ അവന്റെ സാന്നിധ്യം
വായുവിൽ മുഴുവൻ അവന്റെ സ്നേഹം
കലർന്നിരിക്കുന്നു.

വേനൽക്കാറ്റിൽ അവന്റെ ശബ്ദം
വിളിക്കുന്നു...
യൗവനം തിളക്കുന്നു , നിമ്നോന്നതങ്ങളിൽ
ഒരുചെറു സ്പർശം കൊതിക്കവെ ,
ദേവതയായി വന്നുചേർന്നൊരോമലേ
നിനക്കായ് ഉള്ളിൽ പൊൻ തംബുരു
ശ്രുതി മീട്ടിയെങ്കിലും
സ്വഭാവത്തിൻ തണുപ്പൻ മട്ടു
കണ്ടു മടുത്തവൾ
മറ്റൊരു സോദരൻെറ പത്നിയായി ...!

ആറുപൂമൊട്ടുകൾ നിന്നിൽ വിടർന്നിട്ടും
ചേർന്നടഞ്ഞില്ലെൻ ഹൃത്തിൻ
സ്വപ്നജാലകം.

ഇന്ധനം നിറയ്ക്കുവാനെത്തുന്നു ,
പക്ഷേ, കാശുവാങ്ങാൻ കൂട്ടാക്കുന്നില്ല ,
വീട്ടാൻ പറ്റാത്ത കടങ്ങളുണ്ടെന്ന് സുഹൃത്ത്.

യാത്രതൻ അവസാനഘട്ടം
മറ്റൊരു വിചിത്ര സ്വപ്നം
മെഡിക്കൽ പരീക്ഷയിൽ തോൽക്കുന്നു ,
അന്യരോട് കാരുണ്യം കാണിച്ചില്ല,
കുറ്റക്കാരനായി കോടതി വിധിക്കുന്നു .

അനുഭവങ്ങളും സ്വപ്നങ്ങളും
ഇസാക്കിനെ മാറ്റുന്നു
മകനും മരുമകൾക്കും
അർഹമായ സ്നേഹം പകർന്നു ,
കിട്ടാക്കടം വേണ്ടെന്നു വയ്ക്കുന്നു.

ജീവിത സായന്തനത്തിൽ
ഭൂതകാലവുമായി അനുരഞ്ജനം

May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL

ഹരിതധ്രുവദീപ്തികൾ
ഹൃദ് ശാന്തികവാടങ്ങൾ .


ഓർമ്മകളുടെ താളവും
ഓർമ്മകളുടെ മോഹഭംഗവും
നിർവികാര ബന്ധങ്ങളെ
വേദന ഇല്ലാതെ മുറിച്ചു മാറ്റുന്നു.
ചോര ഒഴുകാതെ...
വിറയലില്ലാതെ..
എത്ര നിശബ്ദമാണത്.!
എന്താണ് അതിനുള്ള ശിക്ഷ ?
സാധാരണ ശിക്ഷ - ഏകാന്തതയോ ?

ജീവിച്ചിരിക്കുന്നുവെങ്കിലും
ജന്മം ജീർണ്ണവസ്ത്രം പോലെ
വാസാംസി ജീർണ്ണാനി യഥാ വിഹായ
നവാനി ഗൃഹ്ണാതി നരോ പരാണി...

ചിന്താകുലൻ , ദുഃഖിതൻ ,
ശാന്തമാക്കുന്നു ബോർഗിനെ
ബാല്യകാലസ്മരണകൾ
ഗതകാലസൂനങ്ങൾ.

മറ്റുള്ളവരോട് ചെയ്ത തെറ്റുകളും
സ്നേഹമില്ലായ്മയും തിരിച്ചറിയുന്ന
മുഹൂർത്തമേ, ശുഭവാദനം !
മനോഹരം സ്വപ്നദർശനം !

നദിക്കരയിൽ പുഞ്ചിരി തൂകുന്നു ,
കൈവീശുന്നു മാതാപിതാക്കൾ.
പുരസ്കാരത്തേക്കാൾ വലുതല്ലോ
മനസ്സിൽ സംഭവിക്കുന്നൊരീ മാറ്റങ്ങൾ...
രസിക്കുന്നു വെയിൽക്കിളിപ്പടകൾ
രുചിക്കുന്നു കാട്ടുഞാവൽപഴങ്ങൾ...



May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL



# ഇംഗ്മർ ബർഗ്മാൻ:

## ദൃശ്യവിസ്മയങ്ങളുടെയും ആത്മീയ സംഘർഷങ്ങളുടെയും ചലച്ചിത്രകാരൻ



**പി. എസ്. ജ്യോതിഷ്കുമാർ**
(ഫിൽക്ക)


ലോകസിനിമയിലെ ഏറ്റവും സ്വാധീനശക്തിയുള്ള ചലച്ചിത്രകാരന്മാരിലൊരാളാണ് സ്വീഡിഷ് സംവിധായകനായ ഇംഗ്മർ ബർഗ്മാൻ (Ingmar Bergman). ഓർമ്മകൾ , മനുഷ്യ മനസ്സിന്റെ സങ്കീർണ്ണതകൾ, അസ്തിത്വ വ്യഥ , ഏകാന്തത, മരണം, ഈശ്വരവിശ്വാസവും നിരീശ്വരവാദവും തമ്മിലുള്ള സംഘർഷങ്ങൾ എന്നിവയെ ഇത്രമേൽ ആഴത്തിൽ സ്പർശിച്ച മറ്റൊരു സംവിധായകൻ ഉണ്ടോ എന്നത് സംശയമാണ്.

സിനിമയെ വെറും ഒരു വിനോദമാധ്യമമായല്ല, മറിച്ച് മനുഷ്യജീവിതത്തിന്റെ തത്വചിന്തയും വികാരങ്ങളുടെയും ആത്മസംഘർഷങ്ങളുടെയും പ്രകടനവേദിയുമാക്കി ഉയർത്തിയ മഹാനായ കലാകാരനാണ് അദ്ദേഹം. വിശ്വാസം, മരണം, ഏകാന്തത, സ്നേഹം, കുറ്റബോധം, ഓർമ്മ, മനുഷ്യബന്ധങ്ങളുടെ നിശ്ശബ്ദത എന്നിവയാണ് അദ്ദേഹത്തിന്റെ സിനിമകളുടെ പ്രധാന പ്രമേയങ്ങൾ.

1918 ജൂലൈ 14-ന് സ്വീഡനിലെ ഉപ്സലയിലാണ് ബർഗ്മാൻ ജനിച്ചത്. ഒരു ലൂഥറൻ പാസ്റ്ററുടെ മകനായിരുന്ന അദ്ദേഹം കർക്കശമായ മതവിശ്വാസങ്ങൾക്കിടയി



May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL
filca



ലാണ് വളർന്നത്. ബാല്യകാലത്ത് മതപരമായ നിയന്ത്രണങ്ങളും ആത്മീയ ഭീതികളും അദ്ദേഹത്തെ ആഴത്തിൽ സ്വാധീനിച്ചു. അദ്ദേഹം അനുഭവിച്ച ശിക്ഷണങ്ങളും കർശനമായ അച്ചടക്കവും പിൽക്കാലത്ത് അദ്ദേഹത്തിന്റെ സിനിമകളിലെ പ്രധാന പ്രമേയങ്ങളായി മാറി. ദൈവത്തിന്റെ നിശ്ശബ്ദത, ആത്മീയ സംശയം, പാപബോധം തുടങ്ങിയ വിഷയങ്ങൾ പിന്നീട് അദ്ദേഹത്തിന്റെ സിനിമകളിൽ ശക്തമായി പ്രതിഫലിച്ചു.

യൗവനകാലം മുതൽ തന്നെ നാടകത്തോടും കഥപറച്ചിലിനോടും ബെർഗ്മാന് വലിയ ആകർഷണം ഉണ്ടായിരുന്നു. സ്റ്റോക്ക്ഹോം സർവകലാശാലയിൽ സാഹിത്യവും കലയും പഠിച്ച ശേഷം അദ്ദേഹം നാടക സംവിധാന രംഗത്തേക്ക് കടന്നു. നാടകങ്ങളിലെ അനുഭവം അദ്ദേഹത്തിന്റെ സിനിമകളിലും വ്യക്തമായി കാണാം. അഭിനേതാക്കളുടെ മുഖഭാവങ്ങൾ, സംഭാഷണങ്ങൾ, വികാരങ്ങളുടെ സൂക്ഷ്മത എന്നിവയ്ക്കായിരുന്നു അദ്ദേഹം പ്രധാന്യം നൽകിയിരുന്നത്.

ബർഗ്മാൻ വെറുമൊരു സംവിധായകൻ മാത്രമായിരുന്നില്ല, മറിച്ച് മികച്ചൊരു തിരക്കഥാകൃത്തും നാടക സംവിധായകനും കൂടിയായിരുന്നു. ഏകദേശം 60-ലധികം സിനിമകളും 170-ലധികം നാടകങ്ങളും അദ്ദേഹം സംവിധാനം ചെയ്തു.

ദി സെവൻത് സീൽ (The Seventh Seal - 1957) മരണത്തെക്കുറിച്ച് ലോകസിനിമയിൽ നിർമ്മിക്കപ്പെട്ട ഏറ്റവും മികച്ച ദൃശ്യകാവ്യമാണ്. കുരിശുയുദ്ധം കഴിഞ്ഞു മടങ്ങുന്ന ഒരു പോരാളി, മരണവുമായി ചെസ്സ് കളിക്കുന്ന രംഗം സിനിമാ ചരിത്രത്തിലെ തന്നെ ഐതിഹാസികമായ ഒന്നാണ്. പ്ലേഗ് ബാധിച്ച യൂറോപ്പിന്റെ പശ്ചാത്തലത്തിൽ, മരണത്തോട് ചെസ് കളിക്കുന്ന ഒരു യോദ്ധാവിന്റെ കഥയിലൂടെ ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ചുള്ള ഗഹനമായ ചോദ്യങ്ങളാണ് ചിത്രം ഉയർത്തുന്നത്.

വൈൽഡ് സ്ട്രോബെറീസ് (Wild Strawberries 1957) വാർദ്ധക്യത്തെയും ഓർമ്മകളെയും കുറിച്ചുള്ള അതിമനോഹരമായ ചിത്രമാണ്. വാർധക്യം, ഓർമ്മകൾ, നഷ്ടബോധം എന്നിവയെ അത്യന്തം വികാരഭരിതമായി അവതരിപ്പിച്ച സിനിമ. സ്വപ്നങ്ങളും ഓർമ്മകളും ചേർത്ത് മനുഷ്യന്റെ അന്തർമനത്തെ വിശകലനം ചെയ്യുന്ന ഈ ചിത്രം ലോക സിനിമയിലെ ക്ലാസിക് കൃതികളിൽ ഒന്നായി കണക്കാക്കപ്പെടുന്നു.





പേഴ്സോണ (Persona 1966) രണ്ട് സ്ത്രീകൾക്കിടയിലെ മാനസിക സംഘർഷങ്ങളെയും അവരുടെ വ്യക്തിത്വങ്ങൾ തമ്മിലുള്ള ഇഴചേരലിനെയും പരീക്ഷണാത്മകമായി അവതരിപ്പിക്കുന്ന ചിത്രമാണ്.

ഫാനി ആൻഡ് അലക്സാണ്ടർ (Fanny and Alexander - 1982) ബർഗ്മാന്റെ ആത്മകഥാംശമുള്ള ഈ ചിത്രം അദ്ദേഹത്തിന്റെ കരിയറിലെ ഏറ്റവും വലിയ വിജയങ്ങളിലൊന്നാണ്.

ബർഗ്മാന്റെ സിനിമകൾ പ്രധാനമായും കൈകാര്യം ചെയ്യുന്നത് അസ്തിത്വവാദപരമായ (Existentialism) ചോദ്യങ്ങളാണ്.

അദ്ദേഹത്തിന്റെ സിനിമകളിൽ നാം കാണുന്ന പ്രധാന സാങ്കേതിക ഘടകങ്ങൾ ഇവയാണ്:

1. ക്ലോസ്-അപ്പ് ഷോട്ടുകൾ:- മനുഷ്യമുഖത്തെ വികാരങ്ങൾ ഒപ്പിയെടുക്കാൻ ബർഗ്മാൻ ക്ലോസ്-അപ്പ് ഷോട്ടുകൾ സമൃദ്ധമായി ഉപയോഗിച്ചു.
2. മൗനം:- സംഭാഷണങ്ങളേക്കാൾ വാക്കുകൾക്കിടയിലെ നിശബ്ദതയ്ക്ക് അദ്ദേഹം വലിയ പ്രാധാന്യം നൽകി.
3. ഈശ്വരന്റെ നിശബ്ദത:- ഈശ്വരനെ തേടുന്ന മനുഷ്യൻ നേരിടുന്ന നിശബ്ദത ബർഗ്മാന്റെ സിനിമകളിലെ നിരന്തരമായ പ്രമേയമായിരുന്നു.
4. സാങ്കേതിക മികവ്:- പ്രശസ്ത ഛായാഗ്രാഹകനായ സ്വെൻ നിക്വിസ്റ്റുമായുള്ള (Sven Nykvist) കൂട്ടുകെട്ട് ബർഗ്മാൻ സിനിമകൾക്ക് തനതായ ഒരു ദൃശ്യ ഭാഷ നൽകി.

ബെർഗ്മാന്റെ സിനിമകളുടെ ദൃശ്യ സൗന്ദര്യത്തിന് വലിയ പങ്കുവഹിച്ചത് അദ്ദേഹത്തിന്റെ സ്ഥിരം ഛായാഗ്രാഹകനായ Sven Nykvist ആണ്. വെളിച്ചവും നിഴലും ഉപയോഗിച്ച് മനുഷ്യവികാരങ്ങളുടെ ഏറ്റവും സൂക്ഷ്മമായ ചലനങ്ങൾ പോലും പകർത്താൻ അവർക്ക് സാധിച്ചു.

1950-കളിലാണ് ബെർഗ്മാൻ അന്താരാഷ്ട്ര ശ്രദ്ധ നേടുന്നത്. Smiles of a Summer Night, The Seventh Seal തുടങ്ങിയ സിനിമകൾ അദ്ദേഹത്തെ ലോക സിനിമയിലെ അതുല്യ സാന്നിധ്യമാക്കി മാറ്റി.

1960-കളിൽ ബെർഗ്മാൻ തന്റെ സൃഷ്ടിപരമായ ഉയർച്ചയിലെത്തി. Through a Glass Darkly, Winter Light, The Silence എന്നീ സിനിമകൾ വിശ്വാസത്തിന്റെ പ്രതിസന്ധിയും ദൈവത്തിന്റെ അഭാവവും അന്വേഷിക്കുന്ന ചലച്ചിത്രത്രയമായി വിലയിരുത്തപ്പെടുന്നു. ആധുനിക മനുഷ്യന്റെ ആത്മീയ ശൂന്യതയും ഏകാന്തതയും ഈ ചിത്രങ്ങളിൽ ശക്തമായി പ്രതിഫലിക്കുന്നു.





മഹത്തായ കൃതികളിലൊന്നായ Fanny and Alexander ബാല്യകാല ഓർമ്മകളും കുടുംബ ബന്ധങ്ങളും ആത്മീയതയും ഫാന്റസിയും സമന്വയിപ്പിച്ച അതുല്യചിത്രമാണ്.

അദ്ദേഹത്തിന്റെ ആത്മകഥയായ The Magic Lantern അദ്ദേഹത്തിന്റെ ജീവിതത്തെയും സൃഷ്ടിപ്രക്രിയയെയും മനസ്സിലാക്കാൻ സഹായിക്കുന്ന വിലപ്പെട്ട ഗ്രന്ഥമാണ്.

അദ്ദേഹത്തിന്റെ ഏറ്റവും സങ്കീർണ്ണവും പരീക്ഷണാത്മകവുമായ സിനിമയായി കണക്കാക്കപ്പെടുന്നത് Persona ആണ്. സംസാരിക്കുന്നത് നിർത്തിയ ഒരു നടിയുടെയും അവളെ പരിചരിക്കുന്ന നഴ്സിന്റെയും ബന്ധത്തിലൂടെ വ്യക്തിത്വം, തിരിച്ചറിവ്, യാഥാർത്ഥ്യം എന്നിവ തമ്മിലുള്ള അതിരുകൾ ഈ ചിത്രം മായ്ച്ചു കളയുന്നു. സിനിമയുടെ ദൃശ്യഭാഷയിലും മനശ്ശാസ്ത്രപരമായ അവതരണത്തിലും ഈ ചിത്രം ലോക സിനിമയെ ആഴത്തിൽ സ്വാധീനിച്ചു.

സ്ത്രീകളുടെ വികാരലോകവും ബന്ധങ്ങളും ബെർഗ്മാന്റെ സിനിമകളിൽ പ്രത്യേക സ്ഥാനമെടുത്തു. Cries and Whispers, Autumn Sonata എന്നീ ചിത്രങ്ങൾ സ്ത്രീകളുടെ മാനസിക സംഘർഷങ്ങളെയും ബന്ധങ്ങളുടെ സങ്കീർണ്ണതകളെയും അതീവ ഗൗരവത്തോടെ അവതരിപ്പിച്ചു. Liv Ullmann, Bibi Andersson തുടങ്ങിയ അഭിനേത്രിമാർ അദ്ദേഹത്തിന്റെ സിനിമകളിൽ അനശ്വര പ്രകടനങ്ങൾ കാഴ്ചവച്ചു.

ഇരുട്ടും നിരാശയും നിറഞ്ഞ വിഷയങ്ങളാണ് ബെർഗ്മാൻ കൂടുതലായി കൈകാര്യം ചെയ്തതെങ്കിലും, അദ്ദേഹത്തിന്റെ സിനിമകളിൽ മനുഷ്യസ്നേഹത്തിന്റെയും സൗന്ദര്യത്തിന്റെയും നിശ്ശബ്ദമായ പ്രതീക്ഷയും കാണാം. അദ്ദേഹത്തിന്റെ അവസാന

അഞ്ചുതവണ വിവാഹിതനായ ബർഗ്മാന്റെ ജീവിതം സിനിമകളെപ്പോലെ തന്നെ സംഭവബഹുലമായിരുന്നു. ജീവിതത്തിന്റെ അവസാനകാലം അദ്ദേഹം സ്വീഡനിലെ ഫാരോ (Fårö) എന്ന ദ്വീപിലാണ് ചെലവഴിച്ചത്. 2007 ജൂലൈ 30-ന്, തൻെറ 89-ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു. അതേ ദിവസം തന്നെയാണ് മറ്റൊരു വിഖ്യാത സംവിധായകനായ മൈക്കലാഞ്ചലോ അന്റോണിയോണിയും അന്തരിച്ചത് എന്നത് യാദൃച്ഛികമാണ്.

സിനിമയെ ഒരു വിനോദോപാധി എന്നതിലുപരി ആത്മാന്വേഷണത്തിനുള്ള മാധ്യമമാക്കി മാറ്റിയ മഹാനാണ് ഇംഗ്മർ ബർഗ്മാൻ. അക്കാദമി അവാർഡുകൾ ഉൾപ്പെടെ നിരവധി അന്താരാഷ്ട്ര പുരസ്കാരങ്ങൾ



May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL



അദ്ദേഹത്തെ തേടിയെത്തി. സിനിമ പഠിക്കുന്ന ഏതൊരാൾക്കും ഒഴിവാക്കാൻ കഴിയാത്ത പാഠപുസ്തകമാണ് ബർഗ്മാന്റെ ഓരോ ചിത്രവും.

മനുഷ്യൻ ഉള്ളിടത്തോളം കാലം, അവരുടെ ഉള്ളിലെ ഭയങ്ങളും ചിന്തകളും സംശയങ്ങളും നിലനിൽക്കുന്നിടത്തോളം കാലം, ബർഗ്മാന്റെ സിനിമകൾ ചർച്ച ചെയ്യപ്പെട്ടുകൊണ്ടേയിരിക്കും. അദ്ദേഹത്തിന്റെ സിനിമകൾ ഇന്നും ലോകമെമ്പാടുമുള്ള സിനിമാപ്രേമികളെയും സംവിധായകരെയും സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. Woody Allen, Martin Scorsese, Andrei Tarkovsky തുടങ്ങിയ മഹാന്മാർ ബെർഗ്മാന്റെ സ്വാധീനം തുറന്നുപറഞ്ഞിട്ടുണ്ട്.

മനുഷ്യജീവിതത്തിന്റെ ഏറ്റവും ആഴത്തിലുള്ള ചോദ്യങ്ങളെ സിനിമയിലൂടെ അന്വേഷിച്ച കലാകാരനായിരുന്നു ഇംഗ്മാർ ബെർഗ്മാൻ. നിശ്ശബ്ദതയെയും ഓർമ്മകളെയും മുഖഭാവങ്ങളെയും വികാരങ്ങളെയും അദ്ദേഹം അതുല്യമായ സിനിമാറ്റിക് ഭാഷയാക്കി മാറ്റി. അതുകൊണ്ടുതന്നെ ലോകസിനിമയുടെ ചരിത്രത്തിൽ അദ്ദേഹത്തിന്റെ സ്ഥാനം എന്നും അനശ്വരമായിരിക്കും.



May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL



# സ്മൃതിതൻ കയത്തിലെ ആമ്പൽപ്പൂവ് (Eight and Half)



**ഡോ. പി. അജികുമാർ**
(ഫിൽക്ക)



ലോക സിനിമാ ചരിത്രത്തിൽ തങ്കലിപികളാൽ എഴുതപ്പെട്ട പേരാണ് 'ഫെഡറിക്കോ ഫെല്ലിനി'. തന്റെ മാന്ത്രിക സ്പർശത്താൽ ചലച്ചിത്ര തലമുറകളെ ഏറ്റവുമധികം സ്വാധീനിച്ച പ്രതിഭ.

ഫാന്റസിയും ബറോക്ക് ദൃശ്യരീതി (ഓർമ്മകൾ, ഭ്രമാത്മകത , വൈകാരികത, ശക്തമായ വെളിച്ചവും നിഴലും സംയോജിപ്പിച്ചുള്ള ചിത്രശൈലി , വസ്ത്രങ്ങൾ ,പശ്ചാത്തലം, മുഖഭാവങ്ങൾ തുടങ്ങിയ പ്രത്യേകതകൾ) ഭൗതികതയുമായി സംയോജിപ്പിക്കുന്ന അദ്ദേഹത്തിന്റെ അനന്യമായ ഭാവന ആരെയും അതിശയിപ്പിക്കുന്നതാണ്.

പരമ്പരാഗതമായ രീതിയിൽ നിന്ന് വ്യത്യസ്തമായി, പരീക്ഷണാത്മകമായി പതിവു രീതികളെ ചോദ്യം ചെയ്യുന്ന പുതിയ ആശയങ്ങളും ദൃശ്യങ്ങളും ആവിഷ്കരിക്കുന്ന'കാലത്തെ കവച്ചുവയ്ക്കുന്ന നവീന സൃഷ്ടി' യായ 'അവാങ് ഗാദ് ' പ്രസ്ഥാനത്തിൽ പ്പെട്ട, 1963 ൽ പുറത്തിറങ്ങിയ,' എട്ടര' (Eight and Half) ലോകസിനിമാ ആസ്വാദകർ കണ്ടിരിക്കേണ്ട സിനിമയാണ്.

ലോകമെമ്പാടുമുള്ള 43 രാജ്യങ്ങളിൽ നിന്നുള്ള 209 ചലച്ചിത്ര നിരൂപകർ വോട്ടു ചെയ്ത ബി.ബി.സി യുടെ 100 മികച്ച വിദേശ ഭാഷാ ചിത്രങ്ങളിൽ ഇതിന്റെ സ്ഥാനം ഏഴാമതാണ്.

ഒരു ഇതിഹാസ സയൻസ് ഫിക്ഷൻ സംവിധാനം ചെയ്യാൻ ശ്രമിക്കുമ്പോൾ പ്രശ്നങ്ങൾ നേരിടുന്ന ഇറ്റാലിയൻ സംവിധായകൻ 'ഗൈഡോ അൻസെൽമി'യെ കേന്ദ്രീകരി



ച്ചാണ് ഇത് നിർമ്മിച്ചിരിക്കുന്നത്.സംവിധായകനായ 'ഗൈഡോ അൻസെൽമി' ആത്മാംശമുള്ള തന്റെ പുതിയ സൃഷ്ടിക്കായി ബുദ്ധിമുട്ടുകൾ നേരിടുന്നു. ദാമ്പത്യപരവും കലാപരവുമായ പ്രതിസന്ധികൾ കാരണം കരിയറിലുള്ള താത്പര്യം കുറയുന്ന ഘട്ടത്തിൽ തന്റെ ഉത്കണ്ഠകളിൽ നിന്ന് കരകയറാൻ അദ്ദേഹം ഒരു ആഡംബര സ്പായിൽ എത്തുന്നു. തന്റെ ആശയങ്ങൾ അവലോകനം ചെയ്യാൻ ഒരു പ്രശസ്ത നിരൂപകനെ നിയമിക്കുന്നു.'മറവിതൻ മാറിടത്തിൽ മയങ്ങാൻ കിടന്നാലും ഓർമ്മകൾ ഓടിയെത്തി വിളിക്കുന്നു'. ഇവിടെ വിളിക്കുക മാത്രമല്ല തന്റെ ബാല്യകാല ഓർമ്മകളിലും സ്വപ്നങ്ങളിലും ഭാവനകളിലും ഗൈഡോ മുങ്ങിത്താഴുന്നു.

ഇതിനിടയിലും തന്റെ കഥയുടെ താക്കോലായി കാണുന്ന ഒരു ആദർശ സ്ത്രീയുടെ ആവർത്തിച്ചുള്ള ദർശനം ലഭിക്കുന്നു. തന്റെ യജമാനത്തി 'കാർല ' അവനെ കാണാൻ വരുന്നു. പക്ഷേ ഗൈഡോ അവളെ ഒരു പ്രത്യേക ഹോട്ടലിൽ പാർപ്പിക്കുന്നു. സിനിമയിൽ സജീവമാകാൻ അവനെ പ്രേരിപ്പിക്കാനുള്ള ഒരു പരാജയശ്രമത്തിൽ പ്രൊഡക്ഷൻ ക്രൂ ഗൈഡോയുടെ ഹോട്ടലിലേക്ക് താമസം മാറുന്നു.

താൻ സന്തുഷ്ടനല്ലെന്ന് ഒരു കർദ്ദിനാളിനോട് ഗൈഡോ സമ്മതിക്കുന്നു. കർദ്ദിനാൾ വളരെ കുറച്ച് ഉൾക്കാഴ്ച മാത്രമേ നൽകുന്നുള്ളൂ. വേർപിരിഞ്ഞ തന്റെ ഭാര്യ 'ലൂയിസ' യേയും അവളുടെ സുഹൃത്തുക്കളെയും തന്നോടൊപ്പം ചേരാൻ ഗൈഡോ ക്ഷണിക്കുന്നു. അവർ നൃത്തം ചെയ്യുന്നു. ഗൈഡോ അവളെ തന്റെ നിർമ്മാണ സംഘത്തിനായി ഉപേക്ഷിക്കുന്നു. ശുദ്ധവും സത്യസന്ധവുമായ ഒരു സിനിമയെടുക്കാൻ താൻ ആഗ്രഹിക്കുന്നുവെന്ന് തന്റെ ഭാര്യയുടെ ഉറ്റ സുഹൃത്തായ 'റോസെല്ല'യോട് ഗൈഡോ പറയുന്നു. എന്നാൽ സത്യസന്ധമായി എന്തെങ്കിലും പറയാൻ അയാൾ ബുദ്ധിമുട്ടുന്നുണ്ട്.

ഹോട്ടലിനു പുറത്തു വച്ച് കാർല ഗൈഡോയെയും ലൂയിസയെയും റോസെല്ലയെയും അത്ഭുതപ്പെടുത്തുന്നു. താനും കാർലെയും തമ്മിലുള്ള പ്രണയം വർഷങ്ങൾക്ക് മുമ്പ് അവസാനിച്ചതായി ഗൈഡോ അവകാശപ്പെടുന്നു. ലൂയിസയും റോസെല്ലയും കള്ളം പറഞ്ഞ് അവനെ വിളിക്കുന്നു. ഒരു ഫാന്റസി ലോകത്തേക്ക് ഗൈഡോ വഴുതി വീഴുന്നു.

അവിടെ അവൻ അവന്റെ ജീവിതത്തിലെ ഒരു കൂട്ടം സ്ത്രീകളുമായി ഇടപെടുന്നു.



May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL
filca



താൻ നിരസിച്ച ഒരു ഷോ ഗേൾ അവിടെ കലഹിക്കുന്നു. ഗൈഡോയെയും അവന്റെ ലൈംഗിക ജീവിതത്തെയും കുറിച്ചുള്ള കഠിനമായ സത്യങ്ങളാൽ സ്ത്രീകൾ അവനെ ആക്രമിക്കുന്നു.ഗൈഡോ തന്നെ എത്ര മാത്രം കയ്പേറിയ രീതിയിലാണ് ചിത്രത്തിൽ അവതരിപ്പിക്കുന്നതെന്ന് കണ്ട ലൂയിസ അവരുടെ വിവാഹം അവസാനിച്ചതായി പ്രഖ്യാപിക്കുന്നു. ഗൈഡോയുടെ ആദർശ വനിത, ക്ലോഡിയ എന്ന നടിയുടെ രൂപത്തിലാണെത്തുന്നത്. പൊള്ളലേറ്റ ഒരു പുരുഷൻ ഈ ഐഡിയൽ വുമണിൽ രക്ഷ കണ്ടെത്തുന്നതിനെക്കുറിച്ചാണ് തന്റെ സിനിമയെന്ന് ഗൈഡോ വിശദീകരിക്കുന്നു.

പ്രണയിക്കാൻ കഴിവില്ലാത്തതിനാൽ നായകൻ സഹതാപമില്ലാത്തവനാണെന്ന് ക്ലോഡിയ വിചാരിക്കുന്നു. ഇതിൽ തകർന്നുപോയ ഗൈഡോ സിനിമ നിർത്തുന്നു. പക്ഷേ നിർമ്മാതാവും അണിയറ പ്രവർത്തകരും ചിത്രീകരണം ആരംഭിക്കാൻ ഒരു പത്രസമ്മേളനം പ്രഖ്യാപിക്കുന്നു. പത്രപ്രവർത്തകരിൽ നിന്ന് രക്ഷ നേടാൻ ശ്രമിക്കുന്ന ഗൈഡോ തലയിൽ സ്വയം വെടിയുതിർക്കുന്നതായി സങ്കല്പിക്കുന്നു.

മറ്റുള്ളവരെ സഹായിക്കാൻ വേണ്ടി ഒരു സിനിമ നിർമ്മിച്ചു കൊണ്ട് തന്റെ വ്യക്തിപരമായ ആശയക്കുഴപ്പം പരിഹരിക്കാനാണ് താൻ ശ്രമിക്കുന്നതെന്ന് ഗൈഡോ മനസ്സിലാക്കുന്നു. പകരം തന്റെ ജീവിതം അതേപടി സ്വീകരിക്കേണ്ടി വരുമ്പോൾ അതിനായി ലൂയിസയോട് സഹായമഭ്യർത്ഥിക്കുന്നു. തന്റെ ജീവിതത്തിലെ ആളുകളില്ലാതെ ഒന്നും ചെയ്യാൻ ഗൈഡോയ്ക്ക് കഴിയില്ല.

പ്രൊഡക്ഷൻ സംഘവും അഭിനേതാക്കളും സെറ്റിലേക്ക് കൂട്ടത്തോടെ എത്തുമ്പോൾ ഗൈഡോയുടെ അഭിനിവേശം പുനരുജ്ജീവിക്കുകയും അദ്ദേഹം സംവിധാനം ചെയ്യാൻ തയ്യാറാവുകയും ചെയ്യുന്നു.



അഭിനേതാക്കളും അണിയറ പ്രവർത്തകരുമായ സ്ത്രീ പുരുഷൻമാരും കൈകൾ കോർത്ത് വൃത്താകൃതിയിൽ വേഗത്തിൽ നടക്കാൻ തുടങ്ങുന്നു. ഗൈഡോയും ലൂയിസയും അവരോടൊപ്പം അവസാനം ചേരുന്നു. പ്രൊഡക്ഷൻ സെറ്റ് പൊളിച്ചു മാറ്റുന്നു. ഗൈഡോ അവസാനത്തെ ക്രൂ അംഗത്തെ സല്യൂട്ട് ചെയ്യുന്നു. സെറ്റ് കറുത്തതായി മാറുന്നു.

പരമ്പരാഗതമായ കഥാപ്രവാഹത്തെ മറികടക്കുന്ന ആത്മപരിശോധനാത്മകമായ ഈ കലാസൃഷ്ടിയിൽ കവി പാടിയ ‘ ഓടുവാൻ ഞാനുഴന്നാലുമീയെൻ കൂടു നീങ്ങുന്നീലെന്തഭിശാപം‘( വൈലോപ്പിള്ളി) എന്ന കലാകാരന്റെ സൃഷ്ടിപരമായ പ്രതിസന്ധി തുറന്നുകാട്ടുന്നു.

യാഥാർത്ഥ്യവും സ്വപ്നവും വ്യക്തിനിഷ്ഠതയും ആത്മ പരിശോധാനാത്മകതയും ചേർന്ന ജീവിതം ഒരു വ്യക്തമായ കഥയല്ലെന്നും ആശയക്കുഴപ്പവും അസ്ഥിരതയുമാണ് അതിന്റെ ആകെത്തുകയെന്നും വ്യക്തമാക്കുന്നു. ഇതിലെ സ്ത്രീകഥാപാത്രങ്ങൾ ആഗ്രഹങ്ങൾ, കുറ്റബോധം, ഓർമ്മകൾ തുടങ്ങിവയുടെ പ്രതിനിധികളാണ്.


7 ഫീച്ചർ ഫിലിമും ഒരു ഷോർട്ട് ഫിലിമും ചെയ്ത ഈ 'എട്ടര 'ചിത്രത്തിന്,'ദി ബ്യൂട്ടിഫുൾ കൺഫ്യൂഷൻ' എന്നാണ് ആദ്യം പേരിട്ടത്. എന്നാൽ കോമഡി എന്ന് വിളിക്കാനുള്ള ലളിതമായ ആശയമായിരുന്നു ഫെല്ലിനിയുടെ അവസാനത്തെ ഈ ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രത്തിന്റെ പേരായത്.

35 മില്ലിമീറ്റർ മൂവി ഫിലിം ഉപയോഗിച്ച് സ്ഫെറിക്കൽ സിനിമാറ്റോഗ്രാഫിക് പ്രക്രിയയിൽ ചിത്രീകരിച്ച' എയ്റ്റ് ആൻഡ് ഹാഫ്' 1:85:1 എന്ന വീക്ഷണാനുപാതത്തിലാണ് പ്രദർശിപ്പിച്ചത്. ഈ കാലഘട്ടത്തിലെ മിക്ക ഇറ്റാലിയൻ സിനിമകളെയുംപോലെ ശബ്ദം പിന്നീട് ഡബ്ബ് ചെയ്തു.

ഇറ്റാലിയൻ നോവലിസ്റ്റും നിരൂപകനുമായ 'ആൽബർട്ടോ മൊറോവിയ' ഒരു അന്തർമ്മുഖനും ഒരേ സമയം ഒരു സാഡിസ്റ്റും മസോക്കിസ്റ്റും കാമാതുരനും നുണയനുമായ ഇതിലെ നായകനെ' ജെയിംസ് ജോയിസി'ന്റെ 'യുളീസസി'ലെ' ലിയോപോൾഡ് ബ്ലൂമി'നോട് താരതമ്യം ചെയ്യുന്നു. ഇതിലെ നായക കഥാപാത്രമായ 'ഗൈഡോ 'യെ അവതരിപ്പിച്ചത് ' 'മാർസെല്ലോ മാസ്ട്രോയാനി' ആണ്. കൂടാതെ ക്ലോഡിയ കാർഡിനേൽ, അനൗക് ഐമി, സാൻഡ്രമിലോ, റോസെല്ല ഫോക്ക്, ബാർബറ സ്റ്റീൽ, എഡ്ര ഗെയ്ൽ തുടങ്ങിയവരും ഇതിൽ വേഷമിട്ടു.

തന്റെ കരിയറിൽ 17 അക്കാദമി അവാർഡുകൾക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ഫെല്ലിനിക്ക് വിദേശഭാഷാ വിഭാഗത്തിൽ നാല് തവണ അവാർഡ് ലഭിച്ചു. അതിൽ ഒരെണ്ണം ഈ ചിത്രമായിരുന്നു. കൂടാതെ മികച്ച വസ്ത്രാലങ്കാരത്തിനുള്ള അക്കാദമി അവാർഡും 'എട്ടര' കരസ്ഥമാക്കി.

വ്യക്ത്യാധിഷ്ഠിതമായ സർഗ്ഗ പ്രക്രിയയിൽ ഏർപ്പെടുന്ന കലാകാരൻ നേരിടുന്ന ആത്മ സംഘർഷങ്ങളെ ഓർമ്മകൾ, സ്വപ്നങ്ങൾ, ഫാന്റസി, കാമനകൾ എന്നിവയുടെ സവിശേഷ സംയോജനത്തിലൂടെ സമൂഹത്തെക്കുറിച്ചുള്ള വ്യക്തിപരവും വിചിത്രവുമായ തന്റെ ദർശനങ്ങളിലൂടെ ഫെല്ലിനി ഇവിടെ സാക്ഷാത്കരിക്കുന്നു.



May Film Festival

ഫിലിം വിഷൻ


Digital Magazine Published by Filca Film Society

WAVES OF MEMORIES FILM FESTIVAL



# ഫെഡറിക്കോ ഫെല്ലിനി: സിനിമയുടെ കവി

**ലീലാമ്മ തോമസ്**
(ഫിൽക്ക)



ലോകസിനിമയുടെ ചരിത്രത്തിൽ സംവിധായകൻ എന്നതിലുപരി ഒരു ചലച്ചിത്ര ദാർശനികനയാണ് ഫെഡറികോ ഫെല്ലിനിയെ (Federico Fellini) ലോക ക്ലാസിക് സിനിമാ പ്രേക്ഷകർ കണക്കാക്കുന്നത്. മനുഷ്യന്റെ ഓർമ്മകളും സ്വപ്നങ്ങളും അപൂർവമായ ഭാവനയും ചേർത്ത് സിനിമയെ പുതിയൊരു ഭാഷയാക്കി മാറ്റിയ കലാകാരനാണ് അദ്ദേഹം.

“ഫെല്ലിനിസ്ക്” (Fellinesque) എന്ന പദം തന്നെ അദ്ദേഹത്തിന്റെ ശൈലിയുടെ അപൂർവതയെ ലോകത്തിന് പരിചയപ്പെടുത്തുന്നു.

1920 ജനുവരി 20-ന് ഇറ്റലിയിലെ കടലോര നഗരമായ റിമിനിയിൽ ഫെല്ലിനി ജനിച്ചു. സാധാരണ മധ്യവർഗ കുടുംബത്തിലെ ജീവിതം, പിന്നീട് അദ്ദേഹത്തിന്റെ സിനിമകളിലെ ഓർമ്മകളുടെ ആധാരമായി മാറി. മാറി. കടലോര നഗരത്തിന്റെ നിറങ്ങളും ശബ്ദങ്ങളും ബാല്യകാല അനുഭവങ്ങളും അദ്ദേഹത്തിന്റെ ദൃശ്യഭാഷയിൽ നിരന്തരം പ്രത്യക്ഷപ്പെടുന്നുണ്ട്.

പിതാവ് ഉർബാനോ ഫെല്ലിനി ഒരു സെയിൽസ്മാനായിരുന്നു. മാതാവ് ഐഡ ബാർബിയാനി വീട്ടമ്മയും. സഹോദരങ്ങൾ

May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL





റിക്കാർഡോയും മരിയ മദലീനയും. ബാല്യത്തിൽ തന്നെ ചിത്രരചനയിലേക്കുള്ള ആകർഷണം ഫെല്ലിനിയെ വേറിട്ടവനാക്കി. ജീവിതത്തെ കാണുന്നതിലുപരി "വരയ്ക്കാൻ" പഠിച്ച ഒരു കുട്ടിയായിരുന്നു അദ്ദേഹം.

റിമിനിയിലെ സ്കൂൾ പഠനത്തിനു ശേഷം ഫെല്ലിനി റോം സർവകലാശാലയിൽ നിയമപഠനത്തിന് ചേർന്നു. പക്ഷേ നിയമപുസ്തകങ്ങളേക്കാൾ അദ്ദേഹത്തെ ആകർഷിച്ചത് പത്രങ്ങളിലെ കാർട്ടൂണുകളും വരകളുമായിരുന്നു. പഠനം ഉപേക്ഷിക്കാതെ



തന്നെ അദ്ദേഹം പത്രങ്ങൾക്കായി കാർട്ടൂണുകൾ വരയ്ക്കുകയും ഹാസ്യരചനകൾ എഴുതുകയും ചെയ്തു. ഇതായിരുന്നു അദ്ദേഹത്തിന്റെ കലാജീവിതത്തിന്റെ ആദ്യപടി.

1940-കളിൽ ഫെല്ലിനി റോമിലെ സാംസ്കാരിക രംഗത്ത് സജീവമായി. റേഡിയോ നാടകങ്ങൾ, ഹാസ്യരചന, സ്ക്രിപ്റ്റ് എഴുത്ത് എന്നിവയിലൂടെ അദ്ദേഹം സിനിമാലോകത്തിലേക്ക് കടന്നു.




റോബർട്ടോ റോസെല്ലിനി പോലുള്ള മഹാനായ സംവിധായകർക്കൊപ്പം പ്രവർത്തിച്ചത് അദ്ദേഹത്തിന്റെ വളർച്ചയ്ക്ക് വഴിത്തിരിവായി. പ്രത്യേകിച്ച് 'Rome, Open City" എന്ന ചിത്രത്തിലെ ക്രിയാത്മക സഹകരണം അദ്ദേഹത്തെ ശ്രദ്ധേയനാക്കി.

1950-ൽ പുറത്തിറങ്ങിയ 'Variety Lights" ഫെല്ലിനിയുടെ സഹസംവിധാന ശ്രമമായിരുന്നു. എന്നാൽ 1953-ലെ 'I Vitelloni" അദ്ദേഹത്തെ അന്താരാഷ്ട്ര സിനിമാലോകത്ത് സ്ഥാപിച്ചു. ഇവിടെ നിന്നാണ് ഫെല്ലിനി യാഥാർത്ഥ്യത്തേക്കാൾ ഓർമ്മകൾക്കും ഭാവനയ്ക്കും പ്രാധാന്യം നൽകുന്ന തന്റെ പ്രത്യേക സിനിമാഭാഷ വികസിപ്പിച്ചത്.

May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL



1943-ൽ ഫെല്ലിനി പ്രശസ്ത നടി ജൂലിയറ്റ മസീനയെ വിവാഹം കഴിച്ചു. സിനിമയിലും ജീവിതത്തിലും അവൾ അദ്ദേഹത്തിന്റെ ആത്മസഹചാരിയായി മാറി. "La Strada", 'Nights of Cabiria' പോലുള്ള അദ്ദേഹത്തിന്റെ പ്രധാന ചിത്രങ്ങളിൽ ജൂലിയറ്റയുടെ അഭിനയം ഫെല്ലിനിയുടെ ഭാവനയ്ക്ക് ജീവൻ നൽകി. അവരുടെ ബന്ധം ജീവിതാവസാനം വരെ ഉറച്ചുനിന്ന അപൂർവമായ കലാസഹവാസമായിരുന്നു.




La Strada (1954): ഫെല്ലിനിയെ ലോകപ്രശസ്തനാക്കിയ വികാരഭരിതമായ കൃതിയാണ്.

Nights of Cabiria (1957): ഓസ്കാർ നേടിയ മനുഷ്യസഹാനുഭൂതിയുടെ കഥ.


La Dolce Vita (1960): ആധുനിക സമൂഹത്തിന്റെ ശൂന്യതയെ തുറന്നുകാട്ടിയ മഹത്തായ ചിത്രം.



8½ (1963): സൃഷ്ടിപ്രക്രിയയുടെ ആത്മസംഘർഷം അവതരിപ്പിച്ച സിനിമാ ദർശനം.

Amarcord (1973): ബാല്യകാല ഓർമ്മകളുടെ സ്വപ്നലോകം.


ഫെല്ലിനിയുടെ ചിത്രങ്ങൾ നാല് തവണ മികച്ച വിദേശഭാഷാ ചിത്രത്തിനുള്ള



May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL
filca



ഓസ്കാർ നേടി. 1993-ൽ അദ്ദേഹത്തിന്റെ സമഗ്ര സംഭാവനകൾ പരിഗണിച്ച് ഓണററി ഓസ്കാർ നൽകി ആദരിച്ചു.





കാൻ ഫിലിം ഫെസ്റ്റിവലിലെ Palme d'Or ഉൾപ്പെടെ നിരവധി അന്താരാഷ്ട്ര പുരസ്കാരങ്ങൾ അദ്ദേഹത്തിന്റെ കലാജീവിതത്തെ അലങ്കരിച്ചു.

1993 ഒക്ടോബർ 31-ന് റോമിൽ ഹൃദയാഘാതത്തെ തുടർന്ന് ഫെഡറിക്കോ ഫെല്ലിനി അന്തരിച്ചു. 73-ാം വയസ്സിൽ അവസാനിച്ചെങ്കിലും, അദ്ദേഹത്തിന്റെ സിനിമകൾ ഇന്നും ജീവിക്കുന്നുസ്വപ്നങ്ങൾ പോലെ, ഓർമ്മകൾ പോലെ.അദ്ദേഹത്തിന്റെ പ്രിയതമ ജൂലിയറ്റ മസീന കുറച്ച് മാസങ്ങൾക്ക് ശേഷം അദ്ദേഹത്തെ പിന്തുടർന്നു. ഇരുവരെയും ജന്മനാടായ റിമിനിയിലാണ് സമാധാനത്തോടെ അടക്കം ചെയ്തത്.



ഫെല്ലിനി ഒരു സംവിധായകൻ മാത്രമല്ല; മനുഷ്യന്റെ ഉള്ളറകളെ ക്യാമറയിലൂടെ വരച്ച ഒരു കവിയാണ്. അദ്ദേഹത്തിന്റെ സിനിമകൾ യാഥാർത്ഥ്യത്തിന്റെ പകർത്തലല്ല, സ്വപ്നങ്ങളുടെ സത്യമാണ്.



May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL



# മരിയാനാബാദിലെ പോയ വർഷം...

**വിനോദ് കുമാർ. പി,**
(ഫിൽക്ക)





അലൻ റെനേ സംവിധാനം ചെയ്ത് 1961 ൽ റിലീസായ ഒരു ഫ്രഞ്ച് – സൈക്കോളജിക്കൽ ചലച്ചിത്രമാണ് ലാസ്റ്റ് ഇയർ അറ്റ് മരിയൻബാദ്.

സമ്പന്നരും ദമ്പതികളും താമസിക്കുന്ന ഒരു കൊട്ടാരസദൃശമായ ആഡംബര ഹോട്ടലിൽ വച്ച് ഒരു പുരുഷൻ ഒരു സ്ത്രീയെ സമീപിക്കുകയും കഴിഞ്ഞ വർഷം അവർ തമ്മിൽ ഇവിടെ വച്ച് കണ്ടുമുട്ടിയതായും അങ്ങനെ പ്രണയബന്ധത്തിലായതായും അവകാശപ്പെടുന്നു. ഒളിച്ചോടാനുള്ള അയാളുടെ പദ്ധതിയെ അവൾ എതിർക്കുകയും ഒരു വർഷം കാത്തിരിക്കാൻ അവൾ പറഞ്ഞതായും അയാൾ ഓർമ്മിപ്പിക്കുന്നു. എന്നാൽ അയാളുടെ വാദങ്ങളെല്ലാം അവൾ നിഷേധിക്കുന്നു. അയാളെ കണ്ടതായി പോലും അവൾ ഓർക്കുന്നില്ല എന്ന് പറയുന്നു. അയാൾ അവർ പങ്കിട്ട ഭൂതകാലത്തെക്കുറിച്ച് അവളെ ഓർമ്മിപ്പിക്കാൻ ശ്രമിക്കുന്നു. എന്നാൽ അവൾ അവനെ നിരസിക്കുകയും അവന്റെ വിവരണങ്ങൾക്ക് വിരുദ്ധമായി വാദിക്കുകയും ചെയ്യുന്നു.ഇതിനിടെ അവളുടെ ഭർത്താവ് പ്രത്യക്ഷപ്പെടുകയും അയാളോടൊപ്പം ഒരു തീപ്പെട്ടിക്കമ്പ് കളിയിൽ ഏർപ്പെടുകയും ചെയ്യുന്നു. ശേഷം

May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL

ഇവർ മൂന്ന് പേരിലൂടെയാണ് സിനിമ സഞ്ചരിക്കുന്നത്.

ഓരോ തവണ അയാളെ നിരസിക്കാൻ ശ്രമിക്കുന്തോറും അയാൾ കൂടുതൽ ഓർമ്മകൾ അവൾക്ക് മുന്നിൽ തുറന്നിടുന്നു. അവസാനം അവൾ അയാളോടൊപ്പം ഹോട്ടലിൽ നിന്ന് പുറത്തു പോകുന്നതോടു കൂടി ചിത്രം അവസാനിക്കുന്നു.

സിനിമയുടെ സാധാരണ ആഖ്യാനഘടനയിൽ മാറ്റം വരുത്തി പ്രേക്ഷകന് ഒരു കാഴ്ച്ച വിരുന്ന് ഒരുക്കുകയാണ് സംവിധായകൻ. അവ്യക്തമായ ഫ്ളാഷ്ബാക്കുകളിലൂടെയും സമയകാല ദിശാബോധമില്ലാതെയുമാണ് സിനിമയുടെ സഞ്ചാരം. കഥാപാത്രങ്ങൾക്ക് പേരുകൾ കൊടുത്തിട്ടില്ല. അഭിനേതാക്കളുടെ മിന്നുന്ന പ്രകടനവും കലാ -ചി ത്രീകരണ -ശബ്ദസംവിധാനങ്ങളും പ്രമേയത്തിന്റെ ദുരൂഹവഴികളെ കൂടുതൽ ചിന്തകൾക്കായി ബോധ്യപ്പെടുത്തുന്നു .

സ്മൃതികൾക്കും വിസ്മൃതികൾക്കുമിടയിലുള്ള അനന്തമായൊരു കാലത്തെ ശബ്ദങ്ങളിലൂടെ സന്നിവേശിപ്പിച്ച് മനോഹരമായൊരു ചലച്ചിത്രഭാഷ്യമൊരുക്കുകയാണ് ചലച്ചിത്രകാരൻ. ഇനി നായിക അയാളെ വിഡ്ഢിയാക്കിയതാണോ? അതോ നായകന് ആള് മാറി പോയോ? എങ്കിൽ അവസാനം അവൾ എന്തിന് അയാളോടൊപ്പം പോയി? ഒത്തിരി ചോദ്യങ്ങൾ...

നായകൻ നായികയെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്ന വിവരണങ്ങൾ അല്ലെങ്കിൽ ഓർമ്മകൾ ഇവയെല്ലാം ഒരു സ്വപ്നമാണോ എന്ന് പ്രേക്ഷകന് തോന്നിയില്ലെങ്കിലേ അതിശയമുള്ളൂ. ഹിരോഷിമ മോൺ അമർ എന്ന സിനിമ ഓർമ്മയുടെ രേഖീയ ഘടനയിലാണെങ്കിൽ ഈ സിനിമ നിഗൂഢമായ സത്യത്തിലേക്കുള്ള ഓർമ്മകളുടെ പിരിയൻ ഗോവണി പോലെയാണ്. കഥയെ സ്വന്തമായി വളരാൻ അലൻ റെനേ അനുവദിക്കുന്നു .

22-ാമത് വെനീസ് അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ ഈ ചിത്രം ഗോൾഡൻ ലയൺ നേടി.




May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL



# അലൻ റെനെ - കലയിലും സൗന്ദര്യത്തിലും മാത്രം വിശ്വാസം




**സുരേഷ്കുമാർ.സി**
സെക്രട്ടറി ,
(ബീം ഫിലിം സൊസൈറ്റി)



ഫ്രഞ്ച് ന്യൂ വേവ് സിനിമയുടെ പ്രധാന പ്രയോക്താക്കളിലൊരാളായിരുന്നു പ്രമുഖ ഫ്രഞ്ച് ചലച്ചിത്രകാരനായിരുന്ന അലൻ റെനെ.

ലഭ്യമായ സൗകര്യങ്ങൾക്കുള്ളിൽ നിന്ന് ശുദ്ധമായ സിനിമ എന്നതാണ് തന്റെ സിനിമാ സങ്കൽപ്പമായി അദ്ദേഹം മുന്നോട്ടു വയ്ക്കുന്നത്. ആദ്യകാലത്ത് ഇടതുപക്ഷ രാഷ്ട്രീയവുമായി അടുപ്പം പുലർത്തിയിരുന്നു അലൻ റെനെ. തന്റെ സിനിമാജീവിതത്തിന്റെ ആദ്യഘട്ടമായ ഡോക്യുമെന്ററി നിർമ്മാണത്തിൽ ആ അനുഭാവം വ്യക്തമായി കാണാവുന്നതാണ്.

നാടകാഭിനയത്തിലൂടെയാണ് അലൻ റെനെ കലാജീവിതം ആരംഭിക്കുന്നത്. സിനിമയിൽ എഡിറ്റിംഗിൽ ഔപചാരിക പഠനം പൂർത്തിയാക്കിയ അദ്ദേഹം 1946 ൽ എഡിറ്ററായി സിനിമാജീവിതം ആരംഭിച്ചു. ഇതിനിടയിൽ കുറച്ചു കാലത്തെ സൈനിക സേവനവും നടത്തി.



May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL
filca




1948 ൽ വിഖ്യാത ചിത്രകാരനായ വിൻസെന്റ് വാൻഗോഗിന്റെ പെയിന്റിംഗുകളെ സംബന്ധിച്ച ഒരു ഹൃസ്വ ചിത്രത്തോടെയാണ് അലൻ റെനെ തന്റെ സംവിധാന സപര്യ തുടങ്ങിയത്. 2 റിൽ ഹൃസ്വ ചിത്രത്തിനുള്ള ഓസ്കാർ അവാർഡ് ആ ചിത്രം കരസ്ഥമാക്കി. തുടർന്ന് പിക്കാസോയുടെ’ ഗൂർണിക്ക’ യെ പറ്റിയുള്ള മറ്റൊരു ഹൃസ്വ ചിത്രവും.

അതിനു പിന്നാലെയാണ് , 1956 ൽ റെനെ യെ പ്രശസ്തിയിലേയ്ക്കുയർത്തിയ’




Night and Fog ’ എന്ന ഡോക്യുമെന്ററി പുറത്തു വരുന്നത്. ജർമ്മനിയിലെ നാസി കോൺസെൻട്രേഷൻ ക്യാമ്പുകളെ പറ്റിയുള്ളതായിരുന്നു ആ ഡോക്യുമെന്ററി.

1959 ലെ’ Hiroshima mon Amour’ ( Hiroshima my Love) ആയിരുന്നു റെനെയുടെ ആദ്യ ഫീച്ചർ സിനിമ. ഫ്രഞ്ച് ന്യൂ വേവ് സിനിമയെ വളരെയേറെ സ്വാധീനിച്ച ചിത്രമായാണ് നിരൂപകർ ഇതിനെ കണക്കാക്കിയത്.

രണ്ട് വ്യക്തികൾക്കിടയിൽ നടക്കുന്ന ആത്മനിഷ്ഠ സംഭാഷണങ്ങളിലൂടെ, അതിൽ കടന്നുവരുന്ന വിഷയങ്ങളുടെ ദൃശ്യ വിന്യാസത്തിലൂടെ, വർത്തമാനകാലത്തിനു മുകളിൽ ഭൂതകാല ഓർമ്മകളെ ഇഴയറിയാതെ വിളക്കിച്ചേർക്കുന്ന പുതിയതും തനതുമായ രചനാരീതിയാണ് ആദ്യ ചിത്രത്തിലൂടെ തന്നെ റെനെ അവതരിപ്പിക്കുന്നത്. റെനെ ചിത്രങ്ങളുടെ സവിശേഷ സ്വഭാവമായി




ഈ രചനാരീതി കണക്കാക്കപ്പെടുന്നുണ്ട്. അമേരിക്കയെ പ്രകോപിപ്പിക്കാതിരിക്കാനായി 1959 ലെ കാൻ ഫെസ്റ്റിവലിൽ മത്സര വിഭാഗത്തിൽ നിന്ന് ഒഴിവാക്കിയെങ്കിലും FIPRESCI യുടെ പുരസ്കാരം ഈ ചിത്രം നേടുകയുണ്ടായി.

റെനെയുടെ രണ്ടാമത്തെ ഫീച്ചർ സിനിമയായ ’ Last Year at Marienbad ’ (1961) ഉം ശ്രദ്ധേയമായ ഒരു ന്യൂ വേവ് സിനിമയാണ്. പേര് നൽകിയിട്ടില്ലാത്ത മൂന്ന് മനുഷ്യർക്കിടയിൽ - ഒരു സ്ത്രീയും രണ്ട് പുരുഷന്മാരും - ഉടലെടുക്കുന്ന,യാഥാർത്ഥ്യവും ഭാവനയും കൂടിക്കുഴയുന്ന ബന്ധങ്ങളുടെയും അവയെ ചൊല്ലിയുള്ള തർക്കങ്ങളുടെയും ദൃശ്യാവിഷ്കാരമാണ് ഈ സിനിമ. ഒരു നിഗമനത്തിലെത്താൻ റെനെ പ്രേക്ഷകരെ നിർബന്ധിക്കുന്നതെയില്ല. ഓർമ്മകൾ

May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL
filca




കൊണ്ടുള്ള പകിടകളി തന്നെയാണ് ഇവിടെയും റെനെ ചെയ്യുന്നത്.


സാങ്കൽപ്പിക – ഓർമ്മയിൽ മാത്രമുള്ള – ഭൂതകാലത്തെ വർത്തമാനകാല ജീവിതവുമായി കോർത്തിടുന്ന മറ്റൊരു മനശ്ശാസ്ത്ര സിനിമയാണ് 'Muriel' (1963). ഫ്രഞ്ച് അധിനിവേശത്തിനെതിരെയുള്ള അർജീരിയൻ സമരത്തിന്റെ പശ്ചാത്തലത്തിലാണ് സിനിമ അവതരിപ്പിക്കപ്പെടുന്നത്.

സ്പെയിനിലെ ഫ്രാങ്കോയ്ക്കെതിരെ നടന്ന പോരാട്ടങ്ങൾ പശ്ചാത്തലമാക്കിയ ' The War is Over (1966) , ഗോദാർദ് ഉൾപ്പെടെ ആറ് പേരുമായി ചേർന്ന് നിർമ്മിച്ച Far from Vietnam (1967) എന്നിവയ്ക്ക് ശേഷം റെനൈ രാഷ്ട്രീയ വിഷയങ്ങളിൽ നിന്നും അകന്നു നിൽക്കുന്നതായി കാണാം.




സംഗീതം, ചിത്രകല, നാടകം തുടങ്ങി കലയുടെ വിവിധ ധാരകളിലേക്ക് റെനെ കടന്നു ചെല്ലുന്നു. വ്യത്യസ്ത പ്രമേയങ്ങളുമായുള്ള അദ്ദേഹത്തിന്റെ സിനിമായാത്രയിൽ മൃഗങ്ങളുടെ സ്വഭാവ നിരീക്ഷണത്തിന്റെ ' My American Uncle ' (1980), ഉട്ടോപ്യൻ സ്വപ്നങ്ങളെ പരിഹസിക്കുന്ന ' Life is a Bed of Roses ' (1983), ഇംഗ്ലീഷ് ഭാഷയിലെടുത്ത 'Providence ' (1977), മികച്ച സാമ്പത്തിക നേട്ടമുണ്ടാക്കിയ ' Stavisky '(1974) എന്നിവയുൾപ്പെടും.

അവസാന ഘട്ടത്തിൽ സാഹിത്യകൃതികളെ, വിശിഷ്യാ നാടകങ്ങളെ അധികരിച്ചുള്ള സിനിമകളിലാണ് റെനെ കൂടുതൽ ശ്രദ്ധയൂന്നിയത്. ' Melo' (1986), 'I want to Go Home' (1989), ' Wild Grass ' (2009) 'You Ain't seen Nothin' Yet ' (2012) എന്നിവ അവയിൽ ചിലതാണ്.





പ്രശസ്ത നാടകകൃത്തായ Alan Ayckbourn ന്റെ നാടകമായ 'Arrivals and Departures' സിനിമയാക്കാനുള്ള തയ്യാറെടുപ്പിനിടയിൽ 2014 മാർച്ച് ഒന്നിന് അലൻ റെനെ അന്തരിച്ചു.

ആത്മപ്രകാശനത്തിനായി താൻ സിനിമ ചെയ്യാറില്ലെന്നും പ്രേക്ഷകരെ തിയേറ്ററിനുള്ളിൽ പിടിച്ചിരുത്താൻ കഴിയുക എന്നതും നല്ല സിനിമയുടെ ഉത്തരവാദിത്തമാണെന്നും റെനെ കരുതിയിരുന്നു. സന്ദേശ

ങ്ങൾ നൽകുക തന്റെ സിനിമയുടെ ലക്ഷ്യമല്ലെന്നും കലയിലും സൗന്ദര്യത്തിലും മാത്രമാണ് തന്റെ വിശ്വാസമെന്നും റെനെ തന്റെ നിലപാട് പരസ്യമായി പ്രഖ്യാപിക്കുന്നു.


ഓർമ്മകളുടെ താളങ്ങളിലൂടെയും താളഭംഗങ്ങളിലൂടെയും തന്റെ രചനാ വൈഭവം മുന്നോട്ടു കൊണ്ടുപോയ പ്രതിഭാധനനായ വിശ്വ ചലച്ചിത്രകാരനാണ് അലൻ റെനെ.












May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL
filca



# മിറർ: കഴിഞ്ഞുപോയ കാലത്തെ തേടി.



മെറിൽ. പി. എൽ
(ഫിൽക്ക )

### 1.വ്യക്തിഗത സിനിമ

താർകോവ്സ്കിയെ സിനിമാ ചരിത്രത്തിലെ എക്കാലത്തെയും പ്രഗൽഭ സംവിധായകരിൽ ഒരാളായാണ് ലോകം കാണുന്നത്. അദ്ദേഹം കയ്യാളിയ ഏഴ് ചലച്ചിത്രങ്ങളിൽ 1975-ൽ സംവിധാനം ചെയ്ത മിറർ ആണ് ഏറ്റവും വ്യക്തിപരമായിട്ടുള്ളത്. ആത്മകഥാംശം ധാരാളം കടന്നു വരുന്ന സിനിമ തന്നെയാണ് ഏറ്റവും അമൂർത്തമായിട്ടുള്ളതും. തന്റെ ഓർമ്മകളിലും ചിന്തകളിലും കൂടിയുള്ള ഒരു മായിക സഞ്ചാരമാണ് താർകോവ്സ്കി മിററിൽ നടത്തുന്നത്. അച്ഛന്റെ സാന്നിധ്യം കുറഞ്ഞ, അമ്മയുടെ ത്യാഗങ്ങൾ നിറഞ്ഞ, മാസ്മരികമായ ബാല്യം.

താർകോവ്സ്കിയുടെ ഭാര്യയുടെയും അമ്മയുടെയും പേരുകൾ കാണാം. ആകെ അദ്ദേഹത്തിന്റെ പിതാവായ ആർസെനിയുടെ തത്വജ്ഞാന ചിന്തകൾ സ്ഫുരിക്കുന്ന കവിതാ ശകലങ്ങൾ പലയിടത്തും അദ്ദേഹം ഈ തന്നെ ചൊല്ലുന്നുമുണ്ട്.

### 2.ആരംഭം

സിനിമ തുടങ്ങുന്നത് ഒരു കൗമാരക്കാരൻ ടീവി സ്വിച്ച് ഓൺ ചെയ്യുന്ന രംഗത്തോടെയാണ്. ടെലിവിഷനിലെ കറുപ്പും വെളുപ്പും ദൃശ്യത്തിൽ നാം ഒരു സുമുഖനായ യുവാവിനെ കാണുന്നു. അയാൾ ഖാർകിവ് നഗരവാസി ആണെന്ന് നല്ല വിക്കുള്ള സംസാരത്തിൽ പരിചയപ്പെടുത്തുന്നു.തുടർന്ന് ഹിപ്നോട്ടിക് തെറാപ്പി പോലെ ഒരു ഇതര ചികിത്സാ സമ്പ്രദായം ഉപയോഗിച്ച് അയാളുടെ വിക്ക് ഫലപ്രദമായി മാറ്റുന്നു. സിനിമയിലെ ഈ രംഗം ബാക്കി ആഖ്യാനവുമായി നേർബന്ധം ഇല്ലാതെ വേറിട്ടു നിൽക്കുന്നതായി തോന്നാം. എന്നാൽ വീണ്ടും വീണ്ടും പടം കണ്ടു കഴിയുമ്പോൾ സംവിധായകന്റെ ഉദ്ദേശം എന്താണെന്നു നമുക്ക് ഏകദേശം പിടികിട്ടും.

ഈ രംഗം ശരിക്കും തുടർന്നുള്ള കഥാഖ്യാനത്തെ പറ്റിയുള്ള ഒരു തരം മുന്നറിയിപ്പാണ്.

May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL
filca



ഇവിടെ നമ്മൾ ജിജ്ഞാസുവായ, ഏകാന്ത നായ ഒരു കൗമാരക്കാരനെ കാണുന്നു. ശാസ്ത്രത്തിന്റെ അത്ഭുത കുതിപ്പിന്റെ പ്രതീകമായ ടെലിവിഷൻ കാണുന്നു. ശാസ്ത്രത്തിന് അതീതമായ പ്രകൃതിശക്തികൾ ഉപയോഗിച്ച് കൊണ്ടുള്ള രോഗമുക്തിയും കാണുന്നു. ഖാർകിവ് യുക്രൈനിലെ ഒരു പ്രമുഖ നഗരമാണ്. ആ യുവാവിന്റെ അവസാനത്തെ ആത്മവിശ്വാസം തുളുമ്പുന്ന സംസാരം, അതുവരെ അടിച്ചമർത്തപ്പെട്ടിരുന്ന യുക്രൈൻ സ്വത്വത്തിന്റെ ഉയിർത്തെഴുന്നേല്പിനെ ധ്വനിപ്പിക്കുന്നതായി കാണാം. അത് സ്റ്റാലിൻ യുഗത്തിന് ശേഷമുള്ള കാലഘട്ടമാണ്.കേവല യാഥാർഥ്യവും അതീന്ദ്രിയതയും ശാസ്ത്രവും സാമൂഹിക രാഷ്ട്രീയ ചരിത്രവും ഒക്കെ കൂടിക്കുഴഞ്ഞ, നിരവധി അടരുകളുള്ള, പലവഴികളിൽ ചിന്തകളെ മാറ്റി വിടാൻ പ്രചോദിപ്പിക്കുന്ന ഭാഷ്യമാണ് നാം ഇവിടെ ദർശിക്കുന്നത്. ഒരു മറുചിന്തയിൽ നമ്മുടെ അടൂർ ഗോപാലകൃഷ്ണന്റെ ആത്മകഥാപരമായ കഥാപുരുഷൻ ഇവിടെ സ്മരിക്കാം. അവിടെയും നല്ല വിക്കുള്ള ഒരു ബാലൻ (കുഞ്ഞുണ്ണി) വളർന്ന് ഒറ്റപെടലിന്റെയും പ്രതികൂല സാമൂഹിക രാഷ്ട്രീയ ചുറ്റുപാടുകളെയും തരണം ചെയ്ത് തന്റെ ആത്മവിശ്വാസം വീണ്ടെടുക്കുന്നുണ്ട്.

### 3. ബോധ ധാരാ സങ്കേതം

മിററിൽ താർകാവ്സ്കി ഉപയാഗിച്ചിരിക്കുന്ന ആഖ്യാന സമ്പ്രദായം, സാഹിത്യത്തിൽ പല ചൂടുള്ള ചർച്ചകൾക്കും വഴി തെളിച്ച ബോധ ധാരാ സങ്കേതം (സ്ട്രീം ഓഫ് കാൺഷ്യസ്നെസ്) ആണ്. മാർസെൽ പ്രൗസ്റ്റ്, ജെയിംസ് ജായ്സ്, വിർജീനിയ വുൾഫ് എന്നീ എണ്ണംപറഞ്ഞ വിശ്വോത്തര എഴുത്തുകാർ ഈ സങ്കേതത്തിന്റെ ഇരുപതാം നൂറ്റാണ്ടിലെ അറിയപ്പെട്ട പ്രയോക്താക്കളാണ്.കാലവും സ്ഥലവും വ്യക്തമാക്കുന്ന സാമ്പ്രദായിക കഥപറച്ചിൽ ഇവിടെ ഇല്ല. പതിവുള്ള കഥാപാത്ര പരിചയപ്പെടലും, അവരുടെ സ്വഭാവിശേഷ രൂപീകരണവും കാണാൻ കഴിയില്ല. സമയക്രമം പാലിച്ചല്ല സംഭവങ്ങൾ പലതും നടക്കുന്നത്. എന്നാൽ അതിശയിപ്പിക്കുന്ന, പിടിച്ചിരുത്തുന്ന ദൃശ്യങ്ങളുടെ ഒരു ഒഴുക്കിനു നാം സാക്ഷ്യം വഹിക്കുന്നു. സ്വാഭാവിക ശബ്ദങ്ങളും സംഗീതവും സംഭാഷണങ്ങളും അതിനെ കൊഴുപ്പിക്കുന്നു. ആ ഒഴുക്ക് ചുറ്റി കടന്നു പോകുന്നത് ഓർമ്മകളിലൂടെയും സ്വപ്നങ്ങളിലൂടെയും ചിന്തകളിലൂടെയും രേഖപ്പെടുത്തിയ വാർത്താ ദൃശ്യങ്ങളിലൂടെയും മാറി മറിഞ്ഞാണ്.



പലയാവർത്തി കണ്ടു കഴിയുമ്പാൾ ഈ രംഗങ്ങൾ പരസ്പരം അദൃശ്യമായി ബന്ധിപ്പിക്കുന്ന ചില വസ്തുതകളെ, അത്ഭുതപരമായി നമ്മുടെ ശ്രദ്ധയിൽ മിഴിവോടെ കൊണ്ടുവരുന്നു. കേവല യുക്തിക്കപ്പുറം വേറെ ഏതോ തലത്തിൽ നിന്നാണ് അവ നമ്മോട് സംവദിക്കുന്നത്. ഒരു കാര്യവും നമ്മോട് നേരെ പറയുന്നില്ല. എന്നാൽ ആവർത്തിച്ചു കാണുമ്പാൾ നമ്മൾ പലതും മനസ്സിലാക്കുന്നു. ആഴത്തിൽ അനുഭവിക്കുന്നു.

മിററിന്റെ എഴുത്തുകാരായി രേഖപ്പെടുത്തിയിരിക്കുന്നത് താർകാവ്സ്കിയും അലക്സാർ മിസ്ഹറിനും ആണ്. എന്നാൽ ഈ സിനിമക്ക് ഒരു ബന്ധിത തിരക്കഥ ഉണ്ടോ എന്നത് ഒരു ചോദ്യം തന്നെയാണ്. കാരണം ഇത് സാധാരണ രീതിയിലുള്ള ചലച്ചിത്ര തിരക്കഥ ഘടനയുമായി ഒരു ബന്ധവും പുലർത്തുന്നില്ല. ചില രംഗങ്ങൾ നല്ല സ്വാഭാവിക നിറങ്ങളിൽ ചാലിച്ചതാണെങ്കിൽ, മറ്റ് പലതും പൂർണമായും കറുപ്പിലും വെളുപ്പിലുമാണ്.

### 4. കഥാപാത്രങ്ങൾ

മിററിലെ നായകന്റെ പേര് അലക്സി. അയാൾ മധ്യവയസ്കനായ ഒരു കവിയാണ്. വെളിപ്പെടുത്താത്ത ഒരു രോഗം മൂലം ഇപ്പോൾ മരണകിടക്കയിൽ ആണ്. അയാളുടെ ഓർമ്മകളും സ്വപ്നങ്ങളും ചിന്തകളും മാത്രമാണ് ഈ സിനിമ. പിന്നെയുള്ള കഥാപാത്രങ്ങൾ അയാളുടെ അമ്മയും വേർപിരിഞ്ഞ ഭാര്യയും അവരുടെ മകൻ ഇഗ്നാറ്റും ആണ്.പ്രഗത്ഭയായ നടി മാർഗരീറ്റ ടെറേഖോവ ആണ് അലെക്സിയുടെ ചെറുപ്പത്തിലെ അമ്മയായും അലെക്സിയുടെ മുൻ ഭാര്യ യായും വേഷപ്പകർച്ച നടത്തുന്നത്. അതു പോലെ കൗമാരക്കാരനായ ഒരേ അഭിനേതാവ് തന്നെയാണ് അലെക്സിയുടെ കുട്ടിക്കാലവും അയാളുടെ മകൻ ഇഗ്നാറ്റിന്റെ രോഷവും കയ്യാളിയിരിക്കുന്നത്. ഇത് ആളെണ്ണം കുറച്ചു ബഡ്ജറ്റ് നിയന്ത്രിക്കാനുള്ള ശ്രമമാണോ എന്ന് സരസമായി ചിന്തിക്കാം. അല്ലെങ്കിൽ ആശയകുഴപ്പം കൂട്ടാനുള്ള ഒരു കുതന്ത്രമണോ എന്നും ചോദിക്കാം. എന്നാൽ ഒന്നിരുത്തി ചിന്തിച്ചാൽ വേറെ ഒരു കാര്യം നമുക്ക് ഓർമ്മ വരും. ചവറുകണക്കിന് ഉൽപാദിക്കപ്പെടുന്ന ഓർമ്മകൾ സൂക്ഷിക്കാൻ പല തന്ത്രങ്ങളും പ്രയോഗിക്കുന്ന ഒരു വിദ്വാൻ ആണ് നമ്മുടെ മനസ്സ്. സാദൃശ്യമുള്ള ആൾക്കാരുടെ രൂപങ്ങൾ, പലപ്പാഴും തമ്മിൽ കലർത്തി മിനുക്കി ആ വിദ്വാൻ ആരുടേയും സമ്മതത്തിനു കാത്തു നിൽക്കാതെ ഒരേ രൂപത്തിൽ ആക്കിത്തീർക്കാറുമുണ്ട്.വേറൊരു പ്രത്യേകത, മുതിർന്ന അലെക്സിയുടെ മുഖം സിനിമയിൽ ഒരിടത്തു മാത്രമേ കാണുന്നു



ള്ളൂ എന്നതാണ്. അതും ഒരു കൂട്ടം സംഭാഷണത്തിനിടക്ക് മിന്നായം പോലെ. സംവിധായകൻ നമ്മോട് ഒരു തരത്തിൽപറയുകയാണ് - ശരീരത്തിന് എന്ത് പ്രസക്തിയാണുള്ളത് , മനസ്സല്ലേ എല്ലാം! രണ്ടാം ലോക മഹായുദ്ധത്തെ മുൻനിർത്തിയുള്ള മൂന്ന് കാലഘട്ടങ്ങളിൽ ആണ് ഈ കഥാപാത്രങ്ങളെ നാം കാണുന്നത്. യുദ്ധപൂർവ 1930- കൾ. യുദ്ധം കൊടുമ്പിരി കൊണ്ടിരുന്ന

May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL
filca



1940-കൾ. പിന്നെ യുദ്ധാനന്തര 1960-കൾ. യുവാവായ അലക്സി അവസാനം പറഞ്ഞ കാലഘട്ടത്തിലാണ് ജീവിക്കുന്നത്.

### 5. യുദ്ധപൂർവ വർഷങ്ങൾ

യുദ്ധപൂർവ്വ കാലത്തിൽ അലെക്സിയുടെ അമ്മ സുന്ദരിയായ യുവതിയാണ്. അവരുടെ ഒറ്റപ്പെട്ട ജീവിതവും ത്യാഗങ്ങളും ആണ് ഈ കാലയളവിൽ അധികവും. പട്ടാളത്തിലായിരുന്ന ഭർത്താവ് ഉപേക്ഷിച്ച അവർ, മോസ്കാ നഗരത്തിൽ ഒരു പത്രം ഓഫീസിൽ പ്രൂഫ് റീഡർ ആയി ജോലി എടുക്കുകയാണ്. അവർക്കു രണ്ടു കുഞ്ഞുകുട്ടികളുണ്ട് - അലക്സിയും അവന്റെ പെങ്ങളും. അവർ വേനലവധിക്കാലം ചിലവഴിക്കുന്നത് . അമ്മയുടെ പിതൃഭവനത്തിലാണ്. അത് ശാന്തമായ പ്രകൃതി രമണീയമായ ഒരുൾ പ്രദേശത്തിലാണ്. ഓക്ക് മരക്കാടുകളുടെ അടുത്ത്, ഗോതമ്പു പാടത്തിന്റെ വരമ്പിലായി, തടിയിൽ തീർത്ത മനോഹരമായ ഒരു വീട്ടിൽ.

സിനിമയിലെ രണ്ടാം രംഗം ഇവിടെയാണ് അരങ്ങേറുന്നത്. ഒറ്റപ്പെടലിന്റെ വിരസതയിൽ ഇരിക്കുന്ന മാർഗരീറ്റ ഒരു വഴിപോക്കനെ കണ്ടുമുട്ടുന്നു. അയാൾ രസികനായ ഒരു ഡോക്ടർ ആണ്. അവർ സരസ സംഭാഷണങ്ങളിൽ ഏർപ്പെടുന്നു. ഒരുമിച്ചു പുകവലിക്കുന്നു.താക്കോൽ നഷ്ടപെട്ട മരുന്ന് പെട്ടി തുറക്കാൻ അയാൾ ആണിയും സ്ക്രൂ ഡ്രൈവറും അന്വേഷിക്കുന്നു. അവൾ ആ ആവശ്യം നിരാകരിക്കുമ്പാൾ, അയാൾ പറയുന്നു- എല്ലാവരും തിരക്കിലാണ്. ആരും ഒന്നും ശ്രദ്ധിക്കുന്നില്ല. ഒന്നും മനസ്സിലാക്കുന്നില്ല. ആർക്കും ആരെയും വിശ്വാസമില്ല. ഇതും പറഞ്ഞു തിരിഞ്ഞു നടന്നു തുടങ്ങുമ്പാൾ, അയാളുടെ ചെവിയിൽ ചോര പൊടിഞ്ഞിട്ടുണ്ട് എന്നവൾ ഓർമിപ്പിക്കുന്നു. അയാൾ അത് അവഗണിച്ചു കൊണ്ട് വീണ്ടും മുന്നാട്ട് പോകുമ്പാൾ, പെട്ടെന്ന് ഒരു ഇളങ്കാറ്റ് അതു വഴി കടന്നു പോകുന്നു. അത് ആ വയൽ



പാടത്തെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ മെല്ലെ തഴുകുന്നു. അതൊരു മായിക കാഴ്ചയാണ്. അയാളും അവളും കുഞ്ഞുങ്ങളും ആ കാഴ്ച്ച അത്ഭുതത്തോടെ വീക്ഷിക്കുന്നു. കാണിയും ആ അത്ഭുതത്തിൽ പങ്ക് ചേരുന്നു.പ്രകൃതി ശക്തികൾ നിശബ്ദമായി അയാളോട് അവളുടെ അടുത്തേക്ക് തിരികെ പോകാൻ പ്രേരിപ്പിക്കുന്നത് പോലെ നമുക്ക് തോന്നും. ഈ രംഗവും കാണിക്ക് ഒരു മുന്നാരുക്കമാണ് - ഇനി വരാനിരിക്കുന്ന യുക്തിയുടെ അതിർവരമ്പുകളെ ചോദ്യം ചെയ്യുന്ന മായിക കാഴ്ചകളെ പറ്റിയുള്ളത്. സിനിമാ ചരിത്രത്തിലെ തന്നെ ഏറ്റവും റൊമാന്റിക് ആയ രംഗങ്ങളിൽ ഒന്നായാണ് ഞാൻ ഇതിനെ കാണുന്നത്. ഇത് പോലെ മറക്കാൻ കഴിയാത്ത ഒരു റൊമാൻസ്, താർകൊവ്സ്കിയുടെ

May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL

ആദ്യത്തെ സംരംഭമായ ഇവാൻസ് ചൈൽഡ്ഹുഡ്- ലും ഉണ്ട്. സുന്ദരമായ പ്രകൃതിയുടെ പശ്ചാത്തലത്തിൽ മെനഞ്ഞ ഒരു ദീർഘ രംഗമാണതും. സുമുഖനായ ഒരു മിലിറ്ററി ഓഫീസർ, യുവതിയായ നേഴ്സിനെ കൊച്ചു വർത്തമാനങ്ങളും തമാശകളും പറഞ്ഞു മയക്കുന്നു. അയാളുടെ കരുത്തുള്ള കൈകളിൽ ഉയർത്തപ്പെട്ട അവളെ അയാൾ അതിമധുരമായി ചുംബിക്കുന്നു. മിററിലെ മാർഗരീറ്റയുടെ കഥാപാത്രത്തിന് ആ ഭാഗ്യം ലഭിച്ചില്ല എന്നും കൂടി പറഞ്ഞു നിർത്താം.

### 6. യുദ്ധത്തിന്റെ നാളുകൾ

വാർത്താ വീഡിയോ ശകലങ്ങൾ യുദ്ധകാലത്തെ അഭിസംബോധന ചെയ്യാൻ സിനിമയിൽ ധാരാളം ഉപയാഗിക്കുന്നുണ്ട്. പട്ടാളക്കാരുടെ കഷ്ടപ്പാടുകളും ദുരവസ്ഥയും നാം കാണുന്നു. ഭാരമേറിയ തോക്കും സന്നാഹങ്ങളും പേറി അവർ നദികൾ കടക്കുന്നു. കറൻസി നോട്ടുകൾ കടലാസ് പോലെ വെള്ളത്തിൽ ഒഴുകി നടക്കുന്നു.

വെടിവച്ചു ചീറി പായുന്ന യുദ്ധവിമാനങ്ങൾ. തറയിൽ വീണു കിടക്കുന്ന ഹിറ്റ്ലറുടേത് എന്ന് തോന്നിപ്പിക്കുന്ന ശവശരീരം. അണുബോംബ് വീഴ്ചയിൽ നിന്നുയരുന്ന ബൃഹത്തായ മാരകമായ കൂൺ മേഘങ്ങൾ. തെരുവുകളിലെ യുദ്ധ വിജയ ആഘോഷങ്ങൾ.

സിനിമയിലെ യുദ്ധപൂർവരംഗങ്ങൾ വേനൽകാലത്താണ് നടക്കുന്നതെങ്കിൽ, യുദ്ധകാലം പ്രതിപാദിക്കുന്നത് അതിശൈത്യത്തിലാണ്. വേറൊരു കാഴ്ചപ്പാടിൽ കണ്ടാൽ ഈ രംഗങ്ങളാക്കെ കാട്ടി തരുന്നത്, മനുഷ്യൻ അവന്റെ തന്നെ കുലത്തിനോടും പ്രകൃതിയോടും ചെയ്യുന്ന ക്രൂരതകളാണ്. അത് അവന്റെ സ്വാർത്ഥതയിലും മൂഢതയിലും അധിഷ്ഠിതമാണ്. ശാസ്ത്ര



-സാങ്കേതിക മേഖലയിലെ വികസനങ്ങൾ എല്ലാം ചെന്നെത്തുന്നത് സ്വയം നശീകരണത്തിന്റെ പാതയിലാണാ എന്ന് നമ്മെ ചിന്തിപ്പിക്കുന്നു.

കൗമാരക്കാരനായ അലക്സിയുടെ റൈഫിൾ പരിശീലനം അരങ്ങേറുന്നു. അവൻ ബാക്കി കുട്ടികളുടെ വിഷമതകൾ അനുഭവിക്കുന്നതായി കാണുന്നില്ല. അവന്റെ കൂട്ടാളിയായ വേറൊരു കൗമാരക്കാരനെ നമ്മൾ പരിചയപ്പെടുന്നു. ഭീകരനായ ലെനിൻ ഗ്രാഡ് ഉപരോധത്തിൽ അനാഥൻ ആയവനാണവൻ. പരിശീലനത്തിനിടെ അവന്റെ കണ്ണുകൾ നിറഞ്ഞാഴുകുന്നു.



വിഷാദരാഗം പിടിപ്പെട്ട പോലെ. നിഷ്ക ളങ്കത മാറാത്ത കുട്ടികൾ യുദ്ധത്തിൽ പങ്കെടുക്കേണ്ടി വരുമ്പാൾ ഉള്ള ദയനീയാവസ്ഥ കാട്ടി തന്ന് നമ്മെ വളരെയധികം വിഷമിപ്പിച്ച പടം ആയിരുന്നു താർകൊവ്സ്കി യുടെ തന്നെ 1962-ലെ ഇവാൻസ് ചൈൽഡ് ഹുഡ്. ആ അനാഥ കൗമാരക്കാരൻ കഷ്ടപ്പെട്ടു തണുത്തുറഞ്ഞ വെളുത്ത യുറാൽ പർവതനിരകൾ താണ്ടുന്നത് നാം കാണുന്നു. ഒരു ചെറിയ മരത്തിന്റെ അരികിൽ അവൻ വന്നു നിൽക്കുന്നു. അപ്പോൾ അതാ ഒരു കുരുവി അവന്റെ അടുത്തേക്ക് പറന്നു വരുന്നു. അതവന്റെ തലയിൽ വന്നിരിക്കുന്നു. സമാധാനിപ്പിക്കാനെന്ന പോലെ!


രംഗം പെട്ടെന്നു മാറുന്നു. മാവോ സേതുങ്ങിനെ പ്രതിപാദിക്കുന്ന വാർത്താ ശകലങ്ങളിലേക്കു അത് സഞ്ചരിക്കുന്നു. മാവോയുടെ പരിസ്ഥിതി വിരുദ്ധമായ ഫോർ പെസ്റ്റ്സ് പദ്ധതി നമ്മെ ഓർമ്മിപ്പിക്കുന്നു. അതിന്റെ ഭാഗമായി കുരുവികളെ നിർമ്മാർജനം ചെയ്യപ്പെടേണ്ട കീടമായി മുദ്രകുത്തി വേട്ടയാടിയിരുന്നു. ഒടുവിൽ വംശനാശം നേരിട്ട ഒരു ഉപവർഗ്ഗമായി കുരുവികൾ മാറി. മാവോയുടെ ചുവന്ന പുസ്തകം വിശിഷ്ടമായി ആഘോഷിക്കുന്ന വീറുള്ള ചൈനക്കാരെയും നമ്മൾ കാണുന്നു.

സിനോ-റഷ്യൻ സംഘർഷങ്ങളുടെ വീഡിയോ ശകലങ്ങൾ. ഒരിക്കൽ വേർപിരിയാത്ത കമ്മ്യൂണിസ്റ്റ് സഖാക്കൾ ആയിരുന്ന അവർ ഇപ്പോൾ ആ ബന്ധം വിച്ഛേദിക്കാൻ തുടങ്ങുന്നു. ഈ രംഗങ്ങൾ സഖാത്വത്തിന്റെ ശിഥിലതയെ സൂചിപ്പിക്കുന്നു.

പട്ടാള പരിശീലന ക്യാമ്പിൽ തന്നെ ആണ് അലക്സിയുടെ ആദ്യ പ്രണയവും. അതേ പെൺകുട്ടിയെ അവന്റെ പരിശീലകനായ ഉദ്യാഗസ്ഥനും പ്രേമിക്കുന്നു. പരിശീലനത്തിനിടെ ഒരു ഘട്ടത്തിൽ, ഗ്രെനേഡ് സ്ഫോടനം ഉണ്ടാവുമെന്നുള്ള തെറ്റിദ്ധാരണ മൂലം ആ ഉദ്യാഗസ്ഥൻ നിലത്തു മുഖം അമർത്തി കിടക്കുന്നു. അയാളുടെ മുടി കരിഞ്ഞ തലയോട്ടിയിൽ ഒരു വലിയ ഞരമ്പ് ക്രമത്തിൽ തുടിച്ചു കൊണ്ടിരിക്കുന്നു. ഒരു കുഞ്ഞു ഹൃദയത്തെ പോലെ. ആ ഭീകര നിമിഷത്തിൽ അയാൾ പ്രണയിനിയുടെ ചിരിക്കുന്ന മുഖം ഓർക്കുന്നു. യുദ്ധം ഇല്ലാത്ത സുന്ദരമായ ഒരു ജീവിതത്തെ കുറിച്ചുള്ള അയാളുടെ സ്വപ്നം ആണത്. അവൾക്ക് സംഭാഷണങ്ങൾ ഒന്നും തന്നെ ഇല്ല. അവൾക്ക് അലക്സിയെ ഇഷ്ടമായിരുന്നോ എന്നും അറിയില്ല. എന്നാൽ അലെക്സിക്ക് അവളെ മറക്കാൻ കഴിയുന്നില്ല. മോസ്കോ നഗരത്തിൽ വ്യോമാക്രമണം നിമിത്തം അലെക്സിയും അമ്മയും ഉൾപ്രദേശത്തേക്കു പാലായനം ചെയ്യുന്നു. അവിടെ ഒരു അയൽക്കാരിയുടെ വീട്ടിൽ ഒറ്റയ്ക്കിരിക്കുമ്പാൾ അലക്സി ഒരു നിലകണ്ണാടി കത്തിച്ചു കളയുന്നു. അതിൽ അവൻ അവളുടെ മുഖം കാണുന്നു. അവളെ മറക്കാനുള്ള അവന്റെ ശ്രമമായി ഇതിനെ കാണാം.

1930-ലെ രണ്ടാം ഭാഗത്തെ സ്പാനിഷ് ആഭ്യന്തരയുദ്ധ കാലത്തെ കറുപ്പും വെളുപ്പിലുമുള്ള ദൃശ്യങ്ങളിലൂടെ നാം കടന്നു പോകുന്നുണ്ട്. സ്റ്റാലിന്റെ സോവിയറ്റ് റഷ്യ സ്പെയിനിൽ കാര്യമായി തന്നെ ഇടപെട്ടിരുന്നു. സ്ത്രീകളും കുട്ടികളും നിരത്തിലൂടെ പരിഭ്രാന്തരായി നീങ്ങുന്നു. കുട്ടികളെ എങ്ങോട്ടോ കെട്ടി പെറുക്കി പറഞ്ഞു വിടുന്നു. ഒരു പാവയെ ചേർത്ത് പിടിച്ചിരിക്കുന്ന ഓമനത്തം തുളുമ്പുന്ന കുഞ്ഞു പെൺകുട്ടിയെ നാം കാണുന്നു. ഒരു സൈറണിന്റെ ഒച്ച കേട്ട് അവൾ ഞെട്ടി നോക്കുന്നു. അവളുടെ കാഴ്ചയിൽ ഭീമാ

May Film Festival ഫിലിം വിഷൻ Digital Magazine Published by Filca Film Society WAVES OF MEMORIES FILM FESTIVAL filca



കാരണങ്ങളായ എയർ ബലൂണുകൾ പ്രത്യക്ഷപെടുന്നു. അത് സോവിയറ്റ് റഷ്യയുടെ സൈനിക ബലൂൺ സംരംഭമാണ്.

പിന്നെ നമ്മൾ കാണുന്നത് ഒരുവർണ രംഗമാണ്. യുവാവായ അലെക്സിയുടെ അയലത്തുകാരനോ സുഹൃത്തോ ആയ ഒരാൾ ഒരു സ്പാനിഷ് കാള പോരാളിയുടെ വീരകഥകൾ ആവേശത്തോടെ വർണിക്കുന്നു. അയാൾ ക്ഷിപ്രകോപിയായ ഒരു റഷ്യക്കാരനാണെങ്കിൽ അയാളുടെ ഭാര്യ ഒരു സ്പാനിഷ്കാരിയാണ്. സ്റ്റാലിൻ കാലത്തെ തുറന്ന അഭയാർത്ഥി പരിപാടിയെ ഈ രംഗം ധ്വനിപ്പിക്കുന്നു. അവരുടെ മകൾ ചടുലമായി ഫ്ളമിങ്കൊ നൃത്തം ചെയ്യുന്നു. സ്പാനിഷ്കാരി അമ്മ നാട്ടിലേക്കു ഒരു തിരിച്ചു പോക്കിനായി കൊതിക്കുന്നു. മാതൃരാജ്യത്തേക്കു തിരിച്ചെത്താനുള്ള അടങ്ങാത്ത ആഗ്രഹം വിഷയമാക്കിയ സിനിമയായിരുന്നു തന്റെ പ്രവാസകാലത്തു താർകൊവ്സ്കി തന്നെചെയ്ത നൊസ്റ്റാൾജിയ. 1983-ൽ വന്ന പടമായിരുന്നു അത്.


## 7. യുദ്ധാനന്തര കാലം

യുദ്ധാനന്തര കാല രംഗങ്ങൾ കൂടുതലും നാഗരിക അകത്തളങ്ങളിൽ ആണ് ചുരുൾ വിരിയുന്നത്. അലെക്സിയും മുൻഭാര്യയും ആയുള്ള കൊച്ചു വർത്തമാനങ്ങൾ നാം കേൾക്കുന്നു. അവരുടെ മകൻ ഇഗ്നാറ്റിനും അലെക്സിയെ പോലെ മാനസിക വ്യഥകൾ ഉണ്ടാവുമോ എന്നയാൾ ഭയപ്പെടുന്നു. ഇഗ്നാറ്റിന് പിതാവിന്റെ സാമിപ്യം ലഭിക്കാൻ മുൻഭാര്യ ഇനിയും വേറെ വിവാഹിതയാവണമെന്നു അയാൾ നിർദ്ദേശിക്കുന്നു. അവൻ പഠിത്തത്തിൽ ഇനിയും ശ്രദ്ധിച്ചില്ലെങ്കിൽ പട്ടാളപരിശീലത്തിന് പോകേണ്ടി വരും എന്നും അയാൾ പറയുന്നു.

അലെക്സിയുടെ ഏകാന്തമായ കുട്ടിക്കാലത്തെ പോലെ ഇഗ്നാറ്റും അതീന്ദ്രിയം എന്ന് പറയാവുന്ന പല അനുഭവങ്ങളിൽ കൂടി കടന്നു പോകുന്നുണ്ട്. അമ്മയുടെ ബാഗിൽ നിന്ന് വീണ നാണയ തുട്ടുകൾ എടുത്ത് തിരികെ വയ്ക്കാൻ സഹായിക്കുമ്പാൾ അപ്രതീക്ഷിതമായി ഒരു ചെറിയ വൈദ്യുതാഘാതം ഏൽക്കുന്നുണ്ട്. ഉടൻ തന്നെ പുനരാനുഭവം ഉണ്ടായെന്ന് അവൻ പറയുന്നു. ആ വീട്ടിലെ ഏകാന്തമായ നിമിഷങ്ങളിൽ അവൻ പ്രായമായ രണ്ടു സ്ത്രീകളെ കാണുകയും കേൾക്കുകയും ചെയ്യുന്നു. ഒരു ഭൃത്യയും അവരുടെ



യജമാനത്തിയും ആണവർ. ആ സ്ത്രീകൾ പെട്ടെന്നു അപ്രത്യക്ഷമാവുന്നെങ്കിലും, അവർ ഉപയോഗിച്ച ചായ കോപ്പയിലെ ചെറു ചൂടിന്റെ അടയാളം ക്രമേണ മേശയിൽ നിന്നും മാഞ്ഞു പോകുന്നത് ഒരു പേടിപ്പെടുത്തുന്ന ദൃശ്യമാണ്. ഭൂതകാലത്തിൽ അതേ വീട്ടിൽ വസിച്ച ജീവിതങ്ങളെ നാം അപ്പോൾ ഓർക്കുന്നു.



മറ്റൊരു രംഗത്തിൽ, അലെക്സിയും ഭാര്യയും ജനാലയിൽ കൂടി വീടിന്റെ പരിസരത്തുള്ള തീപിടുത്തം കാണുന്നു. അതിന് സമീപത്തു ഇഗ്നാറ്റും ഉണ്ട്. ഇത് പോലെ ഒരു രംഗം അലെക്സിയുടെ കുട്ടികാലത്തും നാം നേരത്തെ കണ്ടു. വേനൽ കാലത്തു ഗ്രാമത്തിലെ അമ്മയുടെ വീടിന്റെ അടുത്തായുള്ള വയ്ക്കോൽ കൂര കത്തുന്നത്. അത് അത്ഭുതത്തോടെ വീക്ഷിക്കുന്ന അമ്മയും കുഞ്ഞുങ്ങളും. താർകൊവ്സ്കിയുടെ അവസാന സിനിമയായ സാക്രിഫൈസ് ന്റെ അവസാന രംഗത്തിലും ഇത് പോലെ ഒരു വീട് നിന്നു കത്തുന്നുണ്ട്. ആ പടത്തിലെ കഥാപാത്രങ്ങൾ എല്ലാവരും അത് മൂകമായി നോക്കി നില്കുന്നുമുണ്ട്.

മരണകിടക്കയിൽ ശയിക്കുന്ന അലെക്സിയെ നമ്മൾ പിന്നീട് കാണുന്നു. വിഷാദ രാഗം പോലെയുള്ള ഏതോ അജ്ഞാത അസുഖം ആണയാൾക്ക്. അലെക്സിയുടെ



അമ്മ അയാളെ ഇടയ്ക്കു ഫോണിൽ വിളിക്കാറുണ്ട്. അനാവശ്യ കാര്യങ്ങൾക്കു തല്ല് കൂടാറുമുണ്ട്. അവർ തമ്മിൽ ഒരകൽച്ച ഉണ്ടെന്ന് അലെക്സി സമ്മതിക്കുന്നുണ്ട്. കുട്ടികാലത്തെ പോലെ അമ്മ തന്റെ ജീവിതം ഇപ്പോഴും അവരുടെ ചൊൽപ്പടിക്ക് നിർത്താൻ ശ്രമിക്കുന്നു എന്നയാൾക്ക് തോന്നുന്നു. എന്നാൽ അതിനു വിരുദ്ധമായി തന്റെ സ്വച്ഛന്ദമായ മായിക കുട്ടിക്കാലത്തേക്ക് തിരിച്ചു പോകണം എന്നും അയാൾക്കു അതിയായ മോഹമുണ്ട്. തന്റെ അമ്മയുടെ നല്ല കാലം അത്രയും താൻ കാരണമാണ് നശിച്ചു പോയതെന്ന കുറ്റബോധം അയാളെ വേട്ടയാടുന്നുമുണ്ട്.

.

അലക്സിയുടെ കിടക്കയിൽ അയാളുടെ കൈയിൽ ചേർത്ത് പിടിച്ച മൃതപ്രായമായ ഒരു കുരുവിയെ നാം കാണുന്നു. താൻ സന്തോഷം മാത്രമാണ് ആഗ്രഹിച്ചിരുന്നത് എന്ന് ചുറ്റുമുള്ളവരോടായി അയാൾ പറയുന്നു. അലക്സിയുടെ രോഗം മാറിയില്ലെങ്കിൽ അമ്മക്ക് എന്ത് സംഭവിക്കും എന്നുള്ള ചോദ്യത്തിന് അയാൾ മറുപടി പറയുന്നത് ഇങ്ങനെയാണ് – ഒരു പ്രശ്നവുമില്ല. എല്ലാം ശരിയായി വരും. ഇത് പറഞ്ഞു കൊണ്ട് അലക്സി കുരുവിയെ കയ്യിൽ നിന്ന് സ്വതന്ത്രമാക്കി മുകളിലേക്ക്

May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL
filca

പറത്തി വിടുന്നു. ജീവിത ദുരിതങ്ങളിൽ നിന്നൊക്കെ മോചിക്കപെട്ട ജീവനെപോലെ.

**8. അന്ത്യം**

അടുത്ത രംഗം സിനിമയുടെ അവസാന രംഗമാണ്. ഓപ്പറ സംഗീതത്തിന്റെ അകമ്പടി യോടെ വളരെ ശക്തവും തീവ്രവും ആയ ഒന്നാണത്. അലെക്സിയുടെ അമ്മയാണ് ഇവിടെ മുഖ്യകഥാപാത്രം. സുന്ദരിയായ അവർ തന്റെ ചെറുപ്പക്കാരനായ ഭർത്താവു മൊത്തു പ്രണയസല്ലാപം നടത്തുന്നു. നേരത്തെ നാം കണ്ട ഗ്രാമത്തിലെ മനോഹരമായ വീടിന്റെ സമീപത്തെ പുൽത്തകിടിയിൽ ആണവർ വിശ്രമിക്കുന്നത്. അവൻ ചോദിക്കുന്നു - നിനക്ക് ആൺകുഞ്ഞാണാ പെൺ കുഞ്ഞാണാ വേണ്ടതെന്ന്!

സമ്മിശ്ര വികാരത്തോടെ അവൾ പച്ച പിടിച്ചു കിടക്കുന്ന പാടത്തേക്കു നോക്കുന്നു. അവൾ ആദ്യം മധുരമായി പുഞ്ചിരിക്കുന്നു. പിന്നെ മുഖത്ത് തളർച്ചയുള്ള ഒരു നിസ്സംഗ ഭാവം വന്നു നിറയുന്നു. ഇപ്പോൾ അനുഭവിക്കുന്ന സന്തോഷം ക്ഷണികമാണെന്നും ഇതു പോലെ ആയിരിക്കില്ല ഇനിയുള്ള ജീവിതം എന്നുമുള്ള സത്യം അവൾ മനസ്സിലാക്കി കഴിഞ്ഞിരിക്കുന്നു, എന്ന മട്ടിൽ.





പിന്നെ നമ്മൾ കാണുന്നത് ആ വീടൊക്കെ നശിച്ചു കാട് പിടിച്ചു കിടക്കുന്നതാണ്. ക്യാമറ നിലം കേന്ദ്രീകരിച്ചു നീങ്ങുമ്പാൾ പുത്തൻ ജീവന്റെ തുടിപ്പുകൾ അവിടെ മൊട്ടിട്ടിരിക്കുന്നത് നാം കാണുന്നു. പായലും കൂണും കളയും പുല്ലും പലതരം ചെറു പ്രാണികളും അവിടം കൈയടക്കിയിരിക്കുന്നു. വീടിന് മുന്നിലെ കിണർ അഴുക്കു കയറി ഉപയോഗപ്രദമല്ലാതായിരിക്കുന്നു.

പശ്ചാത്തലത്തിൽ, വികാരതീവ്രമായ സംഗീതം ഉയർന്നുയർന്നു നമ്മുടെ മനസ്സിലെ ഏതൊക്കെയാ അടഞ്ഞു കിടന്ന അറകളെ തട്ടി ഉണർത്തുന്നതായി അനുഭവപ്പെടുന്നു. അപ്പോൾ അലെക്സിയുടെ പ്രായമായ അമ്മ തന്റെ രണ്ടു കുഞ്ഞുങ്ങളേയും നയിച്ചു കൊണ്ട് പ്രകൃതിയുടെ വന്യതയിലൂടെ സധൈര്യം നടന്നു നീങ്ങുന്നു. അലക്സി അടുത്ത ജന്മത്തിലേക്ക് പ്രവേശിച്ചോ? അവന്റെ കുട്ടിക്കാലത്തേക്ക് തിരിച്ചു പോയി അമ്മയുമായി വീണ്ടും ഒന്നിച്ചോ?

ക്യാമറ മെല്ലെ നീങ്ങുമ്പാൾ അലെക്സിയുടെ ചെറുപ്പകാരിയായ അമ്മയെ ദൂരെ കാണുന്നു. അവർ പുകവലിക്കുകയാണെന്നു തോന്നുന്നു. അവരുടെ പിറകിലായി കുരിശിന്റെ ഘടനയുള്ള ഒരു രൂപം കാണുന്നു. അത് ആ വീടിന്റെ ആകെ അവശേഷിക്കുന്ന

May Film Festival ഫിലിം വിഷൻ Digital Magazine Published by Filca Film Society WAVES OF MEMORIES FILM FESTIVAL filca



ഭാഗമാണോ? അതോ ഒരു ഇലക്ട്രിക്ക് പോസ്റ്റ് മാത്രമോ? അതോ ജീവനത്തിന്റെ കഷ്ടത കളെയും, ക്രൂരതകളേയും ഓർമ്മിപ്പിക്കുന്ന യേശുവിന്റെ കുരിശ് രൂപം തന്നെയോ? സൂര്യൻ അസ്തമിച്ചു തുടങ്ങി. ക്യാമറ കഥ പാത്രങ്ങളെ അവരുടെ ലോകത്തു തന്നെ വിട്ടിട്ടു മെല്ലെ പിറകിലെ ഒരു ഓക്ക് മര ക്കാട്ടിലേക്ക് നീങ്ങുന്നു. ആ ഇരുട്ട് നമ്മുടെ കാഴ്ച്ചയെ മൊത്തം മറച്ചു തുടങ്ങുന്നു. ഓരോ തവണയും ഈ ദൃശ്യം എത്തുമ്പോൾ അറിയാതെ കണ്ണുകൾ ഈറനണിയും.

### 9. ആത്മീയ തലം

യാഥാർഥ്യത്തെ ചോദ്യം ചെയ്യുന്ന സ്വപ്ന തുല്യമായ മനോഹര രംഗങ്ങൾ കൊണ്ട് സമ്പുഷ്ടമാണ് മിറർ. ഇതിൽ മിക്കവയും സംഭവിക്കുന്നത് അലെക്സിയുടെ ചെറുപ്പ കാരിയായ അമ്മയുടെ സാമീപ്യത്തിലാണ്. നേരത്തെ പറഞ്ഞ മന്ദമാരുതൻ കടന്നു വരുന്ന പ്രണയ രംഗം മുതൽ ഈ മായാ ജാലം കാണാൻ കഴിയും. സിനിമയുടെ തുടക്കത്തിൽ മറ്റൊരു ദീർഘ രംഗം ഉണ്ട്. കറുപ്പിലും വെളുപ്പിലും സ്ലോമോഷനിൽ ആണ് അത് ചിത്രീകരിച്ചിരിക്കുന്നത്. വെള്ളത്തുള്ളികൾ പതിയെ ഇറ്റിറ്റു വീഴുന്ന ധ്യാനാത്മകമായ മൃദു ശബ്ദം മാത്രമാണ് നാം കേൾക്കുന്നത്. സമീപ ദൃശ്യത്തിൽ മാർഗരീറ്റയുടെ നനഞ്ഞ തലമുടി മുന്നി ലേക്ക് അഴിച്ചിട്ടിരിക്കുന്നു. മുഖം ഒട്ടും കാണാൻ വയ്യാത്ത വിധം നിബിഡമാണ് അവളുടെ മുടിയിഴകൾ. ഒരു ബാത്ടബ്ബിന്റെ മുന്നിലാണ് അവൾ ഇരിക്കുന്നത്. പതിയെ എണീറ്റ് നടന്നു തുടങ്ങുമ്പോൾ പുറകിലെ ഭിത്തിയിൽ വെള്ളത്തുള്ളികൾ ചാലായി ഒഴുകുന്നതു കാണാം. പതിയെ മുറിയുടെ ചുവർ ഭാഗങ്ങൾ പൊടിഞ്ഞു വലിയ പാളികൾ ആയി താഴേക്ക് പതിക്കുന്നു. അവളുടെ ഭാരമേറിയ ചിന്തകളാക്കെ ഇളകി പൊടി ഞ്ഞു പോകുന്നത് പോലെ.

ഇതു പോലെ സ്ലോമോഷനിൽ ചിത്രീകരിച്ച മറ്റൊരു നിശബ്ദ രംഗം സിനിമയിൽ ഉണ്ട്. അതും കറുപ്പിലും വെളുപ്പിലും തന്നെ. ഇവിടെ മാർഗരിറ്റയുടെ കൈകളും വിരലു കളും അതിസൂക്ഷ്മമായി പട്ടാളക്കാരനായ അവളുടെ ഭർത്താവ് ശാന്തമായി കഴുകി ഒപ്പിയെടുക്കുന്നു. ഇത് അവളുടെ അയൽ ക്കാരിയെ സഹായിക്കാൻ ഒരു പൂവൻ കോഴിയെ കഴുത്തറുത്തു കൊല്ലേണ്ടി വന്നതിനു ശേഷമുള്ള രംഗമാണ്. വിരലു കൾ തുടച്ച് ഉണക്കുമ്പോൾ, അവൾ കിടക്ക യുടെ ഏതാനും അടി ഉയരെ അന്തരീക്ഷ ത്തിൽ കിടക്കുന്നതായാണ്. നമ്മൾ കാണു ന്നത് ബുദ്ധിസ്റ്റ് ഗ്രന്ഥങ്ങളിലെ സന്യാസിമാർ ധ്യാനിക്കുമ്പാൾ ശരീരം ഉയർന്നു പോകു ന്നതു പോലെ!

താർകൊവ്സ്കിയുടെ സാക്രിഫൈസി ലും ഈ അനുഭവത്തിൽ കൂടി കടന്നു പോകുന്ന കഥാപാത്രങ്ങൾ ഉണ്ട്. അതി ലെ മാനസിക അസ്വാസ്ഥ്യം ഉള്ള നായകനെ അയാളുടെ സേവിക അതീവ വാത്സല്യത്തോ ടെ പുണരുമ്പോൾ അവർ വായുവിലേക്ക് ഉയരുന്നു. ഭാരമില്ലാത്ത മനസ്സിന്റെ പ്രതീകം പോലെ.

മിററിൽ പിന്നെയും കറുപ്പിലും വെളുപ്പിലും പകർത്തിയ ഒരു ധ്യാനാത്മക സ്നാന

May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL



രംഗമുണ്ട്. അലെക്സിയുടെ അമ്മ ജോലിയെടുക്കുന്ന പത്രം ഓഫീസിലാണത്. കടുത്ത മാനസിക സംഘർഷത്തോടെ ഷവറിനടിയിലേക്കു പോകുന്ന മാർഗരിറ്റ വളരെ സന്താഷത്തോടെ ചിരിച്ചു കൊണ്ട് തിരികെ എത്തുന്നു.

സ്നാനം എന്നത് താർകൊവ്സ്കിക്ക് ഒരു ആത്മീയ സഞ്ചാരം ആണെന്ന് പറയേണ്ടി വരും. അത് കേവല ശാരീരിക വൃത്തിയാക്കൽ മാത്രമല്ല. മനസ്സും ആത്മാവും ഒക്കെ ശുദ്ധീകരിക്കുന്ന ഒരുതരം ധ്യാനാത്മക പ്രക്രിയയാണ്. ക്രൈസ്തവതയിലെ ജ്ഞാന സ്നാനം പോലെ വേണമെങ്കിൽ ആ പ്രവർത്തിയെ ഉപമിക്കാം. പല രീതിയിലുള്ള വിപുലമായ സ്നാന രംഗങ്ങൾ അദ്ദേഹത്തിന്റെ സിനിമകളിൽ കാണാം. വിസ്തരിച്ച കുളിക്ക് ശേഷം കഥാപാത്രത്തിന്റെ പെരുമാറ്റത്തിൽ വ്യക്തമായ മാറ്റം വരുന്നതും കാണാം. അവർ പൊതുവെ ശാന്തരായി കാണപ്പെടുന്നു.

ഇവാൻസ് ചൈൽഡ്ഹുഡിൽ പട്ടാളത്തിലേക്കുള്ള ദുരിത യാത്രക്ക് ശേഷം ഇവാന്റെ ഒരു ദീർഘ സ്നാനമുണ്ട്. നിശബ്ദമായി ബാത്ടബ്ബിൽ ശാന്തമായി ഇരുന്നാണത്. താർകൊവ്സ്കിയുടെ രണ്ടാമത്തെ പടമായ ആന്ദ്രെ റൂബ്ളേവിൽ ഒരു യുവതി പട്ടാളക്കാരുടെ പിടിയിൽ നിന്ന് രക്ഷപെടാനായി നദിയിൽ നഗ്നയായി നീന്തി നീരാടുന്നു. നൊസ്റ്റാൾജിയയിലെ നായകൻ ഒരു പഴയ കാലത്തെ ആവി പാറുന്ന ജലസംഭരണിയിൽ, കത്തിച്ചു വെച്ച മെഴുകുതിരിയുമായി സാവധാനം അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു. ഒരറ്റം മുതൽ മറ്റേ അറ്റം വരെ. ഒരാചാരം പോലെ. അതെ,ആളിക്കത്തുന്ന തീ പോലെ കുളിയും താർകൊവ്സ്കിക്കു ഒരാത്മീയ ആചാരമാണ്.

സുഖനിദ്രയും താർകൊവ്സ്കിക്കു ഒരു ആത്മീയ പ്രക്രിയയാണ്. മിററിൽ ഒരു സുദീർഘമായ നിശബ്ദ രംഗമുണ്ട്. സുന്ദരമായ ഒരു ചുവർ ചിത്രം പോലെ കറുപ്പിലും വെളുപ്പിലും ആണ് അത് വർത്തിക്കുന്നത്. ഒരു പിഞ്ചു കുഞ്ഞു ശാന്തമായി കിടക്കയിൽ കിടന്നുറങ്ങുന്നു. ഗ്രാമത്തിലെ അലെക്സിയുടെ അയൽകാരിയുടെ ഓമനത്തമുള്ള മകനാണവൻ. പതിയെ അവൻ സുഖസുഷുപ്തിയിൽ നിന്നും ഉണർന്നു

പുഞ്ചിരിച്ചു കൊണ്ട് ചുറ്റുമുള്ള ശബ്ദങ്ങളെ ശ്രവിക്കുന്നു. അവൻ മറ്റേതോ ലോകത്തിൽ യാത്ര പോയി വന്ന പോലെ!



May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL
filca



ത്തിൽ കുതിർന്ന ഭിത്തികൾ. കാറ്റിൽ നൃത്തം വയ്ക്കുന്ന നേർത്ത തുണിയുടെ ജനാല മറകൾ. നിറം മങ്ങിയ താളുകളുള്ള പഴയ പുസ്തകങ്ങൾ. ഏകാന്തത അനുഭവിക്കുന്നത് പോലെ മുറിയിൽ ഒറ്റപ്പെട്ടു കിടക്കുന്ന കിടക്ക. കണ്ണാടി - സ്ഫടിക പ്രതിഫലന ങ്ങൾ. കന്യകാത്വം സൂക്ഷിക്കുന്ന വന്യ പ്രകൃതി.ചതുപ്പ്നിലങ്ങൾ. ചാറ്റൽ മഴ. ഇളം കാറ്റ്. അതിൽ ഉലയുന്ന ചെടികളും മരങ്ങളും.

ഇത് പോലെ ശാന്തസുന്ദരമായി ഉറങ്ങുന്ന ഒരു ചെറിയ ആൺകുട്ടിയും ദീർഘ രംഗം സാക്രിഫൈസിലും കാണാം. വിപുലമായ സ്നാനം കഴിഞ്ഞു സമാധാനമായി ഉറക്കത്തിന്റെ ആഴങ്ങളിലേക്ക് ഊളിയിടുന്ന ഇവാൻ എന്ന കൗമാരക്കാരൻ ഇവാൻസ് ചൈൽഡ്ഹുഡിൽ ഉണ്ട്.

വിശിഷ്ടമായി കാണപ്പെടുന്ന അഗ്നി, നിദ്ര, സ്നാന രംഗങ്ങൾ കൂടാതെ താർകൊവ്സ്കി പടങ്ങളിൽ ആവർത്തിച്ചുവരുന്ന പല കൗതുകം ഉണർത്തുന്ന ദൃശ്യങ്ങളും മിററിൽ കാണാം. സ്ലോമോഷനിൽ താഴേക്കു വീഴുന്ന വസ്തുക്കൾ. ചുമരിൽ നിന്ന് ഒഴുകി വീഴുന്ന വെള്ളത്തുള്ളികളുടെ ചാലുകൾ. ഈർപ്പ

### 10. ഭരണകൂടവും പൗരനും

അതത് കാലത്തെ സാമൂഹിക രാഷ്ട്രീയ കാലവസ്ഥ ഓരോ ദേശത്തെയും പൗരനെ ബാധിക്കും. നേരിട്ടും അല്ലാതെയും. അനുകൂലമായും പ്രതികൂലമായും. അതിൽ നിന്നൊരു രക്ഷപ്പെടൽ ഇല്ല. അലെക്സിയുടെ ജീവിതവും ചുറ്റുമുള്ള ലോക നേതാക്കന്മാരുടെ തീരുമാനങ്ങളുടെ ആഘാതങ്ങൾ പേറുന്നവയാണ്. അവയുടെ അനുരണനങ്ങൾ അനുഭവിച്ചവനാണ്. രണ്ടാം ലോക മഹായുദ്ധവുമായി ബന്ധപ്പെട്ട സംഭവങ്ങളുടെ പരാമർശങ്ങൾ നമ്മൾ കണ്ടു കഴിഞ്ഞു. ലെനിൻ ഗ്രാഡ് ഉപരോധം. സ്പാനിഷ് ആഭ്യന്തരയുദ്ധം. മോസ്കോ വ്യോമാക്രമണം. ജപ്പാനിലെ ആറ്റം ബോംബ് പ്രയോഗം.





മാവോസേതുങ്ങിന്റെ ചൈന. സിനോ-റഷ്യ സംഘർഷങ്ങൾ.

ഒരിക്കൽ അലെക്സിയുടെ അമ്മ പെരുമഴയിൽ പരിഭ്രാന്തയായി താൻ ജോലി നോക്കുന്ന പത്രം ഓഫീസിൽ ഓടി കിതച്ചു എത്തുന്നു. പ്രൂഫ് റീഡിങ് ജോലിക്കിടെ ഏതോ തെറ്റു നിവർത്തിക്കാൻ വിട്ടു പോയോ എന്ന ഭയമാണവളെ വേട്ടയാടുന്നത്. ആ ഓഫീസിൽ പലയിടത്തും സ്റ്റാലിന്റെ പടം വച്ചിരിക്കുന്നത് കാണാം. അവളുടെ അസാധാരണ ഭയവും മാനസിക പിരിമുറുക്കവും സ്റ്റാലിന്റെ അടിച്ചമർത്തൽ സംസ്കാരത്തെ ധ്വനിപ്പിക്കുന്നു. അവളുടെ സഹപ്രവർത്തകൻ അപ്പോൾ പറയുന്നുമുണ്ട്. ചിലർ പണി ചെയ്തു കൊണ്ടിരിക്കണം. ബാക്കിയുള്ളവർ ഭീതിയോടെ കഴിയണം. ഇത് സ്റ്റാലിൻ വാഴ്ച്ചകാലത്തെ അന്തരീക്ഷം പ്രതിഫലിപ്പിക്കുന്ന ഒരു പരാമർശം ആണ്.

### 11. കലയും മനുഷ്യനും

താർകൊവ്സ്കിയുടെ സൊളാരിസ് -ഉം സാക്രിഫൈസ് - ഉം പോലെ മിററിലും ഡാവിഞ്ചി വരച്ച പല ഛായാചിത്രങ്ങളും കാണാം. അതു പോലെ ബാക്ക് -ന്റെ ശാസ്ത്രീയ സംഗീത ശകലങ്ങളും കേൾക്കാം . താർകൊവ്സ്കിയെ സ്വാധീനിച്ച പല കലാകാരെയും എഴുത്തുകാരെയും സിനിമയിൽ നേരിട്ടും അല്ലാതെയും പരാമർശിക്കുന്നുണ്ട്.

കൗമാരക്കാരനായ ഇഗ്നാറ്റ് തന്റെ നഗര ഗൃഹത്തിലിരുന്ന്, ഒരു പഴയനോട്ട് ബുക്കിൽ നോക്കി ജീൻ റൂസ്സോയെ ഉദ്ധരിക്കുന്നു. കലയും ശാസ്ത്രവും മനുഷ്യന് മേൽ ചെലുത്തുന്ന സ്വാധീനത്തെ കുറിച്ചാണത്. അതു പോലെ അലക്സാണ്ടർ പുഷ്കിന്റെ ഒരു കത്തും ഇഗ്നാറ്റ് ഉദ്ധരിക്കുന്നുണ്ട്. ഓർത്തഡോക്സ് ക്രൈസ്തവത എങ്ങനെ റഷ്യൻ ചരിത്രത്തെ മാറ്റി മറിച്ചു എന്നതാണ് വിഷയം.

ഒരിക്കൽ പത്രം ഓഫീസിലെ അവളുടെ അടുത്ത സുഹൃത്ത് അലെക്സിയുടെ അമ്മയെ രൂക്ഷമായി വിമർശിക്കുന്നു.അവൾ തനിക്ക് പറ്റിയ തെറ്റുകൾ സമ്മതിക്കില്ലത്രെ. ഒരു പട്ടാള ക്യാപ്റ്റന്റെ സഹോദരി ആയ മരിയയെ പോലെ ആണവൾ എന്നും കൂട്ടിച്ചേർക്കുന്നു. ഈ പറയുന്ന മരിയയും ക്യാപ്റ്റനും ഡോസ്റ്റോയെവ്സ്കിയുടെ ഡെമൺസ് എന്ന നോവലിലെ കഥാപാത്രങ്ങൾ ആണ് എന്ന് നല്ല വായനാശീലമുള്ള കാണികൾക്കേ പിടികിട്ടൂ.

താർകൊവ്സ്കിയുടെ രണ്ടാമത്തെ സിനിമയായ ആന്ദ്രേ റൂബ്ളേവിന്റെ പോസ്റ്റർ അലെക്സിയുടെ നഗര ഭവനത്തിന്റെ സ്വീകരണ മുറിയിൽ കാണാം. അതൊരു രീതിയിൽ ഒരു ആത്മപ്രതിഫലനമാണ്. ഒരേറ്റു പറച്ചിലിന്റെ സ്വയം സമ്മതം ഉണ്ടതിൽ.

താത്വിക ചിന്തയിൽ അധിഷ്ഠിതമായ കവിതാശകലങ്ങൾ സിനിമയിൽ പലയിടത്തും മികച്ച പശ്ചാത്തലം ഒരുക്കുന്നുണ്ട്. യുദ്ധകാലത്തെ വാർത്താ വീഡിയോകൾ

May Film Festival ഫിലിം വിഷൻ Digital Magazine Published by Filca Film Society WAVES OF MEMORIES FILM FESTIVAL filca

വരുമ്പോഴും വരികൾ ഉദ്ധരിക്കുന്നത് കേൾക്കാം. എല്ലാ കവിതകളും ഒരാളാണ് രചിച്ചത്. അദ്ദേഹം തന്നെയാണ് അവ ചൊല്ലിയിരിക്കുന്നതും. കവിയുടെ പേര് ആർസെനി താർകൊവ്സ്കി - ആന്ദ്രേയ് താർകൊവ്സ്കിയുടെ പിതാവ് .

### 12. ശീർഷകം

പല തലമുറകളിൽ പെട്ട ആൾക്കാരുടെ ജീവിതങ്ങളിലെ അഭൂതപൂർവമായ സാദൃശ്യത്തെ ധ്വനിപ്പിക്കുന്ന ശീർഷകം ആണ് മിറർ എന്ന് പറയാം. അലെക്സിയുടെ കുട്ടിക്കാലത്തെ പല അവസ്ഥകളും അയാളുടെ മകൻ ഇഗ്നാറ്റും നേരിടുന്നുണ്ട്. അവരുടെ കുട്ടിക്കാലങ്ങളിൽ അച്ഛന്റെ സാന്നിധ്യം കുറവാണ്. വളരെ ശക്തമായ വ്യക്തിത്വമുള്ള, നല്ല പ്രയോഗിക ബുദ്ധിയുള്ള അമ്മമാരാണ് അവരെ വളർത്തുന്നത്.

വ്യത്യസ്ത രംഗങ്ങളിൽ തങ്ങളുടെ കുട്ടിക്കാലങ്ങളിൽ അവർ ഒരേ പുസ്തകം നോക്കുന്നത് കാണാം. ഡാവിഞ്ചി വരച്ച ഛായാചിത്രങ്ങൾ ഉള്ള ഒരു വലിയ പുസ്തകം ആണത്. അലെക്സിയുടെ കഥാപാത്രത്തിന്റെ മാതൃക താർകൊവ്സ്കിയുടെ തന്നെ ആണെന്നിരിക്കെ, അയാൾ ഒരു കവിയും കൂടിയാണ്. താർകൊവ്സ്കിയുടെ പിതാവിനെ പോലെ.

വിചിത്രമായ സമാനത, അലെക്സിയുടെ ചെറുപ്പത്തിലെ അമ്മയും അയാളുടെ വേർപിരിഞ്ഞ ഭാര്യയുമായും ഉണ്ട്. അതവരുടെ ഏകാന്തതയിലും ആശയ കുഴപ്പങ്ങളിലും ത്യാഗങ്ങളിലും ഒക്കെ കാണാൻ സാധിക്കും. അവസാന രംഗത്തിൽ അവർ രണ്ടു പേരും ഒരു ഫ്രെയിമിൽ വരുന്നത് ഈ കാര്യം ധ്വനിപ്പിക്കുന്നു. അതിനു മുന്നെ അവർ രണ്ടു പേരും കൂടിയുള്ള കറുപ്പിലും വെളുപ്പിലും ഉള്ള നിശ്ചല ചിത്രങ്ങൾ നാം കാണുന്നുണ്ട്.



അത് കണ്ടിട്ട് മാർഗരീറ്റയുടെ ഭാര്യാ കഥാപാത്രം പറയുന്നുണ്ട് തങ്ങൾ ഒരു പോലെയല്ലേ എന്ന്. ഇടയ്ക്കു അലെക്സിയും പറയുന്നുണ്ട് അവർ രണ്ടു പേരുടെ അടുത്തും തനിക്ക് ഒരു പോലെ പുച്ഛം ആണെന്ന്. താർകൊവ്സ്കിയുടെ തന്നെ ശീർഷകങ്ങൾ ആയ നൊസ്റ്റാൾജിയയും സാക്രിഫൈസ് ഉം ആയി മിററിലും നല്ല പൊരുത്തം ഉണ്ടെന്നു തോന്നു ന്നു. മാർസെൽ പ്രൗസ്റ്റിന്റെ നോവലായ ഇൻ സേർച്ച് ഓഫ് ടൈം എന്ന ശീർഷകവും ഈ സിനിമ പ്രതിപാദിക്കുന്ന വിഷയവുമായി അടുത്തു നിൽക്കുന്നു എന്ന് പറയേണ്ടി വരും. എന്നിരുന്നാലും മിറർ നമുക്ക് സമ്മാനിക്കുന്ന ഉൾകാഴ്ചകളുടെ പ്രതിഫലനങ്ങളും അവയുടെ അനന്യ ദൃശ്യങ്ങളും അനുരണനങ്ങളും ആ ശീർഷകത്തെ സാർഥകമാക്കുന്നു.

### 13. ഒരു സന്ദേശം

മിററിൽ ഒരു കാര്യം പല കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിൽ ആവർത്തിച്ചു കടന്നു വരുന്നുണ്ട്. അത് സമയത്തെ കുറിച്ചാണ്. സമയത്തിന്റെ നൈമിഷികതയെ മുൻനിർത്തിയാണ്. സമയത്തെ ഫലപ്രദമായി ഉപയോഗിക്കുന്നതിനെ പറ്റിയുള്ളതാണ്.

സിനിമയുടെ തുടക്കത്തിൽ കണ്ടുമുട്ടുന്ന ഡോക്ടർ, മാർഗരിറ്റയുടെ കഥാപാത്രത്തോട്

പറയുന്നുണ്ട് – ആരും ഒന്നും ശ്രദ്ധിക്കുന്നില്ല. ആർക്കും സമയമില്ല. പത്രം ഓഫീസിലെ സഹപ്രവർത്തകനും പറയുന്നു – എല്ലാവരും തിരക്കിലാണ്. ഇഗ്നാറ്റിന്റെ അമ്മ അവരുടെ ബാഗ് തുറന്നു സാധനങ്ങൾ തറയിൽ വീഴുമ്പോൾ, ക്ഷമാപണം പോലെ പറയുന്നു – ഞാൻ വെറുതെ ധൃതി കാട്ടിയതു കൊണ്ടാണ് ഇത് സംഭവിച്ചത്.എനിക്ക് തോന്നുന്നത് ഇവിടെയൊക്കെ താർകൊവ്സ്കി നമ്മോടു ജീവിതം അർത്ഥവത്തായി ജീവിക്കാൻ. സൗമ്യമായി ആവശ്യപ്പെടുകയാണ് എന്നാണ്. അനാവശ്യ ചിന്തകളിൽ കുടുങ്ങി വിലപ്പെട്ട സമയം കളയാതിരിക്കാൻ. ഓരോ നിമിഷവും കടന്ന് പോകുന്നത് അറിഞ്ഞു, ശ്രദ്ധിച്ചു, ആസ്വദിച്ചു ജീവിക്കാൻ.

നിത്യ ജീവിതത്തിലെ ദൈനംദിന ജോലികൾ വരെ ധ്യാനാത്മകം ആക്കി ആസ്വദിക്കാൻ സാധിക്കും എന്ന് ആരോഗ്യ ഗവേഷകർ കണ്ടെത്തി കഴിഞ്ഞു. മൈൻഡ് ഫുൾനെസ്സ് എന്നാണ് ഈ സമ്പ്രദായത്തിന്റെ പേര്. ബുദ്ധിസ്റ്റ് ധ്യാന പരിശീലനത്തിന്റെ ഭാഗമായാണ് അത് രൂപപ്പെട്ടു വന്നത്. ഇപ്പോൾ ആധുനിക മനഃശാസ്ത്ര ചികിത്സാ രീതികളിൽ ഫലപ്രദമായി ഉപയോഗിക്കുന്ന ഒരു സങ്കേതമായി അത് വളർന്നിരിക്കുന്നു.

### 14. നിർമ്മാണം

സിനിമ നിർമ്മാണത്തിന്റെ എല്ലാ മേഖലയിലെയും പ്രവർത്തകർക്കു പഠിക്കാൻ



ഉതകുന്ന ഒരു ഉദാത്ത പാഠ പുസ്തകമാണ് മിറർ എന്ന് നിസ്സംശയം പറയാം. അപാര ലോകയറിവുള്ള, ഉദാത്ത ജീവിത ഉൾകാഴ്ച്ചകളുള്ള, വന്യമായ ഭാവനയുള്ള, കുറ്റമറ്റ സാങ്കേതിക പരിജ്ഞാനമുള്ള, അതിനൊക്കെ ഉപരിയായി നല്ല മനുഷ്യത്വം ഉള്ള ഒരു കലാകാരന് മാത്രമേ ഇങ്ങനെ ഒരു സൃഷ്ടി ഒരുക്കാൻ സാധിക്കുകയുള്ളു. സ്വന്തമായി മനസ്സും ജീവനുമുള്ള ഒരു യന്ത്രം പോലെയാണ് ക്യാമറയുടെ ഒഴുക്ക് ക്രമീകരിച്ചിരിക്കുന്നത്. എന്ത് ഉൾകാഴ്ചയോടെയാണ് ഓരോ രംഗവും രൂപകൽപന ചെയ്തിരിക്കുന്നത് എന്ത് മാത്രം നിയന്ത്രണത്തോടെയും സംയമനത്തോടെയും ആണ് ഓരോ ദൃശ്യവും വരഞ്ഞിരിക്കുന്നത്. എന്ത് ഭംഗിയാണ് അവയ്ക്കൊക്കെ!

സ്വാഭാവിക ശബ്ദങ്ങൾ എന്തു മാത്രം സൂക്ഷ്മമമായാണ് ഉപയോഗിച്ചിരിക്കുന്നത് ! വീണ്ടും സിനിമ കാണുമ്പാൾ ശബ്ദങ്ങളുടെ അത്ഭുതപ്പെടുത്തുന്ന പല അടരുകൾ ശ്രദ്ധിക്കാൻ സാധിക്കും. ദൂരത്തിലുള്ള നായയുടെ കുര. ദൂരെയുള്ള തീവണ്ടിയുടെ ചൂളംവിളി. ഇലകളുടെ മർമ്മരം. വെള്ളത്തുള്ളികൾ പതിക്കുന്നത്.പക്ഷിയുടെ ചിറകടി ശബ്ദം. ഒക്കെ ശ്രദ്ധിച്ചാൽ കേൾക്കാം.

ദൃശ്യങ്ങൾ സ്വപ്നതുല്യമാണ് എന്ന് പറയുന്നതിനോട് ചേർത്ത് മാർഗരീറ്റ ടെറേഖോവ കാഴ്ച്ച വച്ചിരിക്കുന്ന അഭിനയം അവിശ്വസനീയം ആവും വിധം ഗംഭീരമാണ് എന്നും പറയേണ്ടിയിരിക്കുന്നു. അവർ ചെയ്ത രണ്ടു കഥാപാത്രങ്ങളുടെയും ശക്തിയും ദൗർബല്യവും സഹനശക്തിയും നമുക്ക് ബോധ്യപ്പെടുന്നു. ഇത്രയും സങ്കീർണമായ ആഖ്യാനത്തിൽ മാർഗരീറ്റയുടെ അനായാസമായുള്ള സ്വാഭാവികമായ പ്രകടനം നമ്മെ സിനിമയോട് കൂടുതൽ അടുക്കാനും സഹായിക്കുന്നു. ഇത്രയും മായിക ദൃശ്യങ്ങൾ നിറഞ്ഞതെങ്കിലും അവരുടെ തന്മയ

May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL

ത്വമുള്ള മുഖഭാവങ്ങൾ അതു പോലെ തന്നെ നമ്മുടെ മനസ്സിൽ തങ്ങി നിൽക്കുന്നുണ്ട്, എന്നുള്ളത് അവർക്കുള്ള ഒരു അംഗീകാരം തന്നെയാണ്.കലാ സംവിധായകരും കൂട്ടരും താർ കൊവ്സ്കി കുട്ടികാലം ചിലവഴിച്ച അതേ സ്ഥലത്തു വീട് പുനർനിർമ്മിക്കുകയായിരുന്നു.പഴയ നിശ്ചല ദൃശ്യ ങ്ങൾ നോക്കിയാണത്രെ അവർ അത് രൂപ കൽപന ചെയ്തത്. ഈ വീട് താൻ നിരന്തരം സ്വപ്നത്തിൽ കാണുമായിരുന്നു എന്നും സിനിമ ചെയ്തു കഴിഞ്ഞപ്പോൾ മാത്രമാണ് ആ പ്രതിഭാസം നിന്നതെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. ആ വീടിന്റെ ഭക്ഷണ മേശയി ൽ ആയിരുന്നത്രേ താർകൊവ്സ്കിയുടെ ജനനം.

**15. പ്രതിഫലനങ്ങൾ**

എക്കാലത്തെയും മികച്ച സിനിമകളുടെ പട്ടികയിൽ നിരന്തരം ഇടം നേടുന്ന ഒരു ക്ലാസിക് സിനിമയാണ് മിറർ. ചിലർ അതിനെ അഭ്രപാളിയിലെ കാവ്യം എന്ന് വിശേഷിപ്പിക്കുന്നു. മറ്റു ചിലർ സംഗീതത്തിന്റെ രൂപ ഘടനയുള്ള ദൃശ്യ വിരുന്നായി കരുതുന്നു. ചിലർ കാണുന്നത് ആത്മീയതയുടെ സ്വച്ഛന്ദമായ ആഘോഷം ആയിട്ടാണ്.

വീണ്ടും ചിലർ മനുഷ്യജീവിതത്തെ മുൻ നിർത്തിയുള്ള ഒരു നീണ്ട ധ്യാനം അതിൽ കാണുന്നു. മിറർ എക്കാലത്തെയും മികച്ച സിനിമകളിൽ ഏറ്റവും മുകളിൽ നിൽക്കുന്ന ഒന്ന് തന്നെയാണ്. 1975-ൽ വന്ന ഈ പടത്തിനു ശേഷം കഴിഞ്ഞ 50-ഓളം വർഷങ്ങളിൽ ഇത് പോലെ വേറൊന്നു നമ്മൾ കണ്ടിട്ടുണ്ടോ അനുഭവിച്ചിട്ടുണ്ടോ എന്ന കാര്യം സംശയമാണ്. ഇനി അങ്ങനെ ഉണ്ടാവുമെന്നും തോന്നുന്നില്ല.

താർകൊവ്സ്കി പലതിനോടും പലരോടും ഉള്ള കൃതജ്ഞത പങ്കിടാൻ, ഉള്ളു കൊണ്ട് പിടഞ്ഞുചൊല്ലിയ ഒരു കവിതയാണ് മിറർ. അദ്ദേഹത്തിന്റെ ഓർമ്മകളോടും കുട്ടിക്കാലത്തോടും അമ്മയോടും മൊത്തം ജീവിതത്തോട് തന്നെയും ഉള്ള കടപ്പാട് ഇതിൽ വ്യക്തമാണ്.

അത് നമ്മുടെ ഉള്ളിൽ തൊടുന്നു. അവിടെ കുടി കൊള്ളുന്നു. മഹത്തായ കലയ്ക്കു മാത്രം ചെയ്യാൻ കഴിയുന്ന സുകൃതം. അതിനു പിന്നിലെ മഹാ കലാകാരന് സ്തുതി.



May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL



# താർക്കോവ്സ്കി
## ജീവിതപഥം, സിനിമയുടെ വ്യാകരണം



ഗിരിജ സുരേന്ദ്രൻ
(ഫിൽക്ക)

ലോക സിനിമാചരിത്രത്തിൽ ഏറ്റവും സ്വാധീനമുള്ള, ദീർഘവീക്ഷണമുള്ള സംവിധാകയകരിൽ ഒരാളാണ് റഷ്യൻ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കി.

ആന്ദ്രേ ആർസെനിയേവിച്ച് താർകോവ് സ്കി 1932 ഏപ്രിൽ 4 ന് സോവിയറ്റ് യൂണിയനിലെ (ഇപ്പോൾ റഷ്യ) ഇവാനവോ മേഖലയിലെ സവ്രാഷെ എന്ന ഗ്രാമത്തിലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് ആഴ്സെനി താർ കോവ്സ്കി ഒരു കവിയായിരുന്നു. അമ്മ മരിയ ഇവാനോവ്ന വിഷ്നിയകോവ ഒരു എഴുത്തുകാരിയും വിവർത്തകയുമായിരുന്നു. വീട്ടിലെ കലാപരവും ബൗദ്ധികവുമായ അന്തരീക്ഷം താർകോവ്സ്കിയുടെ സർഗ്ഗാത്മകതയെ രൂപപ്പെടുത്തുന്നതിൽ കാര്യമായ പങ്കുവഹിച്ചു.

മോസ്കോയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിനിമാട്ടോഗ്രഫിയിൽ (VGIK) ഫിലിം പഠനത്തിലേക്ക് മാറുന്നതിന് മുമ്പ് താർകോവ്സ്കി മോസ്കോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓറിയന്റൽ സ്റ്റഡീസിൽ അറബിപഠിച്ചു. വി ജി ഐ കെ യിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ താൽപ്പര്യം പ്രശസ്ത ചലച്ചിത്ര സൃഷ്ടികളിലേക്ക് തിരിഞ്ഞു. ചലച്ചിത്രകലയോട് ആഴത്തിലുള്ള ആഭിമുഖ്യം പുഷ്ടിപ്പെടുത്തുകയും ചെയ്തു.

വെനീസ് ഫിലിം ഫെസ്റ്റിവലിൽ സമ്മാനം നേടിയ ദി സ്റ്റീം റോളർ ആൻഡ് വയലിൻ (1960) എന്ന ഹ്രസ്വചിത്രത്തിലൂടെയാണ് താർകോവ്സ്കി തന്റെ ചലച്ചിത്രജീവിതം ആരംഭിച്ചത്. വെനീസ് ഫിലിം ഫെസ്റ്റിവലിൽ ഗോൾഡൻ ലയൺ നേടിയ കാവ്യാത്മകവും ദൃശ്യപരമായി ശ്രദ്ധേയവുമായ യുദ്ധകഥ- ഇവാൻസ് ചൈൽഡ്ഹുഡ് (1962) എന്ന തന്റെ ആദ്യ ഫീച്ചറിലൂടെ അദ്ദേഹം കൂടുതൽ ലോകശ്രദ്ധ നേടി.

May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL
filca



താർകോവ്സ്കിയുടെ തുടർന്നുള്ള ചിത്രങ്ങൾ അദ്ദേഹത്തിന് ഒരു മികച്ച ചലച്ചിത്രകാരൻ എന്ന ഖ്യാതി ഉറപ്പിച്ചു. മധ്യകാല റഷ്യൻ ചിത്രകാരനെക്കുറിച്ചുള്ള ജീവചരിത്ര സിനിമയായ ആന്ദ്രേ റൂബ്ലെവ് (1966) അദ്ദേഹത്തിന്റെ മാസ്റ്റർപീസുകളിലൊന്നായി കണക്കാക്കപ്പെടുന്നു. മനുഷ്യന്റെ അവബോധവും വികാരവും പര്യവേക്ഷണം ചെയ്യുന്ന ഒരു സയൻസ് ഫിക്ഷൻ സിനിമയായ സോളാരിസ് (1972), വളരെ വ്യക്തിപരവും ദൃശ്യപരവുമായ പരീക്ഷണാത്മക ചിത്രമായ മിറർ (1975) എന്നിവയും ശ്രദ്ധേയമായ മറ്റ് സൃഷ്ടികളാണ്.

സിനിമകളിലെ ദാർശനികവും ദൃശ്യപരവുമായ സങ്കീർണ്ണ സ്വഭാവം കാരണം കൂടുതൽ സർക്കാർ നിയന്ത്രണവും അവഗണനയും സെൻസർഷിപ്പ് പ്രശ്നങ്ങളും താർകോവ്സ്കിയ്ക്ക് നേരിടേണ്ടി വന്നു. സോവിയറ്റ് അധികാരികളുമായി സൗന്ദര്യ തത്വശാസ്ത്രപരമായ വീക്ഷണത്താൽ വിയോജിപ്പിലായി.

1983-ൽ, ഇറ്റലിയിലേക്കുള്ള ഒരു യാത്രയിൽ നൊസ്റ്റാൾജിയ(1983) പൂർത്തിയാക്കിയ ശേഷം സോവിയറ്റ് യൂണിയനിലേക്ക് മടങ്ങേണ്ടതില്ലെന്ന് അദ്ദേഹം തീരുമാനിച്ചു. താർകോവ് സ്കിയുടെ പിന്നീടുള്ള ജീവിതം പ്രവാസത്തിന്റേതായിരുന്നു.

ആന്ദ്രേ താർകോവ്സ്കി തന്റെ അവസാന വർഷങ്ങളിൽ ക്യാൻസറിനോട് പോരാടി. 1986 ഡിസംബർ 29-ന് ഫ്രാൻസിലെ പാരീസിൽ വെച്ച് 54-ാം വയസ്സിൽ അന്തരിച്ചു.

താരതമ്യേന ഹ്രസ്വമായ കാലത്തിനുള്ളിൽ താർകോവ്സ്കി സമുന്നതമായ ഒരു കലാപാരമ്പര്യം ലോകത്തിന് സമ്മാനിച്ചു. ഇപ്പോഴും അദ്ദേഹത്തിന്റെ സിനിമകളുടെ കലാപരവും ദാർശനികവുമായ ആഴം പഠിക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്യുന്നു.

ലോകസിനിമയിൽ താർകോവ്സ്കിയുടെ സ്വാധീനം അഗാധമാണ്. സ്ലോ സിനിമ പ്രസ്ഥാനത്തിന്റെ വികാസത്തിലെ പ്രധാന വ്യക്തിയായി അദ്ദേഹം പലപ്പോഴും പരാമർശിക്കപ്പെടുന്നു.ഇംഗ്മർ ബെർഗ്മാൻ, ആന്ദ്രേ കൊഞ്ചലോവ്സ്കി (ആന്ദ്രേ റൂബ്ലെവ് എന്നതിലെ തർക്കോവ് സ്കിയുടെ സഹ-തിരക്കഥാകൃത്ത്), ലാർസ് വോൺ ട്രയർ എന്നിവരെപ്പോലുള്ള ചലച്ചിത്ര നിർമ്മാതാക്കൾ താർകോവ്സ്കിയുടെ സ്വാധീനം അവരുടെ പിൽക്കാല സൃഷ്ടികളുമായി ബന്ധപ്പെട്ട് അംഗീകരിച്ചിട്ടുണ്ട്. അഗാധമായ ദാർശനിക - ആത്മീയ വിഷയങ്ങൾ സിനിമയിലൂടെ പര്യവേക്ഷണം ചെയ്യാനുള്ള അദ്ദേഹ



May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL



ത്തിന്റെ സമർപ്പണം ചലച്ചിത്ര മാധ്യമത്തിൽ മായാത്ത മുദ്രപതിപ്പിച്ചു.

മന്ദഗതിയും ദീർഘനേരവും കൊണ്ട് അസ്തിത്വപരവും ആത്മീയവുമായ വിഷയങ്ങളുടെ ആഴത്തിലുള്ള പര്യവേക്ഷണ ചിന്താശൈലി അദ്ദേഹത്തിന്റെ സിനിമകളുടെ സവിശേഷതയാണ്.

താർകോവ്സ്കിയുടെ സിനിമകളുടെ ദൃശ്യഭാഷയുടെ ചില പ്രധാന ഘടകങ്ങളിൽ ഒന്നാണ് ലോംഗ് ടേക്കുകളും സ്ലോ പേസിംഗും. താർകോവ്സ്കി തന്റെ ബോധപൂർവവും തിരക്കില്ലാത്തതുമായ വേഗത ആഖ്യാനത്തിൽ സൂക്ഷിക്കുന്നു. പലപ്പോഴും ദീർഘനേരം എടുത്താണ് രംഗങ്ങളിലേക്ക് പ്രവേശിക്കാൻ അനുവദിക്കുന്നത്. ഈ സാങ്കേതികരീതി ധ്യാനത്തെയും പ്രതിഫലനത്തെയും പ്രോത്സാഹിപ്പിക്കുന്നു. സിനിമയുടെ ദൃശ്യപരവും പ്രമേയപരവുമായ ഘടകങ്ങൾ ഉൾക്കൊള്ളാൻ പ്രേക്ഷകർക്ക് സമയം നൽകുന്നു.

താർകോവ്സ്കിയുടെ സിനിമകൾ പ്രതീകാത്മകതയും രൂപകവും കൊണ്ട് സമ്പന്നമാണ്. ആഴത്തിലുള്ള അർത്ഥങ്ങൾ ഉൾക്കൊള്ളുന്ന ചിഹ്നങ്ങൾ അദ്ദേഹം പലപ്പോഴും ഉപയോഗിക്കുന്നു.

പ്രതീകാത്മക തലത്തിൽ ചിത്രങ്ങളെ വ്യാഖ്യാനിക്കാൻ കാഴ്ചക്കാരെ ക്ഷണിക്കുന്നു. ഇത് ആഖ്യാനത്തിൽ സങ്കീർണ്ണതയുടെ പാളികൾ കൂട്ടിച്ചേർക്കുകയും കൂടുതൽ ആഴത്തിലുള്ള തലത്തിൽ സിനിമയുമായി ഇടപഴകാൻ കാഴ്ചക്കാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

താർകോവ്സ്കി തന്റെ സിനിമകളിൽ പ്രധാന ഘടകങ്ങളായി പ്രകൃതിദത്തമായ ക്രമീകരണങ്ങളും ദൃശ്യങ്ങളും പതിവായി ഉപയോഗിക്കുന്നു. പരിസ്ഥിതി ഒരു കഥാപാത്രമായി മാറുന്നു. കഥാപാത്രങ്ങളും പ്രകൃതിയും തമ്മിലുള്ള ഇടപെടൽ പലപ്പോഴും മനുഷ്യാവസ്ഥയുടെ ഒരു രൂപകമായി വർത്തിക്കുന്നു. പ്രകൃതി ഒരു പശ്ചാത്തലം മാത്രമല്ല, കഥപറച്ചിലിന്റെ അവിഭാജ്യഘടകമാണ്.



കണ്ണാടികളും പ്രതിഫലന പ്രതലങ്ങളും താർകോവ്സ്കിയുടെ സിനിമകളിലെ ആവർത്തനരൂപകങ്ങളാണ്. സ്വത്വപ്രതിഫലനവും അസ്തിത്വത്തിന്റെ ദ്വൈതവും പര്യവേക്ഷണം ചെയ്യാൻ അവ ഉപയോഗിക്കുന്നു.

കഥാപാത്രങ്ങൾ പലപ്പോഴും അവരുടെ സ്വന്തം ഓർമ്മകളുടെ പ്രതിഫലന രൂപകങ്ങളെ അഭിമുഖീകരിക്കുന്നു. ഇത് ആത്മപരിശോധനയുടെയും സ്വയം കണ്ടെത്തലി

ന്റെയും നിമിഷങ്ങളിലേക്ക് നയിക്കുന്നു. താർകോവ്സ്കിയുടെ സിനിമകളിൽ പലപ്പോഴും യാഥാർത്ഥ്യവും സ്വപ്നവും തമ്മിലുള്ള അതിർവരമ്പുകൾ ഇല്ലാതാവുന്നു. സർറിയൽ ശൈലി - സ്വപ്നതുല്യമായ സീക്വൻസുകൾ - ആഖ്യാനത്തിൽ ഇഴ ചേർന്നിരിക്കുന്നു, യാഥാർത്ഥ്യവും സങ്കല്പവും കാഴ്ചക്കാരന്റെ ധാരണയ്ക്ക് വെല്ലുവിളിയാണെങ്കിലും .. സൃഷ്ടികൾക്ക് നിഗൂഢമായ സൗന്ദര്യമാനം നൽകുന്നു.

താർകോവ്സ്കിയുടെ സിനിമകളിൽ ജലം ആവർത്തിച്ചുള്ള പ്രതീകമാണ്. അത് ശുദ്ധീകരണം, പുതുക്കൽ, ജീവന്റെ ചാക്രിക സ്വഭാവം എന്നിവയെ പ്രതിനിധീകരിക്കുന്നു. ജലാശയങ്ങൾ, മഴ, ജലപ്രതലങ്ങളിലെ പ്രതിഫലനങ്ങൾ എന്നിവ വൈകാരികവും ആത്മീയവുമായ അവസ്ഥകൾ പ്രകടമാക്കാൻ ഉപയോഗിക്കുന്നു.

താർകോവ്സ്കി തന്റെ ഛായാഗ്രാഹകരായ വാഡിം യൂസോവ്, സ്വെൻ നിക്വിസ്റ്റ് എന്നിവരുമായി അടുത്ത് സഹകരിച്ചു. ശ്രദ്ധാപൂർവ്വം രചിച്ച ഫ്രെയിമുകൾ, സങ്കീർണ്ണമായ ക്യാമറ ചലനങ്ങൾ, വിശദാംശങ്ങളിലേക്കുള്ള സൂക്ഷ്മമായ ശ്രദ്ധ എന്നിവ അദ്ദേഹത്തിന്റെ സിനിമകളുടെ പ്രത്യേകതയാണ്. പ്രകൃതിദത്തമായ പ്രകാശത്തിന്റെ ഉപയോഗവും അദ്ദേഹത്തിന്റെ ഛായാഗ്രഹണത്തിന്റെ മുഖമുദ്രയാണ്.

താർകോവ്സ്കിയുടെ സിനിമകൾ പലപ്പോഴും സമയത്തിന്റെ ദ്രവ്യതയെയും മനുഷ്യാനുഭവത്തിൽ ഓർമ്മയുടെ സ്വാധീനത്തെയും പര്യവേക്ഷണം ചെയ്യുന്നു. ഫ്ളാഷ് ബാക്ക്, നോൺ-ലീനിയർ കഥ പറച്ചിൽ, കാലാതീതബോധം എന്നിവ അദ്ദേഹത്തിന്റെ സൃഷ്ടിയുടെ ധ്യാനാത്മകവും ആത്മപരിശോധനാപരവുമായ സ്വഭാവമാണ്. സോളാരിസ്, മിറർ,സ്റ്റോക്കർ, തുടങ്ങിയ മാസ്റ്റർപീസുകൾ ഉൾപ്പെടെയുള്ള താർകോവ്സ്കിയുടെ സിനിമകൾ എക്കാലവും അവയുടെ തനതായ ദൃശ്യ ഭാഷയ്ക്കും ഗഹനമായ ദാർശനിക പ്രമേയങ്ങൾക്കും വഴിതുറക്കുന്നു.

മനുഷ്യന്റെ അസ്തിത്വം, ആത്മീയത, യാഥാർത്ഥ്യത്തിന്റെ സ്വഭാവം എന്നിവയെക്കുറിച്ചുള്ള ആഴത്തിലുള്ള ദാർശനിക പര്യവേക്ഷണത്തിലേക്ക് താർകോവ്സ്കിയുടെ സിനിമ, കാണിയെ പ്രത്യേകം ക്ഷണിക്കുന്നു. പ്രേക്ഷകരിൽ അതിന്റെ അതുല്യവും ശാശ്വതവുമായ സ്വാധീനം ചെലുത്തുന്നു. അദ്ദേഹത്തിന്റെ ആഖ്യാനങ്ങൾ പലപ്പോഴും സങ്കീർണ്ണവും മെറ്റാഫിസിക്കൽ തീമുകളും പരിശോധിക്കുന്നു. ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ച് ആഴത്തിൽ പ്രതിഫലിപ്പിക്കാൻ കാഴ്ചക്കാരെ പ്രചോദിപ്പിക്കുന്നു.

സിനിമകളിൽ രേഖീയമല്ലാത്ത കഥപറച്ചിൽ പതിവായി ഉപയോഗിക്കുകയും സമയത്തെയും സ്ഥലത്തെയും കുറിച്ചുള്ള പരമ്പരാഗത സങ്കൽപ്പങ്ങളെ വെല്ലുവിളിക്കുകയും ചെയ്യുന്നു. ഇത് അവ്യക്തതയുടെ ഒരു ബോധത്തിന് ഇടം നൽകുകയും കൂടുതൽ ചിന്തനീയമായ തലത്തിൽ ആഖ്യാനവുമായി ഇടപഴകാൻ കാഴ്ചക്കാരെ ക്ഷണിക്കുകയും ചെയ്യുന്നു.

സിനിമകളിൽ സമ്പന്നമായ പ്രതീകാത്മകതയും ഉപമയും കാണാം. വിഷ്വൽ മോട്ടിഫുകളും ചിഹ്നങ്ങളും വിവരണത്തിന്റെ ഫാബ്രിക്കിലേക്ക് ശ്രദ്ധാപൂർവ്വം നെയ്തെടുക്കുന്നു. ഇത് ഒന്നിലധികം തലങ്ങളിലുള്ള വ്യാഖ്യാനങ്ങൾ അനുവദിക്കുന്നു. ഇമേജറിയിൽ ഉൾച്ചേർത്ത ആഴത്തിലുള്ള അർത്ഥങ്ങൾ പര്യവേക്ഷണം ചെയ്യാൻ കാഴ്ചക്കാരെ പ്രോത്സാഹിപ്പിക്കുന്നു.

ലോങ്ങ് ടേക്കുകളും കുറഞ്ഞ എഡിറ്റിംഗും ഉപയോഗിക്കുന്നതിൽ താർകോവ്സ്കി ഗഹനമായി ശ്രദ്ധിക്കുന്നു. ഈ രീതി സിനിമയുടെ അന്തരീക്ഷത്തിൽ ചിന്താപരമായ പ്രതിഫലനവും ഒഴുക്കും ത്വരിപ്പിക്കുന്ന ബോധപൂർവമായ വേഗത സൃഷ്ടിക്കുന്നു. ഈ സമീപനം കാഴ്ചക്കാരനെയും കാലത്തിൽ കൊത്തുപണി ചെയ്യുന്നവനാക്കുന്നു എന്ന് പറയാം.

താർകോവ്സ്കിയുടെ ഛായാഗ്രഹണം പലപ്പോഴും കാവ്യാത്മകവും ധ്യാനാത്മകവുമാണ്. വൈഡ് ലെൻസ് ഉപയോഗിച്ച് പ്രകൃതിയുടെ സൗന്ദര്യത്തെ പകർത്തുന്നു. സ്വാഭാവിക വെളിച്ചത്തിന്റെ ഉപയോഗത്തിന് ഊന്നൽ നൽകുന്നു. കഥാപാത്രങ്ങളും അവരുടെ പരിസ്ഥിതിയും തമ്മിലുള്ള ബന്ധം ഉയർത്തിക്കാട്ടുന്ന ശ്രദ്ധാപൂർവ്വം രചിച്ച ഷോട്ടുകളാണ് അദ്ദേഹത്തിന്റെ സിനിമകളുടെ ദൃശ്യസവിശേഷത.

അദ്ദേഹത്തിന്റെ സിനിമകളുടെ പ്രമേയത്തിന് സങ്കീർണ്ണവും അമൂർത്തവുമായ സ്വഭാവം ഉണ്ടെങ്കിലും, താർകോവ്സ്കി കഥാപാത്ര വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അദ്ദേഹത്തിന്റെ കഥാപാത്രങ്ങളുടെ ആന്തരിക ജീവിതവും വൈകാരിക പോരാട്ടങ്ങളും കേന്ദ്രസ്ഥാനത്താണ്. സിനിമയിൽ പര്യ





വേക്ഷണം ചെയ്യുന്ന ദാർശനിക - അതിഭൗതിക പ്രമേയങ്ങൾക്കും മാനുഷിക മാനം നൽകുന്നുണ്ട്. താർകോവ്സ്കിയുടെ സിനിമകൾ ആത്മീയവും അസ്തിത്വപരവുമായ ചോദ്യങ്ങളുമായി ഇടയ്ക്കിടെ പിണങ്ങുന്നത് കാണാം. വിശ്വാസം, മോചനം, ഉദാസീനമെന്നു തോന്നുന്ന പ്രപഞ്ചത്തിൽ അർത്ഥം തേടൽ തുടങ്ങിയ വിഷയങ്ങൾ അദ്ദേഹത്തിന്റെ സിനിമയിൽ ആവർത്തിച്ചു കാണാം. ഈ ആത്മീയ മാനം അദ്ദേഹത്തിന്റെ സിനിമകൾക്ക് അഗാധവും അതിരില്ലാത്തതുമായ അന്തരീക്ഷം നൽകുന്നു.

താർകോവ്സ്കി തന്റെ സിനിമകളുടെ ശ്രവണഘടകങ്ങളിൽ സൂക്ഷ്മമായ ശ്രദ്ധ ചെലുത്തുന്നുണ്ട്. ദൃശ്യങ്ങളുടെ വൈകാരികവും പ്രമേയപരവുമായ ആശയ ദിശ വർദ്ധിപ്പിക്കുന്ന ഉജ്ജ്വലമായ ശബ്ദങ്ങൾ സൃഷ്ടിക്കുന്നതിന് അദ്ദേഹം സംഗീത സംവിധായകരുമായി അടുത്ത് സഹകരിക്കുന്നു. പ്രധാന നിമിഷങ്ങൾക്ക് അടിവരയിടാൻ സംഗീതം മിതമായി എന്നാൽ ഫലപ്രദമായി ഉപയോഗിക്കുന്നു.


സെറ്റ് ഡിസൈൻ മുതൽ വസ്ത്രധാരണം വരെ , ചലച്ചിത്രനിർമ്മാണത്തിന്റെ എല്ലാ മേഖലകളിലും സൂക്ഷ്മമായ ശ്രദ്ധ താർകോവ്സ്കിയുടെ സിനിമയിൽ കാണാം.

May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL




സൗന്ദര്യാത്മകവും പ്രമേയപരവുമായ സമന്വയത്തിന് സംഭാവന നൽകുന്നതിന് ഓരോ ഘടകങ്ങളും ശ്രദ്ധാപൂർവ്വം പരിഗണിക്കുന്നു. താർകോവ്സ്കി പലപ്പോഴും തന്റെ സിനിമകളിൽ വ്യക്തിപരമായ അനുഭവങ്ങളും ഓർമ്മകളും വരച്ചുകാട്ടുന്നു. ഫിക്ഷനും ആത്മകഥയും തമ്മിലുള്ള വേർതിരിവ് മങ്ങുന്നു. ആത്മകഥാപരമായ സ്പർശം അദ്ദേഹത്തിന്റെ കഥപറച്ചിലിൽ ആഴത്തിലുള്ളതും വ്യക്തിപരവും ആധികാരികവുമായ ഒരു പാളി ചേർക്കുന്നു.

ആന്ദ്രേ താർകോവ്സ്കിയുടെ സിനിമകൾ ബൗദ്ധിക വെല്ലുവിളി നിറഞ്ഞതാണ്.പാരമ്പര്യേതരവുമാണ്. എങ്കിലും,സിനിമയുടെ ചരിത്രത്തിലെ മായാത്ത മുദ്രകളുമാണ്. അദ്ദേഹത്തിന്റെ വ്യതിരിക്തമായ ശൈലിയും മനുഷ്യാനുഭവങ്ങളുടെ സങ്കീർണ്ണതകൾ പര്യവേക്ഷണം ചെയ്യാനുള്ള പ്രതിബദ്ധതയും ചലച്ചിത്ര പ്രവർത്തകരെയും സിനിമാ പ്രേമികളെയും ഒരു പോലെ കാലാതിവർത്തിയായി സ്വാധീനിച്ചു കൊണ്ടേയിരിക്കുന്നു.



May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL
filca



# ഷാജി. എൻ. കരുൺ അനുസ്മരണം ,
## ഫിലിം ഫെസ്റ്റിവൽ, ക്യാമറ & വീഡിയോഗ്രഫി ശില്പശാല



നിമിഷ ഹെലൻ
(ഫിൽക്ക)

ഫിൽക്ക ഫിലിം സൊസൈറ്റിയുടെ ഏപ്രിൽ മാസത്തെ ഫിലിം ഫെസ്റ്റിവൽ വൈവിധ്യം നിറഞ്ഞതായിരുന്നു. ഡിജിറ്റൽ ക്യാമറ & വീഡിയോഗ്രഫി ശില്പശാല, ഷാജി. എൻ. കരുൺ അനുസ്മരണം എന്നിവയോടൊപ്പമാണ് ഫിലിം ഫെസ്റ്റിവൽ നടന്നത്.

ജേർണലിസം വിദ്യാർത്ഥികൾ, ക്യാമറപ്രേമികൾ, നോവലിസ്റ്റ് ജോർജ്ജ് ഓണക്കൂർ, പന്ന്യൻ രവീന്ദ്രൻ എന്നിവരുൾപ്പെട്ട പ്രോഗ്രാമായിരുന്നു ഇത്തവണ ഫിൽക്കയുടേത്.

### ക്യാമറ & വീഡിയോഗ്രഫി ശില്പശാല

രാവിലെ 10 മണി മുതൽ 1 മണി വരെ കാനൻ ബ്രാൻഡ് ക്യാമറ കമ്പനിയുമായി ചേർന്നുള്ള ശില്പശാല, കാനൻ ദക്ഷിണ കേരള റീജിയൻ എക്സിക്യൂട്ടീവ് എബിൻ നയിച്ചു. ഫോട്ടോഗ്രഫിയുടെ അടിസ്ഥാന പാഠങ്ങളായ Exposure Triangle, White Balance, Composition Rules എന്നിവയുടെ ലളിത വിവരണങ്ങളിലൂടെ അദ്ദേഹം ക്ലാസ് എടുത്തു. പലതരം കാനൻ ക്യാമറകളുടെ പ്രത്യേകതകൾ, ഉപയോഗ രീതികൾ, വില വിവരങ്ങൾ, ഗുണമേന്മ, വാറന്റി എന്നിവ PPT പ്രസന്റേഷൻ വഴിയും നേരിട്ട് ക്യാമറകൾ കാണിച്ചും പരിചയപ്പെടുത്തി. ട്രെൻഡായ മിററലെസ് ക്യാമറകളിൽ നിന്നും AIയുടെ വരവോടെ ഉയർന്ന Resolution Quality യിൽ സിനിമാറ്റിക് ദൃശ്യങ്ങൾ എടുക്കാൻ



May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL




പോന്ന Lightweight ക്യാമറകളാണ് ഇപ്പോൾ പുറത്തിറങ്ങുന്നത്. ക്യാമറമാൻ അല്ലാത്ത, Manual Mode ഫോട്ടോ എടുക്കാൻ അറിയാത്ത ആൾക്കു പോലും അനായാസം നിലവിലുള്ള കാനൻ ക്യാമറ ഉപയോഗിക്കാനാകും. ചിപ്പ്, ലെൻസ് മുതൽ ക്യാമറ ഭാഗങ്ങൾ എല്ലാം സ്വയം നിർമിക്കുന്ന കാനൻ ക്യാമറകൾ അര ലക്ഷം മുതൽ വിപണിയിലുണ്ട്. പുതിയ സാങ്കേതിക വിദ്യ അനുസരിച്ച് Automatic Noise Removing, Colour Grading + Enhancing, Group Photo AI Selection, Cinematic Slow Motion, Automatic Depth of Field എന്നിവയൊക്കെയാണ് പുതിയ ക്യാമറകളുടെ പ്രത്യേകത. അതുകൊണ്ട് തന്നെ Event Photography, Wedding Photography എന്നിവയ്ക്ക് കാനൻ ക്യാമറയുടെ ആവശ്യക്കാർ കൂടി വരുന്നതായും അദ്ദേഹം പറഞ്ഞു.

ശില്പശാലക്ക് ഒടുവിൽ പഠിതാക്കൾക്ക് ക്യാമറ ഉപയോഗിച്ച് നോക്കുവാനും സംശയ നിവാരണത്തിനുമുള്ള അവസരം ഉണ്ടായിരുന്നു.

ഉച്ചയ്ക്ക് ശേഷം നടന്ന ഷാജി എൻ.കരുൺ അനുസ്മരണം അദ്ദേഹം സംവിധാനം ചെയ്ത പിറവി സിനിമ പ്രദർശിപ്പിച്ചതിന് ശേഷം ആരംഭിച്ചു. ഫിൽക്ക ഫിലിം സൊസൈറ്റി പ്രസിഡന്റ് ബി. രാധാകൃഷ്ണൻ അധ്യക്ഷനായി. പന്ന്യൻ രവീന്ദ്രൻ, നോവലിസ്റ്റ് ജോർജ് ഓണക്കൂർ മുഖ്യാതിഥികളായിരുന്നു. അനസൂയ ഷാജി.എൻ. കരുണിന്റെ വിശിഷ്ട സാന്നിധ്യം അനുസ്മരണ ചടങ്ങ് ധന്യമാക്കി.

ഫിൽക്കയുടെ ഓരോ മാസത്തെയും പ്രോഗ്രാമുകളെ കുറിച്ച് ചർച്ച ചെയ്യാനും ചില മേളകളിൽ പങ്കെടുക്കാനും IFFK സ്പെഷ്യൽ എഡിഷനിൽ സഹകരിക്കാനും ഒക്കെ ഷാജി.എൻ.കരുൺ കൂടെ ഉണ്ടായിരുന്നു എന്ന് ഫിൽക്ക പ്രസിഡന്റ് ഡോ. ബി. രാധാകൃഷ്ണൻ അനുസ്മരിച്ചു.

ഷാജി എൻ. കരുൺ ഛായാഗ്രഹണം നിർവഹിച്ച , ജി. അരവിന്ദൻ സംവിധാനം



May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WAVES OF MEMORIES FILM FESTIVAL
filca

ചെയ്ത, എസ്തപ്പാൻ എന്ന സിനിമയുടെ ചിത്രീകരണ വേളയിൽ കൊല്ലം തീരപ്രദേശങ്ങളിൽ പങ്കെടുത്തതും ജി. അരവിന്ദൻ, ഷാജി.എൻ. കരുൺ എന്നിവരെ എസ്തപ്പാനായി അഭിനയിച്ച രാജൻ കാക്കനാടൻ വഴി പരിചയപ്പെട്ടതും തുടർന്നുള്ള ബന്ധങ്ങളും പോക്കുവെയിലിന് ശേഷം ഹ്രസ്വ ചിത്രങ്ങളിൽ ജി. അരവിന്ദന്റെ കൂടെ പ്രവർത്തിച്ചതും ഫിൽക്ക ഫിലിം സൊസൈറ്റി പ്രവർത്തനങ്ങളും ഉൾപ്പെടുന്ന ഓർമ്മകൾ ഫിൽക്ക ജനറൽ സെക്രട്ടറി സാബു ശങ്കർ പങ്കുവെച്ചു.

മാർ ഇവാനിയോസ് കോളേജ് കാലം മുതലുള്ള അധ്യാപക - വിദ്യാർത്ഥി സൗഹൃദമായിരുന്നു ഡോ . ജോർജ് ഓണക്കൂറിന് അദ്ദേഹവുമായി ഉണ്ടായിരുന്നത്.

പിറവി സിനിമയ്ക്ക് ആധാരമായ രാജൻ കൊലക്കേസും അന്നത്തെ രാഷ്ട്രീയ സാഹചര്യങ്ങളുമായിരുന്നു പന്ന്യൻ രവീന്ദ്രൻ പങ്കുവെച്ചത്. സാമൂഹിക-രാഷ്ട്രീയ ചുറ്റുപാടുകളെയാണ് അദ്ദേഹം സിനിമകളിൽ



ആവിഷ്കരിച്ചത്.തുടർന്ന് വീഡിയോഗ്രഫി ശില്പശാലയിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

ഫിൽക്ക വൈസ് പ്രസിഡന്റ്, കവയിത്രി ശ്രീമതി രാജാംബിക സദസ്യർക്ക് നന്ദി പറഞ്ഞു.

വൈകുന്നേരം ഷാജി. എൻ. കരുൺ സംവിധാനം ചെയ്ത കുട്ടിസ്രാങ്ക് എന്ന സിനിമയുടെ പ്രദർശനത്തോടെ ഏപ്രിൽ മാസത്തെ ഫിൽക്ക ഫിലിം ഫെസ്റ്റിവൽ സമാപിച്ചു.



May Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

WAVES OF MEMORIES FILM FESTIVAL


**Film Vision Monthly May 2026.Rs 2/-RNI-KER/BIL/2002/8043**

**Membership**

| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090




വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹ 200~~ ₹150




13th EDITION
സത്യജിത് റായ് യുടെ
പഥേർ പാഞ്ചാലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com Shop Online

CHIEF EDITOR* : Dr. B. RADHAKRISHNAN . ASSOCIATE EDITORS* : RAJAMBIKA.S.S.
Dr. LALITHA GOURI , SUB EDITORS* : JYOTHISHKUMAR.P.S. ,
DESIGN*: SHAJI CAD ., CIRCULATION*: VINODKUMAR. P.
EDITOR AND PUBLISHER*: Dr. SABU SANKAR ,
GENERAL SECRETARY, FILCA FILM SOCIETY, PB 2224, TRIVANDRUM -695010.
Phone: 80890 36090. Email: filcakerala@gmail.com